2022 ജനുവരി  പുസ്തകം 13  ലക്കം 01  പേജ് 40  ISSN 0970 - 0579  വില: 4 രൂപ

# ഇന്ത്യൻ നാളികേര ജേണൽ



## ഡി.എസ്.പി ഫാം മാണ്ഡ്യ

**നാളികേരത്തിന്റെ രുചി; പ്രവാസിയുടെ പായ്ക്കിംങ്**

# ഇന്ത്യൻ നാളികേര ജേണൽ

**പുസ്തകം 13 ലക്കം 01**

**2022 ജനുവരി**

**കൊച്ചി - 11**



## ഉപദേശകസമിതി

**ചെയർമാൻ**

ശ്രീ. രാജ്ബീർ സിംഗ് ഐഎഫ്എസ്

**അംഗങ്ങൾ**

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്

ഡോ. ജിജു പി അലക്സ്

ശ്രീ. പി.ആർ. മുരളീധരൻ

**പത്രാധിപസമിതി**

ഡോ. സി. തമ്പാൻ

ശ്രീ. മുരളീധരൻ തഴക്കര

**ചീഫ് എഡിറ്റർ**

ശ്രീ. രാജീവ് ഭൂഷൺ പ്രസാദ്

*(ഇൻ ചാർജ്)*

**എഡിറ്റർ**

ശ്രീമതി. ദീപ്തി നായർ എസ്

**പബ്ലിസിറ്റി ഓഫീസർ**

ശ്രീമതി. മിനി മാത്യു

**ഡെപ്യൂട്ടി എഡിറ്റർ**

ആബെ ജേക്കബ്



## നാളികേര വികസന ബോർഡ്

(കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രാലയം,
ഭാരത സർക്കാർ)

കേര ഭവൻ, എറണാകുളം, കൊച്ചി - 682 011.

ഫോൺ : 0484 - 2377266, 2377267, 2376553, 2375266, 2376265 ഫാക്സ് : 91-0484-2377902

Grams : KERABOARD

E-mail : kochi.cdb@gov.in
cdbkochi@gmail.com

Website : www.coconutboard.gov.in



**വരിസംഖ്യ**

പ്രതിവർഷം 40 രൂപ, ഒറ്റപ്രതി 4 രൂപ



തെങ്ങുകൃഷിയുടെയും വ്യവസായത്തിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും സിപിഎസ്, ചങ്ങാതിക്കൂട്ടം അംഗങ്ങളുടെ അനുഭവങ്ങളും അഭിപ്രായങ്ങളും നൂതന നിരീക്ഷണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിലും പരസ്യങ്ങളിലും മറ്റും പ്രകടിപ്പിക്കപ്പെടുന്ന അഭിപ്രായങ്ങൾ ബോർഡിന്റേതായി പരിഗണിക്കപ്പെടാവുന്നതല്ല. മണി ഓർഡറും കത്തുകളും ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി-682 011 എന്ന വിലാസത്തിൽ അയക്കുക. അപേക്ഷകന്റെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതേണ്ടതാണ്.



*കവർ ഫോട്ടോ; കടപ്പാട്: സി.പി.സി.ആർ.ഐ*


# നാളികേര വികസന ബോർഡ്

**കേര**കൃഷിയുടേയും വ്യവസായത്തിന്റേയും സർവ്വതോമുഖമായ വികസനത്തിനുവേണ്ടി 1979 - ലെ പാർലമെന്റ് നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട ഒരു സ്വയംഭരണാധികാര സ്ഥാപനമായ നാളികേര വികസനബോർഡ് 1981 ജനുവരി 12ന് നിലവിൽ വന്നു. കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡിന്റെ ആസ്ഥാനം കൊച്ചിയിലാണ്. ബാംഗ്ലൂർ, ഗോഹട്ടി, ചെന്നൈ, പാറ്റ്ന എന്നിവിടങ്ങളിലായി പ്രാദേശിക കാര്യാലയങ്ങളും ഭുവനേശ്വർ, കൽക്കട്ട, പോർട്ട് ബ്ലെയർ, ഹൈദരാബാദ്, താനെ, ഡൽഹി എന്നിവിടങ്ങളിലായി സംസ്ഥാനതല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

### ചുമതലകൾ


• കേര വ്യവസായത്തിന്റെ വളർച്ചയ്ക്കും, വികസനത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക. • നാളികേരത്തിന്റെയും നാളികേരോത്പന്നങ്ങളുടേയും വിപണനം മെച്ചപ്പെടുത്തുന്നതിനു വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക • കേര കൃഷി, സംസ്ക്കരണം, വിപണനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ സാങ്കേതികോപദേശം നൽകുക. • ഉൽപാദന ശേഷി കൂടിയ സങ്കരയിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, ആധുനിക കൃഷിമുറകൾ പ്രചരിപ്പിക്കുന്നതിനും, നാളികേര സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ അവലംബിക്കുന്നതിനും പുനഃകൃഷിയടക്കമുള്ള മാർഗ്ഗങ്ങൾ വഴി കൂടുതൽ സ്ഥലത്തേക്ക് തെങ്ങു കൃഷി വ്യാപിപ്പിക്കുന്നതിനും സാമ്പത്തിക സഹായങ്ങളും മറ്റു സഹായങ്ങളും നൽകുക. • നാളികേരത്തിനും കേരോത്പന്നങ്ങൾക്കും ഏറ്റവും കുറഞ്ഞതും കൂടിയതുമായ വിലകൾ ശുപാർശ ചെയ്യുന്നതടക്കം കേര കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് പ്രായോഗിക നടപടികൾ ശുപാർശ ചെയ്യുക. • കേര കർഷകർ, വ്യാപാരികൾ, വ്യവസായികൾ മുതലായവരിൽ നിന്നും കേരവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. • നാളികേരത്തിനും, നാളികേരോൽപന്നങ്ങൾക്കും വിവിധ ഗ്രേഡുകൾ, വ്യവസ്ഥകൾ, പ്രമാണങ്ങൾ എന്നിവ നിശ്ചയിക്കുക. • കേന്ദ്ര ഗവൺമെന്റുമായും, വ്യാപകമായി തെങ്ങു കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായും കൂടിയാലോചിച്ച് നാളികേരോൽപാദനം വർദ്ധിപ്പിക്കുന്നതിനും തെങ്ങിന്റെ വർഗ്ഗ ഗുണവും, വിളവും വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ പദ്ധതികൾക്ക് ധനസഹായം നൽകുക. • ഇതിനായി കേര കർഷകർഷകർക്കും, നാളികേരോത്പന്നങ്ങൾക്കും വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. • നിലവിലുള്ള സ്ഥാപനങ്ങൾ മുഖേന നാളികേരത്തേയും, നാളികേരോത്പന്നങ്ങളെയും പറ്റിയുള്ള ഗവേഷണങ്ങളെ സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക. • നാളികേരത്തേയും, നാളികേരോത്പന്നങ്ങളേയും കുറിച്ചുള്ള ഗവേഷണം, വികസനം എന്നിവ സംബന്ധിച്ച പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുന്നതടക്കമുള്ള പ്രചാരണ പരിപാടികൾ നടത്തുക. • തെങ്ങ് വളരുന്ന സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലും നാളികേരത്തിന്റേയും നാളികേരോത്പന്നങ്ങളുടേയും ഉല്പാദനം, ഗ്രേഡിംഗ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി പ്രാദേശിക കാര്യാലങ്ങളും മറ്റ് ഏജൻസികളും സ്ഥാപിക്കുക. • വ്യാപകമായ തോതിൽ കേര കൃഷിയുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുമായി കൂടിയാലോചിച്ച് കേന്ദ്ര ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ള മറ്റു നടപടികൾ സ്വീകരിക്കുക.



*Printed and published by Mini Mathew, Publicity Officer on behalf of Coconut Development Board, Kochi-682 011 Printed at M/s KBPS, Kakkanad, Kochi-30*

# ഉള്ളടക്കം


04  **ചെയർമാന്റെ സന്ദേശം**


05  **ഡി.എസ്.പി ഫാം മാണ്ഡ്യ**
ജയനാഥ് ആർ, കുമാരവേൽ എസ്

10  **നാളികേര വിദഗ്ധർക്കും തുണയായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം**
ചിത്ര ജി, ഡോ.ബിനു ജോൺ സാം

12  **നാളികേരത്തിന്റെ രുചി പ്രവാസിയുടെ പായ്ക്കിംഗ്**
ആബെ ജേക്കബ്


15  **ഓണാട്ടുകര നാളികേര ഉൽപന്നങ്ങൾ വിദേശ വിപണിയിലേക്ക്**
രമണി ഗോപാലകൃഷ്ണൻ

17  **മോറിസ് സാറും സംശയങ്ങളും**
ഡോ. ശിവകുമാർ ടി

20  **കരിക്കിന്റെ കൂട്ടുകാരൻ**
അനിതാകുമാരി പി, ജിതിൻ ഷാജു, അഞ്ജു കൃഷ്ണൻ, കൽപന മോൾ

23  **കെട്ടു തെങ്ങിന്റെ കഥ**
എഴുമാവിൽ രവീന്ദ്രനാഥ്


25  **കാട്ടു ചേന**
ബേബി ജോസഫ്

34  **തെങ്ങിൻ തോപ്പിൽ ഫെബ്രുവരിയിലെ കൃഷിപ്പണികൾ**
സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, ജോസഫ് രാജ്കുമാർ

**കുരുത്തോലപ്പന്തൽ** 27


**വാർത്തകൾ** 32

**കമ്പോളം** 36


**കേരപാചകം** 38


# ചെയർമാന്റെ സന്ദേശം



പ്രിയ നാളികേര കർഷകരെ,

ഒരു പുതിയ വർഷവും പുതിയ തുടക്കവും, മഹാമാരി സൃഷ്ടിച്ച പുതിയ ജീവിത ക്രമത്തിലേയ്ക്ക് പുതിയൊരു അനുരൂപണവും; പുതിയ ആശയങ്ങൾക്കും മാറ്റങ്ങൾക്കുമായി വിപണിയും ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നു. കാരണം നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയ്ക്ക് 2021 നവംബറിൽ ആരംഭിച്ച വിലയിടിവ് പുതുവർഷാരംഭത്തിലും തുടരുകയാണ്. കൃത്യ സമയത്താണ് 2022 സീസണിലെ കേന്ദ്ര ഗവൺമെന്റിന്റെ താങ്ങുവില പ്രഖ്യാപനം വന്നത്, കൊപ്രയ്ക്ക് ക്വിന്റലിന് 10590 രൂപയും, ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 11000 രൂപയും. താങ്ങുവിലയ്ക്കുള്ള കൊപ്ര സംഭരണം ചെറുകിട കൃഷിക്കാർക്ക് പ്രത്യാശയുളവാക്കിയിട്ടുണ്ട്. പ്രധാന നാളികേര ഉൽപാദന മേഖലകളിലെ സംസ്ഥാന ഗവൺമെന്റുകൾ കുറഞ്ഞ താങ്ങുവിലയ്ക്ക് സംഭരണ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

വിലയിടിവിന്റെ കാലത്തെ കച്ചവട തളർച്ചയെ അതിജീവിക്കുന്നതിന് നാളികേര മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് വ്യക്തമായ കാഴ്ച്ചപ്പാടോടുകൂടിയ നീക്കം അനിവാര്യമാണ്. ഉപയോഗത്തിലെ വൈവിധ്യം നാളികേരത്തെ അത്ഭുത വിളയാക്കുന്നു. ഉന്മേഷദായകമായ ശീതളപാനീയം, സ്വാദിഷ്ഠമായ മിശ്രണം, ആരോഗ്യകരമായ പാനീയം, സസ്യാഹാര വിഭവം, ആരോഗ്യവും പ്രതിരോധശേഷിയും നൽകുന്നത്, ആരോഗ്യകരമായ മധുരപദാർത്ഥം, എണ്ണ, നാര്, ധാതുക്കൾ, ജീവകങ്ങൾ എന്നിവയുടെ കലവറ; ഉപോൽപ്പന്നങ്ങളിൽ നിന്ന് നാരുകൾ, വളർച്ചാ മാധ്യമം, ചിരട്ട, കരിയിൽ നിന്ന് ജലവും വായുവും ശുദ്ധീകരിക്കുന്ന പദാർത്ഥങ്ങൾ തുടങ്ങി ഉൽപ്പന്നങ്ങളുടെ നിര നീണ്ടതാണ്, അവസരങ്ങൾ അനന്തവും. നാളികേരത്തിന്റെ ഉൽപന്ന വൈവിധ്യവൽക്കരണത്തെയും സംസ്കരണത്തെയും പ്രോത്സാഹിപ്പിക്കാനാണ് ബോർഡ് പരിശ്രമിക്കുന്നത്. സംസ്കരണ വ്യവസായ മേഖലയിൽ 2002 മുതൽ ഇതുവരെ 535 ഉൽപാദക യൂണിറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഇവയുടെ മൊത്തം സംസ്കരണ ശേഷി പ്രതിവർഷം 3600 ദശലക്ഷം നാളികേരമാണ്.

ആഗോള തലത്തിലുള്ള ചിന്തയും പ്രാദേശിക തലത്തിലുള്ള പ്രവർത്തനവും മാത്രം പോരാ നാം പ്രാദേശികമായി കൂടി ചിന്തിക്കണം എന്ന് മഹാമാരി നമ്മെ പഠിപ്പിച്ചിരിക്കുന്നു. ചെറിയ, ഇടത്തരം, ബൃഹദ് സംരംഭങ്ങളുടെ പങ്കാളിത്തമുള്ള സംയോജിത നാളികേര സംസ്കരണത്തിലെ സാമൂഹികാധിഷ്ഠിത വ്യവസായ മാതൃകകൾ ഉണ്ടാവണം. ഉൽപന്ന നിരയുടെ വൈവിധ്യവൽക്കരണത്തിനും സുസ്ഥിരവും ദൃഢവുമായ സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടുന്നതിനും ഇത് സഹായകരമാവും. വിജയകരമായ ഈ സംരംഭങ്ങളുടെ നിർമ്മിതിക്കായുള്ള ചവിട്ടുപടിയാണ് ഒരു ജില്ല - ഒരു ഉൽപ്പന്നം, ജില്ലകൾ തോറും കയറ്റുമതി കേന്ദ്രം തുടങ്ങിയ സങ്കൽപ്പങ്ങൾ.

വിജയത്തിനായി, വൈവിധ്യം, സമത്വം, സുസ്ഥിരത, സമഗ്രത, ഗുണഭോക്തൃ പങ്കാളിത്തം എന്നിവ ഉൾക്കൊള്ളുന്നതും തെളിയിക്കപ്പെട്ടതുമായ മാതൃകകളെ ഉപയോഗപ്പെടുത്തി വെല്ലുവിളികളെ അഭിമുഖീകരിക്കാൻ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം, അങ്ങനെ നാളികേര മേഖലയെ ഉയരങ്ങളിൽ എത്തിക്കാം.

രാജ്ബീർ സിംഗ് ഐഎഫ്എസ്
ചെയർമാൻ

# ഡി.എസ്.പി ഫാം മാണ്ഡ്യ

**ജയനാഥ് ആർ,** അസ്സിസ്റ്റന്റ് ഡയറക്ടർ, ഡി.എസ്.പി.ഫാം, മാണ്ഡ്യ, കർണ്ണാടക
**കുമാരവേൽ** എസ്, ഡവലപ്മെന്റ് ഓഫീസർ, സി.ഡി.ബി. കൊച്ചി.

## 1. ആമുഖം

നാളികേരത്തിന്റെ ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ആഗോള തലത്തിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. നമ്മുടെ രാജ്യത്തെ 16 സംസ്ഥാനങ്ങളിലും 4 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 21.89 ലക്ഷം ഹെക്ടർ സ്ഥലത്തിൽ 2120.67 കോടി നാളികേരം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. (അഖിലേന്ത്യ എസ്റ്റിമേറ്റ് 2020 – 2021) നാളികേരത്തിന്റെ ഉൽപാദന ത്തിലും ഉൽപാദനക്ഷമതയിലും നടീൽ വസ്തുക്കളുടെ ഗുണമേന്മ ഒരു പ്രധാന പങ്കു വഹിക്കുന്നതിനോടൊപ്പം, പരിപാലന രീതിയും തെങ്ങു കൃഷിയുടെ വ്യാപനവും ഇതുമായി ബന്ധപ്പെട്ടു കിടക്കുന്നു. പാരമ്പര്യേതരവും, പരമ്പരാഗതവുമായി തെങ്ങ് കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ പുതു കൃഷിക്കും, പരമ്പരാഗതമായി തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ പുനർ നടീലിനും ഏകദേശം 10 ദശലക്ഷത്തോളം തൈകൾ ആവശ്യമുണ്ട്. സർക്കാർ സ്വകാര്യ മേഖലകളിൽ നിന്നും ആവശ്യമുള്ളതിന്റെ 35% ഉത്പാദിപ്പിക്കേണ്ടതായി കണക്കാക്കുന്നു. ശാസ്ത്രീയ തെങ്ങ് കൃഷി രീതി കർഷകർക്കായി പ്രദർശിപ്പിക്കുക, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുക തുടങ്ങിയ ലക്ഷ്യ ത്തോടെ, കൃഷി കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള നാളികേര വികസന ബോർഡ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 വിത്തുൽപാദന പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

കർണ്ണാടകയിൽ മാണ്ഡ്യ ജില്ലയിലെ ലോക്സരയ്ക്കടുത്തുള്ള പുര വില്ലേജിലാണ് 1982 ൽ സംസ്ഥാന സർക്കാരിൽ നിന്നും ഏറ്റെടുത്ത 20 ഹെക്ടർ ഭൂമിയിൽ നാളികേര വികസന ബോർഡ് ആദ്യത്തെ ഫാം സ്ഥാപിച്ചത്. മാണ്ഡ്യ ടൗണിൽ നിന്നും 10 കി. മീ തെക്കും മൈസൂരിൽ നിന്നും 45 കി.മീ വടക്കു കിഴക്കും സംസ്ഥാന തലസ്ഥാനമായ ബാംഗ്ലൂരിൽ നിന്നും 110 കി. മീ തെക്കു പടിഞ്ഞാറുമായാണ് ഫാം സ്ഥിതി ചെയ്യുന്നത്. ഫാമിന്റെ മൊത്ത വിസ്തീർണ്ണം കണക്കാക്കി (30 ഏക്കർ - 20 ഏക്കർ) ഫാമിനെ 2 ബ്ലോക്കുകളായി തിരിച്ചിരിയ്ക്കുന്നു. അംഗീകൃത വിത്തുൽപാദന കേന്ദ്രങ്ങളിൽ നിന്നും സംഭരിച്ച ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉപയോഗിച്ചാണ് തോട്ടം ഒരുക്കിയിരിക്കുന്നത്.

## 2. മണ്ണും കാലാവസ്ഥയും

തെങ്ങ് കൃഷിക്ക് ഏറ്റവും അനുയോജ്യമായ 6.5 മുതൽ 7.5 വരെ അമ്ലക്ഷാര അവസ്ഥ ഉള്ള ചെങ്കല്ല് കലർന്ന ചരൽ മണ്ണ് ആണ് മാണ്ഡ്യ ഫാമിലുള്ളത്. കഴിഞ്ഞ 10 വർഷത്തെ കാലാവസ്ഥ കണക്കനുസരിച്ച് ശരാശരി 1127 മില്ലി മീറ്റർ വരെ കാലവർഷം ലഭിക്കുന്നുണ്ടെങ്കിലും ലഭ്യമായ ജലം ഫാമിൽ ശരിയായ അനുപാതത്തിൽ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. കാലവർഷമഴയുടെ 62 % വും ലഭിക്കുന്നത് ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ ആണ് വർഷത്തിൽ ഏകദേശം 40 മുതൽ 50 ദിവസങ്ങൾ വരെ മഴ ലഭിക്കുന്നുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടയിൽ രേഖപ്പെടുത്തിയ പരമാവധി ഉയർന്ന താപനില 30ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 19 ഡിഗ്രി സെൽഷ്യസും ആണ്. ഇതിൽ 2016 ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഫാമിൽ ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയത് (40.3ഡിഗ്രി സെൽഷ്യസ്) ഏറ്റവും കുറഞ്ഞ താപനില രേഖപ്പെടുത്തിയത് 2017 ലും 2019 ലും ആണ് – 13 ഡിഗ്രി സെൽഷ്യസ്.



### 3. നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും

ഫാമിൽ നിലവിൽ 4095 തെങ്ങുകളാണ് പരിപാലിക്കപ്പെടുന്നത്. (ചാവക്കാട് കുറിയ ഓറഞ്ച് ഇനത്തിൽപ്പെട്ട 468 എണ്ണം അടിത്തൈ ഉൾപ്പെടെ) ഇതിൽ 3200 എണ്ണം കായ്ഫലമുള്ളവയാണ്. തിപ്റ്റൂർ നെടിയ ഇനം (899) പശ്ചിമ തീര നെടിയ ഇനം(199) തമിഴ്നാട് നെടിയ ഇനം ( 138) ലക്കാഡീവ് ഓർഡിനറി (66) ബെനൗലീം നെടിയ ഇനം (120) ചാവക്കാട് കുറിയ ഓറഞ്ച്(1170) മലയൻ കുറിയ മഞ്ഞ (161) സങ്കരയിനം (308), വിദേശയിനം (120) ചാവക്കാട് കുറിയ പച്ച(297), മലയൻ കുറിയ ഓറഞ്ച് (149) ഉൾപ്പെടെ വിവിധ ഇനത്തിലുള്ള തെങ്ങുകൾ ഫാമിൽ പരിപാലിക്കുന്നുണ്ട്.

തെങ്ങുകൾ ഭംഗിയായി പ്രദർശിപ്പിക്കുന്നതിനായി സമചതുര, ത്രികോണ സമ്പ്രദായവും ദീർഘ ചതുരാകൃതി സമ്പ്രദായവും ഒറ്റ വരി - ഇരട്ട വരി സമ്പ്രദായവും അടക്കമുള്ള നടീൽ സംവിധാനമാണ് ഫാമിൽ അവലംബിച്ചിരിക്കുന്നത്.

ഫാമിലെ പ്രതിവർഷ ഉൽപാദനം 3.20 ലക്ഷം നാളികേരമാണ്. ഉൽപാദനക്ഷമത തെങ്ങൊന്നിന് 88.40 നാളികേരവും. പട്ടിക 1 ൽ വർഷം തിരിച്ചുള്ള കണക്ക് കാണിച്ചിരിക്കുന്നു.

**പട്ടിക 1 : മാണ്ഡ്യ ഫാമിലെ 2011-12 മുതൽ 2020-21 വരെ ഇനം തിരിച്ചുള്ള വിളവെടുപ്പ് വിവരങ്ങൾ**

| വർഷം | നെടിയ | കുറിയ | സങ്കര യിനം | വർഗ്ഗ സങ്കരണം നടത്തിയ സങ്കര യിനം നാളികേരം (നെടിയ/ കുറിയ) | മൊത്തം നാളി കേരം |
|---|---|---|---|---|---|
| 2011-12 | 167836 | 131863 | 51390 | 80573 | 431662 |
| 2012-13 | 197872 | 128111 | 39252 | 58900 | 424135 |
| 2013-14 | 156187 | 109858 | 30081 | 43755 | 339881 |
| 2014-15 | 117346 | 51631 | 19982 | 31659 | 220618 |
| 2015-16 | 190284 | 185644 | 62038 | 85145 | 523111 |
| 2016-17 | 182121 | 58997 | 50270 | 34840 | 326228 |
| 2017-18 | 55140 | 79626 | 24409 | 24485 | 183660 |
| 2018-19 | 98701 | 42279 | 31114 | 9227 | 181321 |
| 2019-20 | 176896 | 153424 | 38879 | 42940 | 412139 |
| 2020-21 | 121121 | 26266 | 12340 | 3909 | 163636 |
| **ആകെ** | **1463504** | **967699** | **359755** | **415433** | **3206391** |

2015-16 കാലയളവിൽ ആണ് ഫാമിൽ ഏറ്റവും ഉയർന്ന ഉൽപാദനം 5.23 ലക്ഷം നാളികേരം എന്നകണക്കിൽ തെങ്ങൊന്നിന് ശരാശരി 163.47 വരെ കായ്ഫലം ലഭിച്ചു. 2011 - 12, 2012-13, 2019-20 കാലയളവുകളിലും സമാനമായ രീതിയിൽ ഉയർന്ന ഉൽപാദനക്ഷമത ലഭിച്ചിട്ടുണ്ട്. 2016 - 2017 കാലയളവിൽ ഉണ്ടായ കടുത്ത വരൾച്ചയും ജലക്ഷാമവും മൂലം തുടർന്നുള്ള രണ്ട് വർഷങ്ങളിൽ വിളവ് കുറയുന്നതിനും,2020-21 കാലയളവിൽ സമീപ വർഷങ്ങളിലെ മഴക്കുറവും, വെള്ളീച്ചയുടെ രൂക്ഷമായ ആക്രമണവും വിളവ് കുറയുന്നതിനും കാരണമായിട്ടുണ്ട്.

സംസ്ഥാനത്തെ നാളികേര ഉൽപാദനത്തിന്റെ ജില്ല തിരിച്ചുള്ള ലഭ്യമായ കണക്കനുസരിച്ച് ദക്ഷിണ കന്നട ജില്ലയ്ക്കും (ഹെക്ടറൊന്നിന് 13058 നാളികേരം) ഉഡുപ്പി ജില്ലക്കും (ഹെക്ടറൊന്നിന് 11196 നാളികേരം) ശേഷം മാണ്ഡ്യ ജില്ല ഉൽപാദന ക്ഷമതയിൽ (ഹെക്ടറൊന്നിന് 11184 നാളികേരം) മൂന്നാം സ്ഥാനത്ത് നിൽക്കുന്നു. പട്ടിക 1 ൽ സൂചിപ്പിച്ചിരിക്കുന്നതനുസരിച്ച് 2016-17 വർഷത്തിലെ ഫാമിലെ ഉൽപാദനക്ഷമത ഹെക്ടറിന് 16311 നാളികേരം ആയിരുന്നു (ഉൽപാദനം-326228 നാളികേരം). ഇത് ജില്ലയുടെ മൊത്തം ശരാശരിയേക്കാൾ 46% കൂടുതലാണ്.

മാണ്ഡ്യ വിത്തുൽപാദന പ്രദർശന തോട്ടത്തിൽ പ്രതിവർഷം സങ്കരയിനത്തിലുള്ള തെങ്ങുകളിൽ നിന്നും 127 നാളികേരവും നെടിയ ഇനത്തിൽ നിന്നും 95 നാളികേരവും കുറിയ ഇനത്തിൽ നിന്നും 76 നാളികേരവും ആണ് പത്ത് വർഷത്തെ ശരാശരി വാർഷിക ഉൽപാദനക്ഷമത. ഉയരമുള്ള ഇനങ്ങളിൽ ഉൽപാദനക്ഷമത ഏറ്റവും കൂടുതൽ തിപ്തൂർ നെടിയ ഇനത്തിനാണ്. തെങ്ങൊന്നിൽ നിന്നും 111.84 നാളികേരം വരെ ലഭിക്കുന്നു. പശ്ചിമ തീര നെടിയ ഇനം, ബെനൗലിം നെടിയ ഇനം, തമിഴ്നാട് നെടിയ ഇനം എന്നിവയും ഉൽപാദനക്ഷമതയിൽ മികച്ചു നിൽക്കുന്നു. ഉയരം കുറഞ്ഞ ഇനങ്ങളിൽ മലയൻ കുറിയ ഓറഞ്ച് ഇനം ആണ് ഉൽപാദനക്ഷമതയിൽ മുൻപിൽ. തെങ്ങൊന്നിന് 103.78 നാളികേരം വരെ ലഭിക്കുന്നുണ്ട്. മലയൻ കുറിയ മഞ്ഞയും, ചാവക്കാട് കുറിയ ഓറഞ്ച് ഇനവും മികച്ച കായ്ഫലം തരുന്ന മറ്റ് ഇനങ്ങളാണ്.

1984 - 86 കാലഘട്ടത്തിൽ നട്ട കുള്ളൻ ഇനങ്ങൾ 35 മുതൽ 37 വർഷം വരെ പൂർത്തിയാക്കിയവയാണ്. ഇവയുടെ ആയുസ്സ് ഏകദേശം 40 വർഷമാണ്. അതുകൊണ്ടു തന്നെ വിളവിൽ ഗണ്യമായ കുറവാണ് കാണിക്കുന്നത്. അതിനാൽ COD ബ്ലോക്കിൽ (I & II) നിൽക്കുന്ന കുള്ളൻ ഇനങ്ങൾക്കു പകരം ഇതേ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. പുതിയ തൈകൾ കൂടുതൽ കാര്യക്ഷമതയോടെ പരിപാലിക്കുന്നതിനായി ഈ ബ്ലോക്കിലെ പഴയ കുള്ളൻ തെങ്ങുകൾ ഘട്ടം ഘട്ടമായി നീക്കം ചെയ്യേണ്ടതുണ്ട്. നഴ്സറി പരിപാലന പരിപാടിയുടെ ഭാഗമായി വിളവ് നൽകുന്ന തെങ്ങുകളുടെ എണ്ണം നിലനിർ





ത്തുന്നതിനായി സാമ്പത്തികമായി ലാഭമില്ലാത്ത തെങ്ങുകൾ നീക്കം ചെയ്യലും പുതിയവ നടലും ഘട്ടം ഘട്ടമായി ചെയ്തു വരുന്നു. എല്ലാ ഇനങ്ങളുടേയും ശരാശി ഉൽപാദനക്ഷമത പട്ടിക 2 ൽ വിശദമായി നൽകിയിരിക്കുന്നു.

**പട്ടിക 2: ഇനം തിരിച്ചുള്ള ഉൽപാദനവും ഉത്പാദനക്ഷമതയും 2011-12 മുതൽ 2022-21 വരെ**

| ഇനം | ആകെ തൈകളുടെ എണ്ണം | കഴിഞ്ഞ പത്തുവർഷത്തെ നാളികേര ഉൽപാദനം | ശരാശരി ഉൽപാദന ക്ഷമത (നാളികേരം / ഹെക്ടർ) വർഷത്തിൽ |
|---|---|---|---|
| തിപ്തൂർ നെടിയ | 899 | 1005412 | 111.84 |
| പശ്ചിമ തീര നെടിയ | 199 | 151761 | 76.26 |
| ബെനൗലീം നെടിയ | 120 | 89361 | 74.47 |
| തമിഴ്നാട് നെടിയ | 138 | 99730 | 72.27 |
| ലക്കാഡീവ് ഓർഡിനറി | 66 | 40276 | 61.02 |
| വിദേശ ഇനം | 120 | 67316 | 56.10 |
| ആകെ | **1542** | **1463525** | **94.91** |
| സങ്കര ഇനം | 308 | 390317 | 126.73 |
| ആകെ | 308 | 390317 | 126.73 |
| ചാവക്കാട് കുറിയ ഓറഞ്ച് | 1170 | 896649 | 76.64 |
| ചാവക്കാട് കുറിയ പച്ച | 297 | 151161 | 50.90 |
| മലയൻ കുറിയ ഓറഞ്ച് | 149 | 154633 | 103.78 |
| മലയൻ കുറിയ മഞ്ഞ | 161 | 140879 | 87.50 |
| ആകെ | **1777** | **1352549** | **76.11** |
| മൊത്തം | **3627** | **3206391** | **88.40** |

## 4. ജലസേചനവും തോട്ടം പരിപാലനവും

മഴ ലഭ്യതയും വിതരണവും എല്ലാവർഷവും എല്ലായിടങ്ങളിലും ഒരേപോലെയല്ലാത്തതിനാൽ കൃഷിയിടത്തിലെ ആവശ്യങ്ങൾക്കായുള്ള ജലത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കൃഷ്ണരാജസാഗർ റിസർവോയർ പദ്ധതിയെ ആണ്. കൂടാതെ രണ്ടാഴ്ചയിലൊരിക്കൽ കെ. ആർ.എസ്. അണക്കെട്ടിൽ നിന്നും തുറന്നു വിടുന്ന കനാൽ വെള്ളത്തിൽ തോട്ടം നനയ്ക്കുന്നുണ്ട്.

സാധാരണയിലും കുറഞ്ഞ മൺസൂൺ, ജലക്ഷാമത്തിനൊപ്പം തെങ്ങുകളിലെ വിളവ് കുറയുന്നതിനും കാരണമാകുന്നു. അതുകൊണ്ടു തന്നെ തെങ്ങോലകൾ ഉപയോഗിച്ചുള്ള പുതയിടൽ, ജൈവ അവശിഷ്ടങ്ങൾ കൊണ്ടുള്ള ജല സംരക്ഷണ നടപടികൾ എന്നിവ ഫാമിൽ ഉപയോഗിച്ചുവരുന്നു. ഒപ്പം ജലസേചനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിനുള്ള നടപടികളും നടന്നു വരുന്നുണ്ട്.

തെങ്ങുകൾക്ക് ചുറ്റും തടമെടുത്ത് പ്രതിവർഷം ഏകദേശം 50 കി.ഗ്രാം കാലി വളപ്രയോഗത്തോടൊപ്പം തെങ്ങൊന്നിന് പ്രതിവർഷം രണ്ടു പ്രാവശ്യങ്ങളിലായി രാസവളപ്രയോഗവും നടത്തുന്നു, 1 കി.ഗ്രാം യൂറിയയും 2 കി.ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർന്നുള്ള രാസവള പ്രയോഗം ജൂൺ – ജൂലൈ, ഒക്ടോബർ – നവംബർ മാസങ്ങളിൽ നടത്തുന്നു. മണ്ണു പരിശോധന നടത്തിയ റിപ്പോർട്ടിന്റേയും, ICAR - CPCRI നൽകിയ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 2019 – 20 മുതൽ മൂന്ന് വർഷത്തേക്ക് ഫോസ്ഫർ വളങ്ങളുടെ പ്രയോഗം ഫാമിൽ ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ തെങ്ങുകൾക്ക് ആവശ്യമായുള്ള വളരെ ചെറിയ തോതിലുള്ള പോഷകങ്ങളുടെ കുറവ്, പരിഹരിക്കുന്നതിനായി 100 ഗ്രാം ബോറാക്സും 500ഗ്രാം മഗ്നീഷ്യം സൾഫേറ്റും രണ്ടാമത്തെ ഗഡു രാസവളങ്ങളോടൊപ്പം ആവശ്യകതയ്ക്കനുസരിച്ച് പ്രയോഗിക്കു ന്നുണ്ട്. ഇതുകൂടാതെ ജൈവവളങ്ങൾ,പച്ചില വളങ്ങൾ എന്നിവയുടെ പ്രയോഗവും കാർഷിക അവശിഷ്ട ങ്ങളുടെ ജൈവ പുനരുപയോഗവും സിപിസിആർ.ഐയുടെ നിർദ്ദേശ പ്രകാരം ഫാമിൽ പിന്തുടരുന്നു. കൃഷിയിട മാലിന്യങ്ങളുടെ പുനഃചംക്രമണത്തിനും ജൈവവള നിർമ്മാണത്തിനുമായി പ്രതിവർഷം 80 മുതൽ 100 ടൺ വരെ ഉൽപാദനശേഷിയുള്ള നാല് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ ഫാമിൽ പ്രവർത്തിക്കുന്നുണ്ട്. സമീപ കാലങ്ങളിൽ നടത്തിയ മണ്ണു പരിശോധനാഫലങ്ങളിൽ നിന്നും ഫോസ്ഫറസിന്റേയും ജൈവ വസ്തുക്കളുടേയും സാന്നിദ്ധ്യം കൂടിയതായാണ് കണ്ടെത്തിയിട്ടുള്ളത്.

സി.പി.സി.ആർ.ഐ യുടേയും NBAIR ന്റേയും ശുപാർശ പ്രകാരം വെള്ളീച്ച ഉൾപ്പെടെയുള്ള ആക്രമണകാരികളായ കീടങ്ങൾക്കെതിരെ രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങളും നടപടികളും ഫാമിൽ ആവശ്യാനുസരണം നടപ്പിലാക്കുന്നുണ്ട്.

കർണ്ണാടകയിലെ തെങ്ങ് കൃഷിയിടങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന കീടമാണ് തെങ്ങോലപ്പുഴു. ഇവയെ നശിപ്പിക്കുന്നതിനുള്ള മിത്ര കീടങ്ങളുടെ ഒരു ഉൽപാദനകേന്ദ്രം 1990 ൽ









മാണ്ഡ്യ ഫാമിൽ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും സംസ്ഥാനത്തെ കർഷകർക്കാവശ്യമുള്ള മിത്ര കീടങ്ങൾ ലഭ്യമാണ്.

### 5. ഇടവിളകൾ / മിശ്ര വിളകൾ

ബഹുവിള സമ്പ്രദായ പ്രദർശനത്തിന്റെ ഭാഗമായി ഈ ഫാമിൽ നാളികേരങ്ങൾക്കിടയിൽ കൊക്കോ, ജാതി തുടങ്ങിയ ഇടവിള കൃഷികളും പരിപാലിച്ചു വരുന്നു.

### 6. നടീൽ വസ്തുക്കളുടെ ഉൽപാദനം

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രതിവർഷം ഏകദേശം 1.50 ലക്ഷം തെങ്ങിൻ തൈകൾ ഉൽപാദിപ്പിക്കുന്നതിനായി 2695 മാതൃവൃക്ഷങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. കുറിയ ഇനത്തിൽപ്പെട്ട ചാവക്കാട് ഓറഞ്ച്, ചാവക്കാട് പച്ച, മലയൻ മഞ്ഞ, മലയൻ ഓറഞ്ച്, തുടങ്ങിയവയും നെടിയ ഇനത്തിൽപ്പെട്ട തിപ്തൂർ നെടിയ ഇനം, തമിഴ്നാട് നെടിയ, ബെനോലിം നെടിയ, പശ്ചിമ തീര നെടിയ, ലക്കാഡീവ് ഓർഡിനറി തുടങ്ങി ഒമ്പത് ഇനങ്ങളിൽപ്പെട്ട തെങ്ങുകൾ ഫാമിൽ പരിപാലി ക്കുന്നുണ്ട്. ഫാമിൽ ഉൽപാദിപ്പിക്കുന്ന തൈകളുടെ വിശദാംശങ്ങൾ പട്ടിക 3 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3: 2011–12 മുതൽ 2020–21 വരെയുള്ള തൈ ഉത്പാദന വിശദാംശങ്ങൾ**

| വർഷം | നെടിയ | കുറിയ | സങ്കര യിനം | ആകെ തൈകളുടെ എണ്ണം |
|---|---|---|---|---|
| 2011-12 | 60708 | 64613 | 10172 | 135493 |
| 2012-13 | 154171 | 92706 | 11215 | 258092 |
| 2013-14 | 150390 | 68508 | 9301 | 228199 |
| 2014-15 | 84882 | 51952 | 8755 | 145589 |
| 2015-16 | 111187 | 42018 | 7980 | 161185 |
| 2016-17 | 99325 | 55323 | 12565 | 167213 |
| 2017-18 | 83935 | 52583 | 10911 | 147429 |
| 2018-19 | 10790 | 38604 | 4343 | 53737 |
| 2019-20 | 35724 | 22001 | 2504 | 60229 |
| 2020-21 | 93067 | 53480 | 12680 | 159227 |
| **ആകെ** | **884179** | **541788** | **90426** | **1516393** |

സങ്കര പ്രജനന പദ്ധതിയുടെ ഭാഗമായി ഫാമിൽ ഉയർന്ന വിളവു തരുന്ന ഡിxടി സങ്കരയിനത്തിൽപ്പെട്ട തൈകൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഈ കാലയളവിൽ മൊത്തം 90246 തൈകൾ ഉൽപാദിപ്പിച്ചു. 2020–21 ൽ മാത്രം 12680 സങ്കരഇനത്തിൽപ്പെട്ട തൈകൾ ഉൽപാദിപ്പിക്കാൻ സാധിച്ചു.വാർഷിക ഉൽപാദനത്തിൽ ഏറ്റവും ഉയർന്ന നിരക്ക് കണക്കാക്കിയത് ഈ കാലയളവിലാണ്. പട്ടിക 4 ൽ സങ്കരയിനം തൈകളുടെ ഉൽപാദനവിശദാംശങ്ങൾ വർഷം തിരിച്ചു നൽകിയിരിക്കുന്നു.





| പട്ടിക 4: 2011-12 മുതൽ 2020-21 വരെയുള്ള സങ്കരയിനം തൈകളുടെ ഉത്പാദന വിശദാംശങ്ങൾ | | | | |
|---|---|---|---|---|
| വർഷം | എമാസ്കുലേറ്റ് ചെയ്ത പൂങ്കുലകളുടെ എണ്ണം | വിളവെടുത്ത സങ്കരയിനം തേങ്ങകളുടെ എണ്ണം | പാകിയ സങ്കരയിനം തേങ്ങകളുടെ എണ്ണം | ഉൽപാദിപ്പിച്ച സങ്കരയിനം തൈകളുടെ എണ്ണം |
| 2011-12 | 7141 | 80573 | 79871 | 10172 |
| 2012-13 | 6724 | 58900 | 54460 | 11215 |
| 2013-14 | 5489 | 43755 | 36045 | 9301 |
| 2014-15 | 7970 | 31659 | 31609 | 8755 |
| 2015-16 | 5222 | 85145 | 85145 | 7980 |
| 2016-17 | 4284 | 34840 | 34840 | 12565 |
| 2017-18 | 2220 | 24485 | 21857 | 10911 |
| 2018-19 | 5295 | 9227 | 6190 | 4343 |
| 2019-20 | 1099 | 42940 | 40720 | 2504 |
| 2020-21 | 1283 | 3909 | 3386 | 12680 |
| **ആകെ** | **46727** | **415433** | **394123** | **90426** |

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് കുള്ളൻ തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന പ്രമുഖ സ്ഥാപനമാണ് മാണ്ഡ്യയിലെ ഡി.എസ്.പി ഫാം. ഫാമിൽ ഉൽപാദിപ്പിക്കുന്ന D x T സങ്കരയിനം തെങ്ങുകൾക്ക് ആവശ്യക്കാരേറെയാണ്. നെടിയ ഇനം തെങ്ങുകൾക്ക് 80രൂപ വീതവും, കുള്ളൻ ഇനങ്ങൾക്ക് 100 രൂപയും സങ്കരയിനം/NCD ഇനങ്ങൾക്ക് 300 രൂപയും വച്ച് കർഷകർക്ക് തെങ്ങിൻ തൈകൾ ഡി.എസ്.പി ഫാമിൽ നിന്നും വാങ്ങാവുന്നതാണ്. കർഷകർക്ക് തൈകൾ ലഭ്യമാക്കുന്നതിനുള്ള രജിസ്ട്രേഷൻ സൗകര്യം ഫാമിലുണ്ട്. ഫാമിലെ തൈകളുടെ ലഭ്യതയും ബുക്കിംഗിന്റെ സീനിയോറിറ്റിയും അടിസ്ഥാനമാക്കി കർഷകരെ വിവരം അറിയിക്കുന്നതാണ്.

## 7. മറ്റു പ്രവർത്തനങ്ങൾ

ഫാം നേരിട്ട് സന്ദർശിക്കുന്ന കർഷകർ, കൃഷി വിജ്ഞാൻ കേന്ദ്രയുടെ കീഴിലുള്ള വിപുലീകരണ നൈപുണ്യ വികസന പരിപാടികളിൽ പങ്കെടുക്കുന്നവർ / പരിശീലകർ, വിദ്യാർത്ഥികൾ തുടങ്ങി എല്ലാവർക്കും ബോർഡിന്റെ കീഴിൽ ഫാമിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറുന്നതിനോടൊപ്പം അവർക്കു വേണ്ട, സാങ്കേതിക പിന്തുണയും നൽകുന്നു. സംസ്ഥാന അഗ്രി / ഹോർട്ടികൾച്ചർ വകുപ്പുകളുമായും സംസ്ഥാന അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റികൾ, ഐ. സി. എ. ആർ (ICAR) തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് കർഷകരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള ബോധവൽക്കരണ വിപുലീകരണ പരിപാടികളും ഫാമിൽ സംഘടിപ്പിച്ചു വരുന്നു.





## 8. ഫാമിന്റെ വരവു ചെലവുകൾ

നാളികേര വികസന ബോർഡിന്റെ 11 ഡിഎസ്.പി. ഫാമുകളിൽ ഏറ്റവും മികച്ച വരുമാനമുള്ള ഫാമുകളിൽ ഒന്നാണ് മാണ്ഡ്യ. 2011 – 12 വർഷം മുതൽ 2020-21 വരെയുള്ള കാലയളവിൽ തെങ്ങിൻ തൈകൾ, നാളികേരം, ഇടവിള ഉൽപന്നങ്ങൾ എന്നിവയുടെ വിൽപ്പനയിലൂടെ, 1398.52 ലക്ഷം രൂപ ഫാമിന് ലഭിച്ചിട്ടുണ്ട്. ഫാമിൽ നിന്ന് ഏറ്റവും ഉയർന്ന വരുമാനം ലഭിച്ചത് 2015-16 കാലയളവിലാണ്. 209.65 ലക്ഷം രൂപ. 2020 – 21 ലും മികച്ച വരുമാനം ലഭിച്ചു. 167.24 ലക്ഷം രൂപ. കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിൽ സ്ഥിതി ചെയ്യുന്ന ബോർഡിന്റെ കീഴിലുള്ള വിത്തുൽപാദന പ്രദർശനത്തോട്ടം, മേൽപ്പറഞ്ഞ കാലയളവിൽ 908.86 ലക്ഷം രൂപയാണ് ഫാമിന്റെ പ്രവർത്തന ചെലവിനായും തെങ്ങ് നഴ്സറി പരിപാലനത്തിനുമായി ചെലവഴിച്ചത്.

വാർഷിക ചെലവുകളും, രസീതുകളും പട്ടിക 5 ൽ നൽകിയിട്ടുണ്ട്.

| പട്ടിക 5: 2011-12 മുതൽ 2020-21 വരെയുള്ള വരവ് ചിലവ് കണക്കുകൾ | | |
|---|---|---|
| വർഷം | ചിലവ് (ലക്ഷത്തിൽ) | വരവ് (ലക്ഷത്തിൽ) |
| 2011-12 | 90.09 | 129.16 |
| 2012-13 | 104.22 | 144.56 |
| 2013-14 | 43.60 | 98.61 |
| 2014-15 | 132.37 | 164.26 |
| 2015-16 | 131.04 | 209.65 |
| 2016-17 | 93.96 | 138.24 |
| 2017-18 | 84.79 | 163.61 |
| 2018-19 | 81.31 | 53.11 |
| 2019-20 | 100.09 | 130.08 |
| 2020-21 | 47.39 | 167.24 |
| **ആകെ** | **908.86** | **1398.52** |

## ഉപസംഹാരം

നാളികേര മേഖലയുടെ പുരോഗതിക്കൊപ്പം കർഷകർക്ക് ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിലും ഉൽപാദിപ്പിക്കുന്നതിലും മാണ്ഡ്യയിലെ ഫാം പരമപ്രധാനമായ പങ്ക് വഹിക്കുന്നു. ഫാമുമായി ബന്ധപ്പെടാൻ വിളിക്കേണ്ട ഫോൺ നമ്പർ 08232 – 298015, email : f-mandya@coconutboard.gov.in ■

*വിവർത്തനം : രമ്യ എ.ടി., ജേർണലിസ്റ്റ്*

# നാളികേര വിദഗ്ധർക്കും തുണയായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം

**ചിത്ര ജി, ഡോ.ബിനു ജോൺ സാം**
കെ.വി.കെ, മിത്രനികേതൻ, വെള്ളനാട്, തിരുവനന്തപുരം

കേരളത്തിന്റെ മുഖ്യ കാർഷിക വിളയാണ് നാളികേരം. നാളികേരത്തിന്റെ നാട് എന്നാണ് കേരളം അറിയപ്പെടുന്നതെങ്കിലും നാളികേരത്തിന്റെ ഉൽപാദനക്ഷമതക്കുറവാണ് ഇന്ന് കൃഷിക്കാർ നേരിടുന്ന പ്രശ്നം. ശാസ്ത്രീയ വിളപരിപാലനയുടെ അപര്യാപ്തത തന്നെയാണ്, വലിയ അളവു വരെ ഇതിനു കാരണം. വിദഗ്ധരായ തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവം മൂലം കൃത്യ സമയത്ത് വിളവെടുക്കുന്നതിന് സാധിക്കുന്നില്ല എന്നതാണ് കൃഷിക്കാർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. ഈ തൊഴിലാളികളുടെ കൂലിയാകട്ടെ സാധാരണ കൃഷിക്കാർക്കു താങ്ങാവുന്നതിനലും വളരെ കൂടുതലും.

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാളികേര വികസന ബോർഡ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആറു ദിവസത്തെ തെങ്ങു കയറ്റ പരിശീലന പരിപാടി. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിൽ അറിയപ്പെടുന്ന ഈ തൊഴിൽ പരിശീലനം കേരളത്തിൽ ഇപ്പോൾ നടപ്പാക്കി വരുന്നത് മുഖ്യമായും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴിയാണ്. കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന തെങ്ങു കയറ്റ യന്ത്രം ഉപയോഗിക്കുന്നതിൽ നാട്ടിൻപുറത്തെ ചെറുപ്പക്കാർക്ക് പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതോടൊപ്പം കായ്ഫലം നൽകുന്ന തെങ്ങുകളുടെ വിളപരിപാലനത്തിലും ഇവർക്ക് വേണ്ട പരിജ്ഞാനം നൽകുന്നു.

### തെങ്ങു കയറ്റ തൊഴിലാളികൾ

കണ്ണൂർ ജില്ലയിലെ ചെമ്പേരി എന്ന കുടിയേറ്റ ഗ്രാമത്തിലെ മികച്ച നാളികേര കർഷകനായ ശ്രീ.എം ജെ ജോസഫ് (അപ്പച്ചൻ) പതിനഞ്ചു വർഷക്കാലം നേരിട്ട പ്രശ്നമായിരുന്നു തെങ്ങു കയറ്റ തൊഴിലാളി ക്ഷാമം. പ്രശ്ന പരിഹാരത്തിന് പല മാർഗ്ഗങ്ങളും അദ്ദേഹം പരീക്ഷിച്ചു നോക്കി. ഒടുവിൽ തെങ്ങു കയറുന്നതിന് ഉപകരിക്കുന്ന ഒരു ലഘു യന്ത്രം വികസിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. കാലുകൾ ഉറപ്പിക്കുന്നതിനുള്ള രണ്ട് ചവിട്ടുപടികളും അവയുമായി മുകളിൽ അഗ്രഭാഗത്തുള്ള രണ്ടു കൈപിടികളുമാണ് ഇതിന്റെ മുഖ്യഭാഗങ്ങൾ. രണ്ട് ഉരുക്കു കയറുകൾ ഈ ചവിട്ടുപടികളെ തെങ്ങിന്റെ തടിയുമായി വട്ടത്തിൽ ബന്ധിപ്പിക്കുന്നു. കൈപിടികൾ ഒന്നിടവിട്ട് ഉയർത്തുമ്പോൾ ആ ചലനത്തിലൂടെ ഒരാൾക്ക് തെങ്ങിന്റെ മുകളിലേയ്ക്ക് എളുപ്പത്തിൽ എത്താൻ സാധിക്കുന്നതാണ്. അതായത് ഈ യന്ത്രം ഉപയോഗിച്ച് 40 മീറ്റർ ഉയരമുള്ള തെങ്ങിന്റെ മുകളിൽ വെറും രണ്ടു മിനിറ്റു കൊണ്ട് എത്താൻ സാധിക്കും. പരമ്പരാഗത രീതിയിൽ ഈ ജോലിക്ക് അഞ്ചു മിനിറ്റെങ്കിലും സമയം ആവശ്യമാണ്.

### തെങ്ങു കയറ്റ യന്ത്രം

- യന്ത്രത്തിന്റെ അളവുകൾ – 116 x 34 x 13 ( സെന്റീ മീറ്റർ)
- തെങ്ങിന്റെ വ്യാസം – 15 – 32 സെന്റിമീറ്റർ വരെ
- സാമഗ്രി – ഇരുമ്പ്, കടുപ്പം കുറഞ്ഞ ഉരുക്ക് എന്നിവ ഉപയോഗിച്ചു നിർമ്മിച്ചിട്ടുള്ള ചട്ടം. ഉരുക്ക് കയർ, റബർ പാഡ്
- തൂക്കം – 7.9 കിലോഗ്രാം

വെള്ളനാട് മിത്രനികേതനോടമുബന്ധിച്ചു പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഈ യന്ത്രം ഉപയോഗിക്കുന്നതിനു ശാസ്ത്രീയമായ പരിശീലനം നൽകി വരുന്നു. പരിചയസമ്പന്നരായ രണ്ടു മാസ്റ്റർ ട്രെയിനർമാർ തെങ്ങിൻ തോപ്പുകളിൽ യന്ത്രം ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം ഏകോപിപ്പിക്കുന്നു.



# കൊപ്രയുടെ താങ്ങുവില പുതുക്കി നിശ്ചയിച്ചു



എഫ് എ ക്യു നിലവാരത്തിലുള്ള ആട്ടുകൊപ്രയുടെയും ഉണ്ടകൊപ്രയുടെയും 2022 സീസണിലെ താങ്ങുവില പുതുക്കി നിശ്ചയിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഉത്തരവായി. ആട്ടു കൊപ്രയ്ക്ക് ക്വിന്റലിന് 10590 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 11000 രൂപയുമാണ് പുതുക്കിയ വില. കഴിഞ്ഞ സീസണിൽ ഇത് യഥാക്രമം 10335 –ഉം 10,600 ഉം ആയിരുന്നു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തികകാര്യ മന്ത്രിസഭാ സമിതിയാണ് പുതുക്കിയ താങ്ങുവിലയക്ക് അംഗീകാരം നൽകിയത്. ഇതു പ്രകാരം ഉൽപാദന ചെലവിനെക്കാൾ ആട്ടുകൊപ്രയ്ക്ക് 51.85 ശതമാനവും ഉണ്ടകൊപ്രയ്ക്ക് 57.73 ശതമാനവും കൃഷിക്കാർക്ക് അധിക വരുമാനം ലഭിക്കും.

കമ്മിഷൻ ഫോർ അഗ്രിക്കൾച്ചറൽ കോസ്റ്റ് ആൻഡ് പ്രൈസസ് നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിലാണ് മന്ത്രിസഭാ സമിതി താങ്ങുവില പുതുക്കിയത്. പുതുക്കിയ വില അടിസ്ഥാനമാക്കി കൃഷി കർഷക ക്ഷേമ വകുപ്പ് 2022 സീസണിലെ വിളഞ്ഞ, തൊണ്ടു നീക്കിയ നാളികേരത്തിന്റെ പുതിയ വില നിശ്ചയിക്കും.

നാഫെഡിനെയും നാഷണൽ കോ ഓപ്പറേറ്റിവ് കൺസ്യൂമർ ഫെഡറേഷനെയുമാണ് താങ്ങു വില പ്രകാരം സംഭരണത്തിനുള്ള നാഷണൽ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത്. സംഭരണത്തിനായി ഇവർ സംസ്ഥാനങ്ങളിൽ ഏജൻസികളെ നിയോഗിക്കും.

കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയം, മറ്റ് വകപ്പുകൾ, സംസ്ഥാന ഗവൺമെന്റുകൾ, ഇതര ഏജൻസികൾ എന്നിവരോട് താങ്ങുവില പ്രഖ്യാപനവുമായി ബന്ധപ്പെട്ട യുക്തമായ തുടർ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

### പരിശീലന ക്രമം

ദിവസവും രാവിലെ ഏഴു മണിക്കാണ് പരിശീലനം ആരംഭിക്കുക. ആദ്യം യോഗ ക്ലാസുകൾ. ഇതിൽ പ്രധാനമായും വ്യായാമങ്ങളാണ്. സുഗമമായ തെങ്ങു കയറ്റത്തിന് അനുയോജ്യമായ വിധം പരിശീലകരുടെ ശരീരത്തെ ഒരുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുക. തുടർന്ന് പ്രാതലാണ്. പ്രത്യേക പോഷകങ്ങൾ അടങ്ങിയിട്ടുള്ള വിഭവങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രാവിലെയും വൈകിട്ടും തെങ്ങുകയറ്റ പരിശീലനം ഉണ്ട്. അതിനു ശേഷം രാവിലെ 11.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ വിദഗ്ധർ നയിക്കുന്ന വിവിധ ക്ലാസുകൾ. വിവിധ ഇനം തെങ്ങുകൾ, തെങ്ങു കൃഷി രീതികൾ, കേരനഴ്സറി പരിപാലനം, വളപ്രയോഗവും വിളപരിചരണവും, തെങ്ങിൻ തോപ്പിലെ ഇടവിളകൾ, ഇളനീരിന്റെയും നാളികേരത്തിന്റെയും പാകം തിരിച്ചറിയൽ, തെങ്ങിൻ തോപ്പിലെ അവശിഷ്ടങ്ങളുടെ പുനചംക്രമണം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചതാണ് ഈ ക്ലാസുകൾ. കൂടാതെ വിവിധ തരത്തിലുള്ള ജലസേചന രീതികൾ, രോഗ കീട നിയന്ത്രണം, മണ്ട വൃത്തിയാക്കൽ, നാളികേര ഉൽപ്പന്നങ്ങളുടെ മൂല്യവർധന, തുടങ്ങിയ കാര്യങ്ങളും ഇവരെ പരിചയപ്പെടുത്തും. ഫസ്റ്റ് എയ്ഡ്, സാമൂഹിക സുരക്ഷ, ഇൻഷുറൻസ്, പെൻഷൻ, പ്രൊവിഡന്റ് ഫണ്ട്, സമ്പാദ്യശീലം, നേതൃത്വ വികസനം എന്നീ വിഷയങ്ങൾക്കും പരിശീനത്തിൽ ഊന്നൽ നൽകുന്നു.

പരിശീലനത്തിന്റെ സമാപന ദിവസത്തെ പരിപാടി ബാലരാമപുരത്തുള്ള നാളികേര ഗവേഷണ കേന്ദ്രം സന്ദർശനമാണ്. നാളികേര ഉൽപാദനം വർധിപ്പിക്കുന്നതിന് തെങ്ങു കൃഷിയിൽ ഇപ്പോൾ അനുവർത്തിക്കുന്ന ശാസ്ത്രീയ പരിചരണ മുറകൾ എന്തൊക്കെയാണ് എന്ന് പഠിതാക്കളും ശാസ്ത്രജ്ഞരും തമ്മിൽ ഈ അവസരത്തിൽ ചർച്ച നടത്തും.

കഴിഞ്ഞ പരിശീലന പരിപാടിയുടെ അവസാന ദിവസം കോക്കനട് ഒളിമ്പിക്സ് എന്ന പ്രത്യേക കായിക മത്സരം നടത്തിയത് പഠിതാക്കൾക്ക് വലിയ ആവേശമായി. പരിശീലനവുമായി ബന്ധപ്പെട്ട വിവിധ കായിക മത്സരങ്ങളാണ് അരങ്ങേറിയത്. തെങ്ങു കയറ്റ മത്സരവും ഇക്കൂട്ടത്തിലുണ്ടായിരുന്നു. ഇതോടൊപ്പം പഠിതാക്കളുടെ വിജ്ഞാന നിലവാരം പരിശോധിക്കുന്ന സാങ്കേതിക പരീക്ഷയും നടന്നു.

പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റും ഒരോ തെങ്ങു കയറ്റ യന്ത്രവും സമ്മാനിച്ചു. അവരെ സംബന്ധിച്ചിടത്തോളം ഈ യന്ത്രം അവരുടെ ഉപജീവനത്തിനുള്ള പ്രഥമ ഉപാധിയായിരിക്കും. പരിശീലനത്തിൽ പങ്കെടുത്തവരിൽ നിന്നുള്ള പ്രതികരണം അനുസരിച്ച് കോവിഡ് 19 ന്റ കാലത്ത് അനുഭവപ്പെട്ട തൊഴിലില്ലായ്മ ലഘൂകരിക്കുന്നതിന് തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തിന്റെ കുടുംബത്തിന്, ഈ മാന്യമായ തൊഴിൽ പരിശീലനം വലിയ അളവോളം ഉപകരിച്ചു.

മിത്രനികേതനിലെ കൃഷിവിജ്ഞാന കേന്ദ്രം 2010 മുതൽ തെങ്ങിന്റെ ചങ്ങാതികളെ പരിശീലിപ്പിച്ചു വരുന്നു. ഈ കൃഷിവിജ്ഞാന കേന്ദ്രം തിരുവനന്തപുരം ജില്ലയിൽ നാളികേര കൃഷി, പരിപാലനം, വിളവെടുപ്പ് തുടങ്ങിയ എല്ലാ മേഖലകളിലും പരിശീലനവും വിദഗ്ധ ഉപദോശവും നൽകി വരുന്നു. ഇക്കഴിഞ്ഞ 20 അംഗ സംഘം 2021 ഡിസംബർ 6 മുതൽ 11 വരെയാണ് പരിശീലനം നേടിയത്. ഇത് വിവിധ ദൃശ്യ അച്ചടി മാധ്യമങ്ങളിലൂടെ വൻ ജനശ്രദ്ധ നേടുകയുണ്ടായി. കാലഘട്ടത്തിന്റെ അനിവാര്യതയായ ഈ പരിശീലന പരിപാടിക്ക് എല്ലാ പിന്തുണയും നൽകുന്നത് നാളികേര വികസന ബോർഡ് ആണ്. ■ *ഫോൺ: 9061628822*

# നാളികേരത്തിന്റെ രുചി പ്രവാസിയുടെ പായ്ക്കിംങ്

**ആബെ ജേക്കബ്**
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി

ദീർഘമായ 20 വർഷത്തെ പ്രവാസി ജീവിതം അവസാനിപ്പിച്ച് 2013 ൽ സകുടുംബം സ്വദേശമായ പാലപ്പെട്ടി എന്ന ഏറനാടൻ ഗ്രാമത്തിലേയ്ക്കു മടങ്ങുമ്പോൾ ചാലിൽ വീട്ടിൽ അബ്ദുൾ ഗഫൂറിന്റെ മനസിൽ കുറെ സ്വപ്നങ്ങൾ കൂടുകൂട്ടിയിരുന്നു. ഗൾഫിൽ, ദമാമിൽ ജോലി ചെയ്തിരുന്ന ഫാർമസ്യൂട്ടിക്കൽ മേഖലയിൽ തന്നെ കേരളത്തിലും ഉപജീവനത്തിന്റെ രണ്ടാമൂഴമായിരുന്നു ഗഫൂറിന്റെ ഭാവി പദ്ധതി. അങ്ങിനെയാണ് ഈ ചെറുപ്പക്കാരൻ അന്താരാഷ്ട്ര വിപണിയിൽ വലിയ ഡിമാന്റ് ഉള്ള, രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്ന ഗം അറബിക്ക എന്ന ഉൽപ്പന്നത്തിന്റെ ഇറക്കുമതിയും വിതരണവും കേരളത്തിൽ ആരംഭിച്ചത്. വൈകാതെ കേരളത്തിലും വ്യത്യസ്തമായ ഈ ഉൽപ്പന്നത്തിന് നല്ല വിപണി കണ്ടെത്താൻ അദ്ദേഹത്തിനു സാധിച്ചു.

സഹാറ മരുമിയിലെ രണ്ടിനം അക്കേഷ്യ മരങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന ഔഷധ മൂല്യമുള്ള ഒരിനം പശയാണ് ഗം അറബിക്ക. ഇത് ഭക്ഷ്യ ഉൽപ്പന്ന വ്യവസായത്തിൽ ദൃഢീകരണ വസ്തുവായി ഉപയോഗിക്കുന്നു. കൂടാതെ മരുന്ന് നിർമ്മാണത്തിലും ഇതിന് ആവശ്യം ഏറെയാണ്.

മലയാളികൾക്ക് തികച്ചും അപരിചിതമായ ഈ ഉൽപ്പന്നത്തിന്റെ ബിസിനസ് കേരളത്തിൽ ഉഷാറായി വന്നപ്പോഴയ്ക്കും പക്ഷെ, ലോകം കൊറോണയുടെ ഒന്നാം തരംഗത്തിന്റെ പിടിയിൽ അമർന്നു കഴിഞ്ഞു. അതോടെ ഗഫൂറിന്റെ ബിസിനസ് സ്വപ്നങ്ങൾ മങ്ങി. തുടർന്ന് വേറെ ഏതെങ്കിലും മേഖലയിലേയ്ക്കു ചുവടു മാറാൻ അദ്ദേഹം നിർബന്ധിതനാവുകയായിരുന്നു. പിന്നെയാണ് ഗഫൂർ കേരളത്തിന്റേതു മാത്രമായ ഒരു ഉൽപ്പന്നത്തെ കൂട്ടുപിടിക്കുന്നത്. നാളികേര വികസന ബോർഡിലെ തന്നെ ഉയർന്ന ഉദ്യോഗസ്ഥർ ഇതിന് അദ്ദേഹത്തെ സഹായിച്ചു. കൊറോണയുടെ താണ്ഡവത്തിനിടയിൽ തന്നെ 2020 ഏപ്രിലിൽ ഹെയ്‌ലി എന്ന ബ്രാൻഡിൽ ടോസ്റ്റഡ് നാളികേര ചിപ്സ് വിപണിയിൽ ഇറക്കി കൊണ്ടായിരുന്നു ഗഫൂറിന്റെ അടുത്ത രംഗപ്രവേശം.

അതിശയകരമായ വേഗത്തിൽ ഉൽപ്പന്നം മാർക്കറ്റ് പിടിച്ചു. കാരണം, സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള ബിസിനസ്, ഇന്ത്യൻ പോസ്റ്റ് വഴിയുള്ള വിതരണം എന്നിവയായിരുന്നു. സാധാരണ നാളികേര ചിപ്സിനെ അപേക്ഷിച്ച് ടോസ്റ്റഡ് ചിപ്സിനാണ് ഡിമാന്റ് കൂടുതൽ എന്നു മനസിലാക്കിയ ഗഫൂറിന് തന്റെ ഉൽപ്പന്നം എന്തായിരിക്കണം എന്നും അതിന്റെ വിപണനം എപ്രകാരം ആകണം എന്നും കൃത്യമായ ദിശാബോധം ഉണ്ടായിരുന്നു.

ഇതിനിടെ മറ്റൊരു ദൗർഭാഗ്യം കൂടി നേരിട്ടു. ഹെയ്സൽ എന്ന വ്യാപാര നാമത്തിൽ വേറെ ഏതോ ഉൽപ്പന്നം വിപണിയിൽ ഉണ്ടായിരുന്നത് നാളികേര ചിപ്സിന്റെ വ്യാപാരത്തെ പ്രതികൂലമായി ബാധിച്ചു. അതോടെ ജിജെ എന്റർപ്രൈസസ് എന്ന പേരിൽ ഗഫൂറും സുഹൃത്ത് ഷെഫീറും ചേർന്ന കമ്പനി രജിസ്റ്റർ ചെയ്യുകയും ചാലക്കുടിയിൽ നിന്ന് ചിപ്സ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. നാളികേര ചിപ്സ് നിർമ്മാണത്തിൽ ഏറ്റവും നിർണായകം നാളികേരത്തിന്റെ



## നാളികേര വികസന ബോർഡിന്റെ 141–ാമത് ബോർഡ് മീറ്റിംങ് 2021 ഡിസംബർ 27 ന് കൊച്ചിയിൽ നടന്നു

നാളികേര വികസന ബോർഡിന്റെ 141–ാമത് ബോർഡ് മീറ്റിംങ് 2021 ഡിസംബർ 27 ന് മൂന്നു മണിക്ക് കൊച്ചിയിൽ ബോർഡ് ആസ്ഥാനത്ത് നടന്നു. ബോർഡ് ചെയർമാൻ ശ്രീ.രാജ്ബീർ സിംങ് ഐഎഫ്എസ് വിഡിയോ കോൺഫറൺസിങ്ങിലൂടെ യോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു പങ്കെടുത്തു.





സിപിസിആർഐ ഡയറക്ടർ ഡോ.അനിത കരുൺ, സെൻട്രൽ എക്സൈസ് കസ്റ്റംസ് ആൻഡ് സർവീസ് ടാക്സ് പ്രിൻസിപ്പൽ കമ്മിഷണർ ശ്രീ മനീഷ് കുമാർ ഐആർഎസ്, കൺസ്യൂമർ അഫയേഴ്സ് വകുപ്പ് ഡയറക്ടർ ശ്രീ സുഭാഷ് ചന്ദ്ര മീണ ഐഇഎസ്, തമിഴ്നാട് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മിഷണർ ശ്രീ സി സമയ മൂർത്തി ഐഎഎസ്, ഒഡിഷ ഹോർട്ടിക്കൾച്ചർ ഡെപ്യൂട്ടി കമ്മിഷണർ ശ്രീ നബ കിഷോർ ടഡ്, പുതുച്ചേരി അഗ്രിക്കൾച്ചർ ഡയറക്ടർ ശ്രീ ബി രാമകിചെനിൻ ബാലഗാന്ധി, ശ്രീ കെ രഘുനാഥ്, ശ്രീ നാരായണൻ മാസ്റ്റർ, (കേരളം) ശ്രീ എസ് വി മുത്തുരാമലിംഗം,ശ്രീ ഇളങ്കോ (തമിഴ്നാട്) ശ്രീ രേണുകുമാർ ബിഎച്ച്, ശ്രീ എച്ച് എൽ അശ്വത്നാരായണ, ശ്രീ ഡി ഗുരുസ്വാമി(കർണാടക) എന്നിവരെ കൂടാതെ കർണാടക ഹോർട്ടിക്കൾച്ചർ ഡയറക്ടരുടെ പ്രതിനിനിധിയായി ജോയിന്റ് ഡയറക്ടർ ശ്രീ പ്രസാദ് കെഎൻ, ആന്ധ്രപ്രദേശ് ഹോർട്ടിക്കൾച്ചർ കമ്മിഷണറെ പ്രതിനിധീകരിച്ച് അഡീഷണൽ ഡയറക്ടർ വെങ്കിടേശ്വരലു, നാളികേര വികസന ബോർഡ് ചീഫ് കോക്കനട്ട് ഡവലപ്മെന്റ് ഓഫീസർ ഇൻ ചാർജ് ശ്രീ രാജീവ് ഭൂഷൺ പ്രസാദ്, സെക്രട്ടറി ശ്രീ ആർ മധു എന്നിവരും മീറ്റിംങ്ങിൽ പങ്കെടുത്തു.

കഴിഞ്ഞ ബോർഡ് മീറ്റിങ്ങിനു ശേഷം ബോർഡ് സംഘടിപ്പിച്ചതും പങ്കെടുത്തതുമായ എക്സിബിഷനുകൾ, രൂപീകരിച്ച കർഷകരുടെ ഉൽപാദക സംഘങ്ങൾ, നിലവിലെ നാളികേര വിലനിലവാര സാഹചര്യം തുടങ്ങിയ വിഷയങ്ങൾ ചെയർമാൻ യോഗത്തിൽ അറിയിച്ചു. നാളികേര ഉൽപ്പന്നങ്ങളുടെ കയറ്റുമതി പുരോഗതി യോഗം വിലയിരുത്തി.

മൂപ്പ് ആണ്. കൃത്യം ഒൻപതു മാസം. അതിൽ കൂടാനും കുറയാനും പറ്റില്ല. മൂപ്പ് കൂടിയാൽ ചിപ്സ് കഴിക്കുമ്പോൾ തരികളായി മാറും. മൂപ്പ് തീരെ കുറഞ്ഞാൽ ചിപ്സിന്റെ സ്വാഭാവികമായ ദൃഢത കിട്ടുകയുമില്ല. അതിനാൽ ഇതിനു രണ്ടിനും മധ്യേ ഒൻപതു മാസം മൂപ്പായ നാളികേരമാണ് ചിപ്സ് നിർമ്മാണത്തിന് അനുയോജ്യം. സാധാരണ ചിപ്സ് 70 ഡിഗ്രിയിലാണ് നിർജലീകരണം നടത്തുക. എന്നാൽ റോസ്റ്റഡ് ചിപ്സ് 100 –110 ഡിഗ്രിയിലാണ് ചൂടാക്കുന്നത്. ചെയ്യുന്നത്. അപ്പോൾ അതിന് ആകർഷകമായ സ്വർണ്ണ നിറം ലഭിക്കുന്നു.

ചാലക്കുടിയിലെ യൂണിറ്റ് വാടകയ്ക്ക് പ്രവർത്തിക്കുന്നതാകയാൽ സ്ഥല പരിമിതി പ്രശ്നമായി. ആധുനിക സംവിധാനങ്ങളും, നൂതന സാങ്കേതിക വിദ്യയും, സ്ഥല സൗകര്യങ്ങളും ഒത്തു ചേർന്നാൽ മാത്രമെ ഉൽപ്പന്ന മികവു പുലർത്താനും ഉൽപ്പന്ന വൈവിധ്യകരണത്തിലൂടെ വിപണി പിടിക്കാനും സാധിക്കുകയുള്ളു എന്ന ബിസി



നസ് തത്വം അനുഭവ പരിചയത്തിന്റെ അടിസ്ഥാനത്തിൽ മനസിലാക്കിയ ഗഫൂർ വിവിധ രുചികളിൽ ചിപ്സ് നിർമ്മിക്കാനുള്ള നീക്കങ്ങൾ തുടങ്ങി. ഇതിന്റെ പ്രാരംഭം എന്ന നിലയിൽ ആദ്യം വിപണിയിലിറക്കിയത് പെപ്പർ ഫ്ളേവേർഡ് കോക്കനട്ട് ചിപിസ് ആയിരുന്നു. ഇതിന് ഉപഭോക്താക്കളിൽ നിന്ന് മികച്ച സ്വീകാര്യം ലഭിച്ചതോടെ കൂടുതൽ രുചികളിൽ ചിപ്സ് നിർമ്മിക്കാനും വ്യവസായം വൈവിധ്യവൽക്കരിക്കാനും വിപുലപ്പെടുത്താനും ജിജെ എന്റർപ്രൈസസ് തീരുമാനിച്ചു. നിലവിൽ ഉപ്പു- കുരുമുളക് രുചി കൂടാതെ, ഉപ്പും മധുരവുമുള്ളത്, സ്ട്രോബെറി എന്നീ രുചികളിലാണ് ജിജെയുടെ നാളികേര ചിപ്സ് വിപണിയിൽ എത്തുന്നത്. ഇന്ത്യയ്ക്കുള്ളിൽ എവിടെയും ഓർഡർ അനുസരിച്ച് ഇത് തപാലിൽ ലഭിക്കുന്നു. വില 40 ഗ്രാമിന് 60 രൂപ (എം ആർ പി). വിൽപനക്കാർക്ക് ഇത് ലാഭമാണ്. പത്തു പായ്ക്കറ്റ് വറുത്ത വിൽക്കുമ്പോൾ കിട്ടുന്ന കമ്മിഷൻ ഒരു പായ്ക്കറ്റ് ജിജെ ചിപിസ് വിൽക്കുമ്പോൾ വ്യാപാരിക്കു ലഭിക്കുന്നു എന്നതാണ് ഇതിന്റെ സാമ്പത്തിക വശം. പക്ഷെ ജിജെയ്ക്ക് കടമില്ല, റൊക്കം ഇടപാടു മാത്രം.

വ്യവസായ വിപുലീകരത്തിന്റെ ഭാഗമായി ചാലക്കുടിയിലെ പരിമിതമായ സൗകര്യങ്ങളിൽ നിന്ന് പാലക്കാട് ജില്ലാ അതിർത്തിയായ കൊഴിഞ്ഞാമ്പാറയിൽ 50 സെന്റ് സ്ഥലം വാങ്ങി 2500 അടി വിസ്തീർണമുള്ള പ്രൊഡ

ക്ഷൻ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

നിലവിൽ ബഹറിൻ, സൗദി, യു കെ, യുഎസ് തുടങ്ങിയ അന്താരാഷ്ട്ര വിപണികളിൽ നിന്ന് ജിജെ എന്റർപ്രൈസസിന്റെ ചിപ്സിന് മികച്ച ഓർഡറുകൾ ഉണ്ട്. 40 ഗ്രാമിന്റെ നൈട്രജൻ ഫിൽഡ് പൗച്ചുകളിലാണ് ജിജെ ബ്രാൻഡ് ചിപ്സ് വിപണിയിൽ എത്തുക. ദിവസം ഇത്തരം 1000 പൗച്ചുകളാണ് ഇപ്പോഴത്തെ ശേഷി. കൊഴിഞ്ഞാമ്പാറ യൂണിറ്റ് പ്രവർത്തന ക്ഷമമാകുന്നതോടെ ദിവസ ശേഷി 10000 ആയിരിക്കും. ഇവിടെ 10 തൊഴിലാളികൾക്കു പ്രത്യക്ഷമായി ജോലിയും ലഭ്യമാക്കും. ഇന്ത്യയിൽ മുംബൈ, ഡൽഹി, പഞ്ചാബ്, ബാംഗ ളൂർ കൊൽക്കത്ത നഗരങ്ങളും ടൂറിസം മേഖലയുമാണ് ലക്ഷ്യമിടുന്ന വിപണികൾ. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കശുവണ്ടി പോലുള്ള ഉൽപ്പന്നങ്ങൾക്കു ബദലായി അതിലും രുചിയോടെ നിർമ്മിക്കുന്ന നാളികേരത്തിന്റെ തനത് ഉൽപ്പന്നമായി ചിപ്സിനെ അവതരിപ്പിച്ച് വിപണി പിടിക്കാനാണ് ജിജെയുടെ നീക്കം.കൂടാതെ കേരളത്തിലെ കോളജ് കാമ്പസുകളിലും ഇതിന് വലിയ വിൽപന സാധ്യതയാണ് ഇവർ കാണുന്നത്. അതിനാണ് വ്യത്യസ്ത രുചികളിൽ നാളികേര ചിപ്സ് വിപണിയിലിറക്കുന്നത്. ഉപ്പ്, കുരുമുളക് തുടങ്ങിയ രുചികളിൽ കശുവണ്ടിയും നിലക്കടലയും ഇന്ന് വിപണിയിലുണ്ട്. ഇവയ്ക്കു ബദലായി, ഇവയെ വെല്ലുന്ന ഏഴു വ്യത്യസ്ത ഫ്ളേവറുകളിലായി ജിജെ കോക്കനട്ട് ചിപ്സ് 2022 ഡിസംബറിൽ വിപണിയിൽ എത്തും.

കൊഴിഞ്ഞാമ്പായിൽ പ്ലാന്റ് സ്ഥാപിക്കാനുള്ള കാരണം പൊള്ളാച്ചിയുടെ സാമീപ്യമാണ്. വേണ്ടത്ര നാളികേരം വലിയ ഗതാഗത ചെലവു കൂടാതെ നിർമ്മാണ യൂണിറ്റിൽ എത്തിക്കുവാൻ സാധിക്കും എന്നതാണ് പ്രധാന പ്രയോജനം. പൊള്ളാച്ചിയിലെ തെങ്ങിൻ തോട്ടം ഉടമയുമായി ഇതു സംബന്ധിച്ച് ധാരണയിൽ എത്തിക്കഴിഞ്ഞു. വിപണിയിലെ നാളികേര വില പ്രകാരമാണ് കൃഷിക്കാരിൽ നിന്ന് നാളികേരം സംഭരിക്കുക. ഈ മേഖലയിൽ നിന്നുള്ള നാളികേരം ഉപയോഗിച്ച് കോക്കനട്ട് ഫ്ളേയ്ക്സ് നിർമ്മിക്കാനും പദ്ധതിയുണ്ട്. ചിപ്സിന് കേരളത്തിലെ പ്രത്യേകിച്ച് കോഴിക്കോട്, കുറ്റ്യാടി മേഖലയിലെ നാളികേരം ആയിരിക്കും കമ്പനി ഉപയോഗിക്കുക. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കോക്കനട്ട് ഫേ്ളക്സ് നിർമ്മിച്ച് കയറ്റി അയക്കുന്നത്. ഇന്ത്യയിൽ ഇനിയും നിർമ്മിക്കാത്ത നാളികേര ഉൽപ്പന്നമാണ് കോക്കനട്ട് ഫ്ളേക്സ്. ഇംഗ്ലണ്ട് നിർമ്മിതമായ ബൗണ്ടി ചോക്കലേറ്റിനുള്ളിൽ ചേർത്തിട്ടുള്ള അതിരുചികരമായ പദാർത്ഥമാണ് കോക്കനട്ട് ഫ്ളേക്സ്. നിലവിൽ ഫിലിപ്പീൻസ് ആണ് ഇത് നിർമ്മിച്ച് അന്താരഷ്ട്ര വിപണിയിൽ എത്തിക്കുന്നത്. കഴിഞ്ഞ 100 വർഷമായി ഫിലിപ്പീൻസ് ഈ ഉൽപ്പന്നത്തിന്റെ കുത്തക നിർമ്മാതാക്കളാണ്. അടുത്ത കാലത്തായി ശ്രീലങ്കയിലും ഇത് നിർമ്മിച്ച് കയറ്റി അയക്കുന്നു. പക്ഷെ ഇതിന്റെ സൂക്ഷിപ്പുകാലമാണ് പ്രശ്നം. അതാണ് ബിസിനസ് രഹസ്യവും.

നാളികേര കാമ്പ് ചിപ്സിനായി ഉപയോഗിക്കുമ്പോൾ ബാക്കിയാകുന്ന തേങ്ങാവെള്ളം വെറുതെ പാഴാക്കാതെ ശീതള പാനീയമാക്കി കുറഞ്ഞ വിലയ്ക്ക് വിപണിയിൽ എത്തിക്കാനും ജിജെ എന്റർപ്രൈസിന് പദ്ധതിയുണ്ട്. ബാംഗളൂരിലുള്ള ഒരു സ്ഥാപനത്തിന് ചിരട്ടക്കരി നിർമ്മാണത്തിനും കരാർ ആയിട്ടുണ്ട്. ഇതിലും നൂതനമായ മറ്റൊരു പദ്ധതി കൂടി മനസിലുള്ളതായി ഗഫൂർ പറഞ്ഞു. ചിപ്സ് നിർമ്മാണത്തിനുപയോഗിക്കുന്ന നാളികേരത്തിന്റെ ചകിരിയിൽ നിന്ന് തെർമോക്കോളിനു ബദലായ ഉൽപ്പന്നം ആയിരിക്കും അത്. പ്രകൃതി സൗഹൃദം എന്നതാണ് ഇതിന്റെ മേന്മ. തെർമോകോൾ പ്രകൃതിക്ക് ഹാനികരമായതിനാൽ ഈ ചകിരി ഉൽപ്പന്നത്തിന് വലിയ ഡിമാന്റ് ഉണ്ട്. ഇന്ത്യയിൽ ഇതുവരെ നിർമ്മിക്കാത്തതും ഫിലപ്പീൻസ് പോലുള്ള രാജ്യങ്ങളിൽ പരീക്ഷിച്ച് വിജയിച്ചിട്ടുള്ളതും ഇപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിൽ വൻ ഡിമാന്റ് ഉള്ളതുമായ ഈ ഉൽപ്പന്നത്തിന്റെ സാങ്കേതിക വിദ്യയുടെ കൈമാറ്റം, ധാരണാ പത്രം എന്നിവ സംബന്ധിച്ച ചർച്ചകൾ നടക്കുന്നതേയുള്ളൂ. ഇത് ഇന്ത്യൻ വിപണിയിൽ വൻ മുന്നേറ്റമുണ്ടാക്കുന്ന ഉൽപ്പന്നമായിരിക്കും എന്ന് ജിജെ എന്റർപ്രൈസസ് വിശ്വസിക്കുന്നു.

ഒർഗാനിക് ചിപ്സിനുള്ള ആഗോള വിപണിയെ തൃപ്തിപ്പെടുത്തുന്നതിന്, അടുത്ത ഘട്ടത്തിൽ സമ്പൂർണ ജൈവ സർട്ടിഫിക്കേഷൻ മേഖലയായ ലക്ഷദ്വീപിൽ നിന്ന് നാളികേരം കോഴിക്കോട്ട് എത്തിച്ച് ചിപ്സ് നിർമ്മിക്കുന്നതിനെ കുറിച്ചും കമ്പനി ഇപ്പൊഴെ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്. സാധാരണക്കാരനായ ഒരു സംരംഭകൻ തന്റെ കഠിനാധ്വാനവും ഇഛാശക്തിയും അതിലുപരി നാളികേര മേഖലയോടുള്ള അഭിനിവേശവും കൊണ്ട് നേടിയ വിജയകുതിപ്പാണ് ജിജെ എന്റർപ്രൈസ് എന്ന സ്ഥാപനം. കേരളത്തിന്റെ തനതു രുചിയെ വരും വർഷങ്ങളിൽ അന്താരാഷ്ട്ര വിപണിയിലേയ്ക്ക് എത്തിക്കാൻ പോന്ന ഉൽപ്പന്നമാകാൻ ജിജെയുടെ ബേക്കഡ് കോക്കനട്ട് ചിപ്സിന് സാധിച്ചേക്കും.

*ഫോൺ 9061781558*

## കാസറഗോഡൻ നാളികേര വിഭവങ്ങൾ

# കോക്കനട്ട് റൈസ്

അരി - മൂന്നു കപ്പ്
തേങ്ങാ പാൽ - ഒരു കപ്പ്
തേങ്ങ ചിരകയിത് - ഒന്നേകാൽ കപ്പ്
ജീരകം - ഒരു ടേബിൾ സ്പൂൺ
കടുക് - ഒരു ടേബിൾ സ്പൂൺ
ഉഴുന്ന് പരിപ്പ് - രണ്ട് ടേബിൾ സ്പൂൺ
പച്ച മുളക് - രണ്ട് എണ്ണം
കറിവേപ്പില - ആവശ്യത്തിന്
ഉപ്പ് - ആവശ്യത്തിന്
നാരങ്ങാ നീര് - രണ്ട് ടേബിൾ സ്പൂൺ
വെളിച്ചെണ്ണ - രണ്ട് ടേബിൾ സ്പൂൺ

അരി വേവിച്ചെടുക്കുക. എണ്ണ ചൂടാക്കി കടുക് പൊട്ടിച്ച് ജീരകം, ഉഴുന്ന് പരിപ്പ് എന്നിവ ചേർക്കുക.

ഉഴുന്ന് പരിപ്പ് മൂത്ത് ചുവന്ന നിറം വരുമ്പോൾ പച്ചമുളക്, കറിവേപ്പില, തേങ്ങ, തേങ്ങാപ്പാൽ എന്നിവ ചേർത്ത് തിളച്ച് കുറുകുമ്പോൾ ചോറ് ചേർത്ത് ഇളക്കുക. നാരാങ്ങാ നീരു കൂടി ഒഴിച്ച് ഒന്നു കൂടി ഇളക്കി സ്റ്റൗ ഓഫ് ചെയ്യുക.



*കടപ്പാട്: ഷമീന ബീഗം പിപി, ശ്യാമ പ്രസാദ്.സിപിസിആർ ഐ, കാസറഗോഡ്.*

# ഓണാട്ടുകര നാളികേര ഉൽപന്നങ്ങൾ വിദേശ വിപണിയിലേക്ക്




**രമണി ഗോപാലകൃഷ്ണൻ,**
സി.ഇ.ഒ, ഓണാട്ടുകര നാളികേര ഉൽപാദക കമ്പനി

കേരളത്തിലെ കാർഷിക മേഖലയ്ക്ക് പേരും പെരുമയും നേടി കൊടുക്കുന്ന ഭൂപ്രദേശമാണ് ഓണാട്ടുകര. ഇവിടുത്തെ തെങ്ങു കൃഷിയും, തേങ്ങയുടെ സവിശേഷതയും ചരിത്ര താളുകളിൽ ഇടം പിടിച്ചിട്ടുള്ളതാണ്. ഓണാട്ടുകര മേഖലയിലെ കേര കർഷക കൂട്ടായ്മകളുടെ സംഘടിത സംരംഭമാണ് ഓണാട്ടുകര നാളികേര ഉൽപാദക കമ്പനി. നാളികേര വികസന ബോർഡ് കർഷക കൂട്ടായ്മകളുടെ രൂപീകരണവുമായി മുന്നോട്ടു പോയപ്പോൾ 13-ാമതായി രജിസ്റ്റർ ചെയ്ത കമ്പനി. 2015 ഫെബ്രുവരി 3-ാം തീയതി രൂപം കൊണ്ടപ്പോൾ, ഓണാട്ടുകരയിലെ കേര കർഷകരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും സാക്ഷാത്ക്കരിക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് ഈ സ്ഥാപനം ഏറ്റെടുത്തത്.

ബോർഡിന്റെ മേൽനോട്ടത്തിൽ രൂപമെടുത്ത കമ്പനികളിൽ ഒരു പക്ഷേ, ഇത്രയുമധികം ഓഹരി ഉടമകൾ കൈകോർത്ത സംരംഭം വേറെ അധികമുണ്ടോയെന്ന് സംശയമാണ്. 4000 ത്തിലധികം ഓഹരിയുടമകൾ, 2.50 കോടി രൂപ സമാഹരിച്ചു രൂപം കൊടുത്ത സ്ഥാപനം, അതുകൊണ്ടു തന്നെ ചുവടു പിഴയ്ക്കാതെയുള്ള പ്രവർത്തനമാണ് കമ്പനിയുടെ സാരഥികൾ തുടക്കം മുതൽ ലക്ഷ്യമിടുന്നത്.

2017 മെയ് 28 ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. ഭരത് മമ്മൂട്ടി, മന്ത്രിമാർ, ജനപ്രതിനിധികൾ എന്നിങ്ങനെ നൂറു കണക്കിന് വിശിഷ്ഠാതിഥികളുടെ സാന്നിദ്ധ്യത്തിൽ ഉൽഘാടനം ചെയ്തു തുടക്കം കുറിച്ച ഓണാട്ടുകര കമ്പനിയുടെ വളർച്ച അതിവേഗവും പ്രശ്നരഹിതവും എന്ന് പറയാനാവില്ല. എല്ലാ ബാലാരിഷ്ഠതകളും താണ്ടി നാലര വർഷം പിന്നിടുമ്പോൾ കൈവരിച്ച നേട്ടങ്ങളിൽ എടുത്തു പറയാവുന്നത്, ഓണാട്ടുകര ഉൽപന്നങ്ങൾ കാത്തു സൂക്ഷിക്കുന്ന ഗുണമേന്മയും ഇതുമൂലം ജനങ്ങൾക്ക് ഈ ഉൽപ്പന്നങ്ങളിലുള്ള വിശ്വാസ്യതയും സ്വീകാര്യതയുമാണ്. ലാഭനഷ്ടക്കണക്കുകൾ മാത്രമാണ് വിജയത്തിന്റെ മാനദണ്ഡമെങ്കിൽ, പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ് എല്ലാ ചടുല നീക്കങ്ങളേയും പിന്നോട്ടു വലിക്കുന്നതെന്ന സത്യം വേണ്ടപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്. ഗുണമേന്മയുള്ള പാചകയെണ്ണ എന്ന ഒറ്റ ടാഗ് ലൈനിലാണ് ഓണാട്ടുകര വെളിച്ചെണ്ണ ഉപഭോക്താക്കളുടെ ഹൃദയം കവരുന്നത്. നൂറു കണക്കിന് ബ്രാൻഡുകൾ ഭക്ഷ്യ സുരക്ഷാ പരിശോധനകളിൽ പുറം തള്ളപ്പെടുമ്പോൾ ഓണാട്ടുകര വെളിച്ചെണ്ണ പരിശുദ്ധം, പ്രകൃതി ദത്തം എന്നീ വി



ശേഷണങ്ങളോടെ തിളങ്ങി നിൽക്കുകയാണ്. സർക്കാർ ഉൽപന്നമായ കേര വെളിച്ചെണ്ണയുമായി മത്സരിച്ചു മുന്നേറുകയെന്ന ദുഷ്കര ദൗത്യത്തിന് പിൻബലമേകിയതും പിഴവില്ലാത്ത ഈ ഗുണമേന്മ തന്നെ.

ഈ അനുകൂല സാഹചര്യം ഒന്നു മാത്രമാണ് ഇന്ന് ഓണാട്ടുകര ഉൽപന്നങ്ങൾ വിദേശ വിപണിയിലേക്ക് എത്തിക്കാനുള്ള പരിശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തുവാനിടയാക്കിയത്. കൂടുതൽ ഷെൽഫ് ലൈഫ് ഉള്ള ഉൽപന്നങ്ങളായ വെളിച്ചെണ്ണ, നാളികേര ചിപ്സ്, അവലോസ് പൊടി എന്നിവ അമൃത് എന്ന പേരിൽ വിൽക്കുവാനുള്ള അനുമതി നൽകിയാണ് കയറ്റി അയയ്ക്കുന്നത്. അമേരിക്കയിലെ ന്യൂ ജഴ്സിയിലേക്കാണ് ഓണാട്ടുകര കമ്പനിയുടെ ഉൽപന്നങ്ങൾ ആദ്യമായി എത്തുന്നത്. ആദ്യത്തെ കാർഗോ എന്ന നിലയിൽ കുറഞ്ഞ അളവിലാണ് ഉൽപന്നങ്ങൾ അയയ്ക്കുന്നതെങ്കിലും ക്രമേണ കയറ്റുമതി വിപുലപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. കമ്പനിയുടെ മറ്റുൽപന്നങ്ങളായ ചമ്മന്തിപ്പൊടി, ഉരുക്കു വെളിച്ചെണ്ണ, ഇഞ്ചിക്കൂട്ട്, തീയൽ മിക്സ്, സ്ക്വാഷ് എന്നിവയും ഓണാട്ടുകര ബ്രാൻഡിനു മാറ്റു കൂട്ടുന്നു. അമേരിക്കയിലേയ്ക്കും, ഗൾഫ് നാടുകളിലും ഈ ഉൽപന്നങ്ങൾ വിദേശ മലയാളികൾ ധാരാളം വാങ്ങിക്കൊണ്ടു പോകുന്നുണ്ടെങ്കിലും മാനദണ്ഡങ്ങൾ പാലിച്ചുള്ള കയറ്റുമതിയ്ക്ക് ഇപ്പോഴാണ് അവസരം ലഭിച്ചത്. വിവിധ രാജ്യങ്ങളിൽ നിന്നും ഓണാട്ടുകര ഉൽപ്പന്നങ്ങൾക്ക് ധാരാളം കയറ്റുമതി ഓർഡർ ലഭിക്കുന്നുണ്ട്. അതിനാൽ കയറ്റുമതി രംഗത്തെ കമ്പനിയുടെ ചുവടു വയ്പ് ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. ■ *ഫോൺ: 9447096553*



# ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | Nil | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | Nil | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | Nil | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 15 ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*

# മോറിസ് സാറും സംശയങ്ങളും

**ഡോ. ശിവകുമാർ ടി**
കൃഷി വിജ്ഞാന കേന്ദ്രം, ആലപ്പുഴ

പ്രാതലിനൊപ്പം രാജ്യ തലസ്ഥാനത്തെ റിപ്പബ്ലിക് ദിനാഘോഷങ്ങൾ ടെലിവിഷനിൽ കണ്ടു കൊണ്ടിരിക്കെയാണ് ഫോൺ ശബ്ദിച്ചത്. അങ്ങേ തലയ്ക്കൽ നിന്നും വിളിക്കുന്നയാളിന്റെ പേര് സ്മാർട്ട് ഫോൺ സ്ക്രീനിൽ തെളിഞ്ഞു. മോറിസ് സാർ... ഇടത്തെ കൈവിരൽ സ്ക്രീനിൽ ഓടിച്ചു കൊണ്ട് ഫോണെടുത്തു.

ഇതു മോറീസ് സാറാണ്, ശിവകുമാർ.... ഇന്നവധിയല്ലേ? ഇങ്ങോട്ട് ഒന്ന് വരാൻ തരപ്പെടുമോ?

വായിലിരുന്ന ദോശ ചവച്ചിറക്കി മറുപടി പറഞ്ഞു. പിന്നെന്താ... വരാമല്ലോ? വൈകീട്ട് ഞാനങ്ങെത്താം.

ശരിയെന്നു പറഞ്ഞ് ഫോൺ കട്ടായി. സ്കൂളിൽ ജീവശാസ്ത്രത്തിന്റെ ആദ്യ പാഠങ്ങൾ പറഞ്ഞു തന്ന ഞങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകനാണ് ശ്രീ. ആന്റണി പോൾ മോറിസ് എന്ന മോറിസ് സാർ. പഴയ വിദ്യാർത്ഥി, കാർഷിക ഗവേഷണ മേഖലയിൽ പ്രവർത്തിക്കുന്നതിനാൽ അതുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും ചർച്ചകൾക്കും എന്നെയാണ് സാർ ആദ്യം അന്വേഷിക്കുക.

വൈകീട്ട് അഞ്ച് മണിയോടടുത്ത് മോറിസ് സാറിന്റെ വീട്ടിലെത്തി. എന്നെ പ്രതീക്ഷിച്ച് പൂമുഖത്തു തന്നെയുണ്ട് പൂർവ്വാദ്ധ്യാപകൻ. അഭിവാദ്യം ചെയ്ത് വീട്ടിലേക്ക് കയറിയപ്പോഴേക്കും ചായയും അച്ചപ്പവും എത്തി. കൊച്ചു വർത്തമാനം പറഞ്ഞു തുടങ്ങി പെട്ടെന്ന് തന്നെ മോറിസ് സാർ കാര്യത്തിലേക്കെത്തി.

എടോ, താൻ കഴിഞ്ഞ ദിവസം എഴുതിയ മരുന്ന് മറ്റൊരു പേരിലാ എനിക്ക് കിട്ടയത്. അതൊന്നു നോക്കിക്കേ....

രണ്ടു ദിവസം മുൻപ് ഓഫീസിൽ നിന്ന് വരുന്ന വഴി അദ്ദേഹത്തിന്റെ വീട്ടിൽ പോയി തൈ തെങ്ങിലെ ഓല ചീയലിനുള്ള മരുന്ന് കുറിച്ചു കൊടുത്തിരുന്നു. കടയിൽ നിന്നു വാങ്ങിയ മരുന്ന് സാർ എടുത്തു കൊണ്ടു വന്നു. കുപ്പി കണ്ട ഞാനൊന്നു ഞെട്ടി. കുമിൾ നാശിനിയ്ക്കു പകരം കീടനാശിനി ! രോഗാവസ്ഥയും സ്ഥിതിഗതികളും നേരിൽ കണ്ട് മനസ്സിലാക്കാതെ, സാറിന്റെ വിവരണങ്ങൾ മാത്രം കേട്ട് കടക്കാരൻ നൽകിയതാണ് കീടനാശിനി. എന്റെ കുറിപ്പ് അദ്ദേഹം എവിടെയോ ഭദ്രമായി വച്ച് മറന്ന് പോകുകയും ചെയ്തു അദ്ദേഹം. കൂടാതെ രണ്ടു മരുന്നുകളുടേയും പേര് തമ്മിൽ ചെറിയ ഉച്ചാരണ സാമ്യമുള്ളതും പ്രശ്നം സങ്കീർണ്ണമാക്കി. ഹെക്സാകോണസോൾ എന്ന രാസ ഘടകമടങ്ങിയ കോൺടാഫ് എന്ന കുമിൾ നാശിനിയാണ്. ഓലചീയലിനെതിരെ പ്രയോഗിക്കാൻ നിർദ്ദേശിച്ചത്. എന്നാൽ വാങ്ങിയതാവട്ടെ ചെമ്പൻചെല്ലിക്കും മറ്റുമെതിരെ തെങ്ങിൽ ഉപയോഗിക്കുന്ന ഇമിഡാ ക്ലോപിഡ് എന്ന ഘടകമടങ്ങിയ കോൺഫിഡോർ എന്ന കീടനാശിനിയും.

ഓ, പേരിലെ കോൺ ആണല്ലോ എന്നെ തെറ്റിച്ചത്. സാർ ചിരിച്ചു.

അപ്പോൾ ഇത് ഉപയോഗിക്കുന്നതു കൊണ്ട് കാര്യമില്ലെന്നാണോ? സാറിന്റെ സംശയങ്ങൾ ആരംഭിക്കുകയായി.

തെങ്ങിന്റെ നാമ്പോല ഇവിടെ കരിഞ്ഞുണങ്ങിയത് കുമിൾ ബാധ മൂലമാണ്. അതിനു പ്രതിവിധിയായി രോഗം വന്ന ഭാഗം ചെത്തി മാറ്റി അവിടെ കുമിളിനെ നശിപ്പിക്കുന്ന കുമിൾ നാശിനിയാണ് പ്രയോഗിക്കേണ്ടത്,. സാറിന്റെ കൈയ്യിലിരിക്കുന്നത് കീടങ്ങൾക്കെതിരെയാണ് പ്രവർത്തിക്കുക.

തന്റെ കയ്യിലിരിക്കുന്ന കീടനാശിനി കുപ്പിയിലേക്ക് തെല്ലു നിസംഗതയോടെ അദ്ദേഹമൊന്നു നോക്കി. ഇനി കടക്കാരൻ ഇത് തിരിച്ചു വാങ്ങിയില്ലെങ്കിലോ എന്ന് സംശയിച്ചു നിന്ന മോറിസ് സാറിന്റെ കയ്യിൽ നിന്നും കുപ്പി വാങ്ങി പരിശോധിച്ചു.

ഇതിന് കാലാവധി ഇനിയും ധാരാളമുണ്ട്. ചെമ്പൻ ചെല്ലിയുടെ ആക്രമണം സംശയിക്കുന്ന തൈകളിൽ ഇതു പ്രയോഗിക്കാം. എന്റെ അഭിപ്രായം അദ്ദേഹത്തിന് തെല്ലൊരാശ്വാസ



മായതായി തോന്നി.

കാലാവധിയോ? നമ്മുടെ മരുന്നുകൾക്കെന്നപോലെ കീട നാശിനിയ്ക്കും കാലാവധിയുണ്ടോ?

തീർച്ചയായും ഓരോ കീട കുമിൾ നാശിനി ഘടകത്തിന്റെ രാസസ്വഭാവമനുസരിച്ചും അതിന്റെ അന്തിമ ഉൽപന്നം ഏതു തരത്തിലുള്ളതെന്നും അനുസരിച്ച് സൂക്ഷിപ്പു കാലം വ്യത്യാസപ്പെടാം. അതു കൊണ്ടുതന്നെ തെങ്ങിൽ പ്രയോഗിക്കാനുള്ള ഏതു സസ്യ സംരക്ഷക വസ്തുവും വാങ്ങുമ്പോൾ എത്ര കാലത്തേക്ക് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നതനുസരിച്ച് നോക്കി വേണം വാങ്ങുവാൻ. അതായത് മരുന്നുകൾ കൂടുതൽ കാലം സൂക്ഷിക്കേണ്ടി വരുന്നില്ലെങ്കിൽ അവയുടെ കാലാവധി തീരാൻ അധിക സമയമില്ലെങ്കിലും വാങ്ങാം. മറിച്ച് കൂടുതൽ കാലം ഉപയോഗിക്കാനാണ് ഉദ്ദേശമെങ്കിൽ ദീർഘകാലാവധി ഉണ്ടായിരിക്കേണ്ടതാണ് ഉത്തമം. മരുന്ന് പ്രയോഗിക്കേണ്ട ആകെ തെങ്ങുകളുടെ എണ്ണം കണക്കാക്കി, അവയ്ക്കാവശ്യമായ അളവിലുള്ള കീട - കുമിൾ നാശിനികൾ വാങ്ങുകയാണ് വേണ്ടത്.

അതിരിക്കട്ടെ, ഒരു കീടനാശിനി തന്നെ എല്ലാ കീടങ്ങൾക്കെതിരെയും പ്രയോഗിക്കാമോ?

മറ്റേതൊരു കർഷകന്റേയും ചോദ്യം മോറിസ്സ് സാറും ആവർത്തിച്ചു. കീടങ്ങളുടെ സ്വഭാവം, താവളം, ഭക്ഷണ രീതി എന്നിവയെ അടിസ്ഥാനപ്പെടുത്തി അവയ്ക്കെതിരെ പ്രയോഗിക്കുന്ന കീടനാശിനികൾക്കും വ്യത്യാസമുണ്ട്. കീടനാശിനിയിലെ രാസഘടകത്തിന്റെ സ്വഭാവമനുസരിച്ച് അവ പ്രതിരോധ മാർഗ്ഗമായും പ്രതിവിധിയായും ഉപയോഗിക്കാറുണ്ട്. കീടാക്രമണത്തിന്റെ സ്ഥിതിയും ഏതു വിളയെന്നതും കണക്കിലെടുത്താണ് വിദഗ്ധൻ ഏതു കീടനാശിനി വേണം പ്രയോഗിക്കേണ്ടത് എന്നു തീരുമാനിക്കുന്നത്. എല്ലാ കീട - കുമിൾ നാശിനികളും ഒരുപോലെ എല്ലാ കീടങ്ങൾക്കോ കുമിളുകൾക്കോ എതിരെ പ്രയോഗിക്കുക അഭികാമ്യമല്ല തന്നെ.

കീട - കുമിൾ നാശിനികൾ ഏതു വിളകളിൽ ഏതേതു കീട രോഗങ്ങൾക്കെതിരെ ഉപയോഗിക്കാം എന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കേന്ദ്ര കീടനാശിനി ബോർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ട്. ഇവ പാലിച്ചു മാത്രമേ കീട - കുമിൾ നാശിനി ശുപാർശകൾ നൽകാൻ കഴിയൂ. ഇതിനു പുറമേ കാർഷിക സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരീക്ഷണങ്ങൾ വഴി കണ്ടെത്തുന്ന രീതികളും ശുപാർശ ചെയ്യപ്പെടാറുണ്ട്.

അല്ലാ ഇനി കുമിൾ നാശിനി വാങ്ങുമ്പോൾ അത് 2 മില്ലി ലിറ്റർ 300 മില്ലി ലിറ്റർ വെള്ളത്തിൽ അല്ലേ ഓലചീയലിനെതിരെ പ്രയോഗിക്കേണ്ടത്?

അതെ... ഞാൻ മറുപടി പൂർത്തിയാക്കും മുൻപ് തന്നെ അടുത്ത ചോദ്യമുയർന്നു.

ഇത്തിരി ഡോസ് കൂട്ടി തട്ടട്ടേ, അപ്പോൾ എപ്പോഴും ഒഴിക്കണ്ടല്ലോ?

പലപ്പോഴും പല കർഷക സുഹൃത്തുക്കളും ഉന്നയിക്കാറുള്ള ചോദ്യമാണിത്. ചിലരൊക്കെ ഇത് ചെയ്യുന്നുമുണ്ടാകും. കീട - കുമിൾ നാശിനികളുടെ അളവ് നിശ്ചയിക്കുന്നത് ഉണ്ടിരുന്ന നായർക്കൊരു വിളി തോന്നി എന്നതു പോലെയല്ല. പരീക്ഷണ ശാലകളിലും കൃഷിയിടങ്ങളിലും ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നടത്തുന്ന പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് കീടനാശിനി എത്ര അളവിൽ ഏതു കീടത്തിനെതിരെ പ്രയോഗിക്കണമെന്ന് കണ്ടെത്തുന്നത് . അതിലും കൂടിയ അളവിൽ ഉപയോഗിച്ചാൽ കൂടുതൽ ഫലം ലഭിക്കണമെന്നില്ല. തന്നെയുമല്ല അധിക അളവ്, പരിസ്ഥിതിയ്ക്കും നമ്മുടെ



ആരോഗ്യത്തിനും ഹാനികരവും അവശിഷ്ട വിഷത്തിനു കാരണവുമായിത്തീരാം. കൂടാതെ ഇപ്പോഴത്തെ വില കണക്കിലെടുത്താൽ ആവശ്യത്തിലധികമുള്ള കീടനാശിനി / കുമിൾ നാശിനി പ്രയോഗം കീശ ചോർത്തുമെന്നതിനു സംശയമില്ല.

ഈ ഹെക്സാകൊണാസോൾ അതായത് കോൺടാഫ് കലക്കി നാമ്പോലയിലൂടെ ഒഴിവാക്കാനല്ലേ പറഞ്ഞത്. സ്പ്രേ ചെയ്താൽ എന്താ?

തെങ്ങിനെ സംബന്ധിച്ച് മരുന്നു തളി പ്രശ്നമാണ്. പ്രത്യേകിച്ച് വലിയ തെങ്ങുകളുടെ മണ്ടയിൽ. അതിനാൽ, പ്രായോഗികതയും രോഗകാരികളുടെ താവളവും കണക്കാക്കിയാണ് തളിക്കൽ ഒഴിവാക്കി ലായനി ഒഴിച്ചു കൊടുക്കാൻ നിർദ്ദേശിക്കുന്നത്. മണ്ഡരിക്കും പൂങ്കുലച്ചാഴിക്കുമെതിരെയാണ് പ്രധാനമായും മരുന്നുകൾ സ്പ്രേ ചെയ്യുന്നത്. അതും, ആവശ്യമായ അളവിൽ ചെറു സ്പ്രേയർ ഉപയോഗിച്ച് മരുന്ന് വീഴേണ്ട ഭാഗങ്ങളിൽ മാത്രമായി നിജപ്പെടുത്തുന്നു.

കൈയ്യിലിരുന്ന കീടനാശിനിക്കുപ്പിയുടെ ഒരു വശത്ത് ലേഖനം ചെയ്തിരിക്കുന്ന ത്രികോണ അടയാളത്തിൽ സാറിന്റെ ദൃഷ്ടി ഉടക്കി നിൽക്കുന്നത് ഞാൻ മനസ്സിലാക്കി. പിന്നാലെ വരാനിരിക്കുന്ന ചോദ്യം മനസ്സിൽ കണ്ട് സാറിനോട് ചോദിച്ചു.

നിറമുള്ള ത്രികോണം എന്തിനെന്നല്ലേ സംശയം?

അതേ, ... പക്ഷേ ഇതുപോലൊന്ന് എവിടെയോ കണ്ടപോലെ.... സാർ ആലോചനയിലാണ്ടു.

ഏതു പോലെ? എന്റെ ചോദ്യം കേട്ട് അദ്ദേഹം പൊട്ടിച്ചിരിച്ചു.

ആ ചോദ്യത്തിന്റെ താളം ഞങ്ങളെ ഏതാണ്ട് നാലു പതിറ്റാണ്ടു പുറകിലേക്ക് കൊണ്ടു പോയി. പഠിപ്പിച്ചിരുന്ന കാലത്ത് ഞങ്ങൾ കുട്ടികൾക്ക് പാഠഭാഗങ്ങൾ മനസ്സിലാക്കാൻ മുൻ ക്ലാസ്സുകളിൽ പഠിച്ച ഭാഗങ്ങൾ കോർത്തിണക്കി താരതമ്യം ചെയ്തു പറഞ്ഞു തരുമായിരുന്നു മോറിസ് സർ. അന്ന് അദ്ദേ

## വരിസംഖ്യ ഇനി മുതൽ ഓൺലൈനിലും അടയ്ക്കാം

ഇന്ത്യൻ നാളികേര ജേണൽ വരിസംഖ്യ ഇനി മുതൽ ഓൺലൈനിലും അടയ്ക്കാം.

നാളികേര വികസന ബോർഡിന്റെ മുഖപത്രമായ ഇന്ത്യൻ നാളികേര ജേണലിന്റെ വരിസംഖ്യ അടയ്ക്കുന്നതിന് ഓൺ ലൈൻ സംവിധാനം നിലവിൽ വന്നു. പുതിയ വരിക്കാർക്ക് ഓൺലൈനായി പണം അടയ്ക്കാം. നിലവിലുള്ള വരിക്കാർക്ക് ഇതേ സംവിധാനത്തിലൂടെ വരിസംഖ്യ പുതുക്കാവുന്നതുമാണ്. ഇതിനായി ബോർഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക.*
https://www.coconutboard.in/journalsubscription/home.aspx

**State Bank of India, Iyyattil Junction, Account Number :61124170321, IFSC : SBIN 0031449** എന്ന അക്കൗണ്ടു വഴിയും DD, NEFT, BHIM, PhonePe, GooglePay, PayTm എന്നീ സംവിധാനങ്ങളിലൂടെയും വരിസംഖ്യ തുക അയക്കാവുന്നതാണ്.

**തുക അയച്ച ശേഷം മുകളിൽ കൊടുത്തിരിക്കുന്ന ലിങ്ക് തുറന്ന് നിങ്ങളുടെ വിശദാംശങ്ങൾ അതിൽ അപ്‌ലോഡ് ചെയ്യുക.*

| വരിസംഖ്യ | | |
|---|---|---|
| *വ്യക്തികൾക്ക്* | | |
| ഇന്ത്യൻ നാളികേര ജേണൽ | 40.00 രൂപ(1 വർഷം) | 1000 (*ആയുഷ്കാലം) |
| ഇന്ത്യൻ കോക്കനട്ട് ജേണൽ | 60.00 രൂപ(1 വർഷം) | 1600 (*ആയുഷ്കാലം) |
| ഭാരതീയ നാരിയൽ പത്രിക | 40.00 രൂപ(1 വർഷം) | 1000 (*ആയുഷ്കാലം) |
| *സ്ഥാപനങ്ങൾ ലൈബ്രറികൾ* | | |
| ഇന്ത്യൻ കോക്കനട്ട് ജേണൽ | 200.00 രൂപ(1 വർഷം) | 5000 (*ആയുഷ്കാലം) |
| | | *30 വർഷം |



ഹം സ്ഥിരമായി ചോദിക്കാറുണ്ടായിരുന്ന ചോദ്യമായിരുന്നു ഏതു പോലെ? എന്നത്.

യെസ് യെസ് ... പിടികിട്ടി. എടോ, ഇത് നമ്മുടെ കൊതുകിനെ ഓടിക്കാനുള്ള മെഷീനിൽ വയ്ക്കുന്ന കുപ്പിയുടെ പുറത്തുള്ള പോലെയുള്ള ത്രികോണമാണല്ലോ?

അതെ, സാറിന് ശിഷ്യൻ വക നൂറ് മാർക്ക്. നിരീക്ഷണത്തിൽ ഇപ്പോഴും താൻ പിറകിലല്ലെന്നു ഞങ്ങളുടെ മുൻ അദ്ധ്യാപകൻ തെളിയിച്ചു.

ഏതു കീട കുമിൾ നാശിനിയുടേയും കവർ / കുപ്പിയുടെ പുറത്ത് രണ്ട് ത്രികോണങ്ങൾ ചേർത്തു വച്ചിരിക്കുന്ന അടയാളം കാണാം. അതിൽ താഴെയുള്ള ത്രികോണത്തിന് ചുവപ്പ്, മഞ്ഞ, നീല, പച്ച എന്നിവയിൽ ഏതെങ്കിലുമൊരു നിറവും മുകളിലുള്ള ത്രികോണം വെള്ളനിറത്തിലുമാണുണ്ടാവുക. താഴെയുള്ള ത്രികോണത്തിലെ നിറം ആ കീട/ കുമിൾ നാശിനിയിലെ പ്രധാന രാസഘടകം മറ്റു സസ്തന ജീവികൾക്ക് എത്രമാത്രം ദോഷകരമാണ് എന്ന സൂചനയാണ് നൽകുന്നത്. ചുവപ്പ് അടയാളമുള്ള കീടനാശിനികൾ കേരളത്തിൽ കൃഷിയിൽ നിരോധിച്ചിരിക്കുകയാണ്. പണ്ട് തെങ്ങിന്റെ ചെമ്പൻ ചെല്ലിക്കെതിരെ വേരിലൂടെ പ്രയോഗിച്ചിരുന്ന മോണോ ക്രോട്ടോഫോസ് എന്ന കീടനാശിനി ചുവപ്പ് ശ്രേണിയിലുള്ളതായിരുന്നു.

സാറിന്റെ കൈയ്യിലിരിക്കുന്ന ഇമിഡാ ക്ലോപ്രിഡ് അഥവാ കോൺഫിഡോർ മഞ്ഞ ശ്രേണിയിലുള്ളതാണ്. എന്നാൽ ഓല ചീയലിനെതിരെയുള്ള കുമിൾ നാശിനി നീല ശ്രേണിയിലാണ് ഉൾപ്പെടുന്നത്.

ഓഹോ... അപ്പോൾ ഇത് സൂക്ഷിച്ചു വയ്ക്കുമ്പോഴും ശ്രദ്ധിക്കണം അല്ലേ..? അപ്പുറത്തിരുന്ന് ടിവിയിൽ ഫുട്ബോൾ കാണുന്ന കൊച്ചു മോൻ ആന്റണിയെ കണ്ണ് കൊണ്ട് സൂചിപ്പിച്ചായിരുന്നു ആശങ്ക കലർന്ന ആ സംശയം.

കുട്ടികൾക്ക് എടുക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ കീടനാശിനികൾ സൂക്ഷിക്കരുത്. കഠിനമായ ചൂടോ ഈർപ്പമോ തട്ടുന്നിടത്ത് ഇവ സൂക്ഷിക്കരുത്. ഉപയോഗ ശേഷം ബാക്കി സൂക്ഷിച്ചു വയ്ക്കുമ്പോൾ കുപ്പിയുടെ അടപ്പ് മുറുക്കി ഭദ്രമായി അടയ്ക്കാൻ ശ്രദ്ധിക്കണം. ദ്രാവക രൂപത്തിലുള്ള കീടനാശിനികൾ അളന്നെടുക്കാൻ അവയ്ക്കൊപ്പം ഒരളവു പാത്രം മിക്കപ്പോഴും ഉണ്ടാകും. ഇല്ലെങ്കിൽ ഇതിനായി ഒരു ചെറു അളവ് പാത്രം, ചുമ മരുന്നിനൊപ്പം ലഭിക്കുന്ന തരത്തിലുള്ളത് ഉപയോഗിക്കാം. പക്ഷെ, പിന്നീടതു മറ്റൊന്നിനും ഉപയോഗി ക്കരുത്.

ഓ ... ഇതിനുമുണ്ടല്ലോ അളവ് കപ്പ്. കുപ്പിയുടെ മുകൾ വശം എനിക്ക് നേരെ അദ്ദേഹം നീട്ടി കാണിച്ചു.

അതെയതെ വീണ്ടും ഫോൺ ശബ്ദിക്കാൻ തുടങ്ങി. വീട്ടിൽ നിന്നാണ് പലചരക്കു സാധനങ്ങൾ വാങ്ങണമെന്നുള്ള ഓർമ്മപ്പെടുത്തലാണ്. സാറിനോട് തത്ക്കാലം വിട പറയാമെന്നു കരുതി.

അല്ലാ, ഇയാൾ പോകുവാണോ? പറഞ്ഞു വന്നപ്പോൾ മറ്റു ചില സംശയങ്ങളും കൂടി ഉണ്ടായിരുന്നു.

ഒരു കാര്യം ചെയ്യാം അടുത്ത ഞായറാഴ്ച ഞാനിറങ്ങാം. അപ്പോൾ സംശയങ്ങൾ എല്ലാം ശരിയാക്കാം.

കൈവീശി യാത്ര പറഞ്ഞ് ഗേറ്റ് കടക്കുമ്പോൾ മോറിസ് സാറിന്റെ മനസ്സിൽ കടന്നു കൂടിയ സംശയങ്ങളുടെ നിഴൽ എഴുപതുകളുടെ രണ്ടാം പാദത്തിലൂടെ സഞ്ചരിക്കുന്ന ആ മുഖത്ത് നിഴലാട്ടം നടത്തുന്നത് എനിക്ക് കാണാമായിരുന്നു. ■ *ഫോൺ: 9447222896*

# കരിക്കിന്റെ കൂട്ടുകാരൻ

**അനിതാകുമാരി പി,ജിതിൻ ഷാജു, അഞ്ജു കൃഷ്ണൻ, കൽപന മോൾ**
സിപിസിആർഐ, പ്രാദേശിക കേന്ദ്രം, കായംകുളം, ആലപ്പുഴ



കേരം തിങ്ങും കേരള നാട്ടിൽ കേര കൃഷിയെ ആശ്രയിച്ച് ജീവിതം കരുപ്പിടിപ്പിച്ച കർഷകർ ധാരാളമുണ്ട്. ദൈർഘ്യമേറിയ തീരദേശത്താൽ സമ്പന്നമായ കേരളത്തിന്റെ കാർഷിക വൈവിദ്ധ്യത്തിൽ പശ്ചിമഘട്ടം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവോ അത്രയും തന്നെ മൂല്യം പേറുന്നതാണ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീണ്ടു കിടക്കുന്ന കടലോര മേഖലയും അവിടങ്ങളിലെ കൃഷി രീതികളും. നാളികേരവും കയറും, തെങ്ങിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങളും ലക്ഷക്കണക്കിന് കർഷകർക്ക് അത്താണിയാകുന്നുണ്ട് എന്ന കാര്യം വിസ്മരിച്ചുകൂടാ.

സദാഫല എന്നറിയപ്പെടുന്ന നാളികേര വൃക്ഷത്തിൽ ഉപയോഗ ശൂന്യമായി ഒന്നും തന്നെയില്ല എന്നതാണ് കൽപവൃക്ഷത്തെ ഇത്ര ജനകീയമാക്കുന്നത്. വെളിച്ചെണ്ണയ്ക്കും, തേങ്ങയ്ക്കും, തേങ്ങാപ്പാലിനും, കരിക്കിനും മറ്റ് ഒട്ടേറെ ആവശ്യങ്ങൾക്കുമായി കേരളീയർ തെങ്ങിനെ ആശ്രയിക്കുന്നു. ഓരോ വീട്ടിലും ദിവസേന ഭക്ഷ്യ ആവശ്യങ്ങൾക്കായി അടുക്കളയിൽ നാളികേരം ഉപയോഗിക്കപ്പെടുമ്പോൾ, ആരോഗ്യ സംരക്ഷണത്തിനും പകൽച്ചൂടിലെ യാത്രക്കാർക്കും വലിയ ആശ്വാസമാണ്, കേര വൃക്ഷത്തിൽ നിന്നും ലഭ്യമാകുന്ന പ്രകൃതിദത്ത ആരോഗ്യ പാനീയമായ ഇളനീർ അഥവാ കരിക്ക്. മായം കലർന്ന പാനീയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വിപണി കീഴടക്കുമ്പോൾ അത് സ്ഥിരം ഉപയോഗിക്കുന്നവരുടെ ആരോഗ്യവും ക്ഷയിക്കുകയാണെന്ന സത്യം ഇന്ന് ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ വഴിയോരങ്ങളിലെ ഇളനീർ വ്യാപാരം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്.

കരിക്ക് വിൽപനയിലൂടെ പതിറ്റാണ്ടുകളായി ഉപജീവന മാർഗ്ഗം കണ്ടെത്തുകയും ശാസ്ത്രീയ തെങ്ങ് കൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്യുന്ന കർഷകനാണ് ആലപ്പുഴ ജില്ലയിലെ പത്തിയൂർ പഞ്ചായത്ത് 13-ാം വാർഡിൽ താമസിക്കുന്ന ശ്രീ. സോമൻ കോയ്പ്പിള്ളിൽ. സാധാരണ വഴിയോര കരിക്ക് വിൽപ്പനക്കാരിൽ നിന്നു വ്യത്യസ്തമായി കാർഷിക രംഗത്ത് ഒട്ടേറെ പരീക്ഷണങ്ങൾ നടത്തുകയും പഞ്ചായത്തിൽ ഉടനീളം തന്റെ കാർഷിക അറിവുകൾ മറ്റുള്ളവരുമായി പങ്കു വയ്ക്കുകയും ചെയ്യുന്ന വ്യക്തി കൂടിയാണ് ശ്രീ. സോമൻ. തേങ്ങയ്ക്ക് 3 – 5 രൂപ വരെ വില ഇടിഞ്ഞ കാലം മുതൽ കരിക്ക് വിപണനത്തിൽ സജീവമായ സോമൻ ഇന്നും കരിക്ക് വിൽപ്പനയിലൂടെ മികച്ച വരുമാനം നേടുന്നു. വിൽപനയുടെ തുടക്കം മുതൽ സമീപ പ്രദേശങ്ങളിലെ വീടുകളിൽ പോയി കരിക്ക് വാങ്ങി ദേശീയ പാതയോട് ചേർന്ന് ഒരു സ്റ്റാൾ നിർമ്മിച്ച് വിൽപ്പന നടത്തുന്ന സോമൻ ഇപ്പോഴും തെങ്ങ് സംരക്ഷണത്തിലും



## അനുഭവവും അറിവുകളും

കരിക്ക് വിൽപന വേളയിൽ ഏറ്റവും വെല്ലുവിളി നിറഞ്ഞതായിരുന്നു കരിക്കിന്റെ അവശിഷ്ടമായ ചകിരി അല്ലെങ്കിൽ തോട്. ഇതിനെ വാഴകൃഷിയിൽ ഏറെ ഉപകാരപ്പെടുന്ന കമ്പോസ്റ്റ് ആക്കി മാറ്റിയെടുക്കുന്നതിൽ വിജയിച്ച ഇദ്ദേഹം ഇന്ന് കാർഷിക ആവശ്യങ്ങൾക്കുള്ള മികച്ച ജൈവ വളം സ്വന്തമായി ഉൽപാദിപ്പിക്കുന്നു. അതുപോലെ കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിലും സമർത്ഥനായ സോമൻ കരിക്കിൻ തൊണ്ടുകൊണ്ട് വ്യത്യസ്തമായ കലാ രൂപങ്ങളും നിർമ്മിച്ചു കൊണ്ട് തന്റെ സർഗ്ഗ പ്രതിഭയെയും തുറന്നു കാട്ടുന്നു.

വഴിയോര കച്ചവടക്കാർക്ക് വേനൽക്കാലത്ത് ഏറെ ലാഭം കരിക്ക് വിൽപനയിലൂടെ ലഭിക്കുമ്പോൾ തനിക്കു മഴക്കാലത്തും മികച്ച കച്ചവടം തന്നെയുണ്ട് എന്നു വിലയിരുത്തുന്ന സോമൻ വിശ്വസ്തതയാർന്ന വിപണന പാത സൃഷ്ടിച്ചെടുത്ത കർഷകൻ തന്നെയാണെന്ന് നിസംശയം പറയാം. ശരാശരി 200 മുതൽ 250 വരെ കരിക്ക് വരെ ദിവസേന വിൽക്കുന്ന മാസങ്ങളും 300 ൽ അധികം കരിക്ക് ദിവസേന വിൽപന നടത്തുന്ന മാസങ്ങളും ഉണ്ട് . ഉപഭോക്താക്കളുടെ ഇടയിൽ കരിക്കിന്റെ പ്രിയം മായാതെ നിൽക്കുന്നു എന്നതിന് തെളിവാണ് ഇത്.

കരിക്ക് വിൽപനയിലും, വൈവിധ്യവൽക്കരണങ്ങളും പുതു പരീക്ഷണങ്ങളും തുടരുന്നു.

## നഷ്ടപ്പെട്ട പേറ്റന്റും കരിക്ക് ചെത്തുന്ന കത്തിയും

കരിക്ക് വിൽപന ആരംഭിച്ച് വർഷങ്ങൾ പിന്നിട്ട് ഒരു ആശുപത്രി വാസവുമായി ബന്ധപ്പെട്ട് വിശ്രമിക്കുന്ന വേളയിൽ ഇദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ച ആശയമാണ് പിന്നീട് കരിക്ക് എളുപ്പത്തിൽ ചെത്തിയെടുക്കാവുന്ന ഉപകരണത്തിന്റെ നിർമ്മാണത്തിൽ കലാശിച്ചത്. അന്നു വരെ വിപണിയിൽ ഇല്ലാതിരുന്ന ഈ ലഘുയന്ത്രം കണ്ടുപിടിച്ചതോടെ അനായാസമായി കരിക്ക് ചെത്താനും തിരക്കുള്ള സമയത്ത് കൂടുതൽ ആവശ്യക്കാർക്ക് പരസഹായമില്ലാതെ ഒറ്റയ്ക്കു കരിക്ക് വെട്ടി നൽകുവാനും കഴിയുന്നു. പക്ഷെ പേറ്റന്റിന് അപേക്ഷിക്കുന്നതിന് മുൻപേ പ്രമുഖ പത്രത്തിൽ വാർത്ത വന്നുപോയതിനാൽ ഈ യന്ത്രത്തിന്മേലുള്ള പേറ്റന്റ് നഷ്ടപ്പെട്ടു എന്ന് ഇദ്ദേഹം പറയുന്നു. ഇന്ന് ഒട്ടുമിക്ക വഴിയോര കച്ചവടക്കാരുടെ പക്കലും ഉള്ള ഈ യന്ത്രത്തിന് ഇങ്ങനെ വേറിട്ട ചരിത്രം അവകാശപ്പെടുന്ന സോമന്റെ കൈവശം അതിന്റെ രേഖകളുമുണ്ട്.

## തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ സുഹൃത്ത്

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ കായംകുളം പ്രാദേശിക കേന്ദ്രവുമായി ഏറെ സൗഹൃദം കാത്തു സൂക്ഷിക്കുന്ന വ്യക്തിയാണ് സോമൻ. ഗവേഷണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന ശാസ്ത്രീയ അറിവുകൾ താൻ കരിക്ക് ശേഖരിക്കുന്ന ഓരോ തെങ്ങിൻ പുരയിടത്തിലും പ്രാവർത്തികമാക്കാൻ സാമൂഹിക പ്രതിബദ്ധത പുലർത്തുന്ന കർഷകനും കൂടിയാണ് ഇദ്ദേഹം. സ്വന്തം പുരയിടത്തിലെ തെങ്ങിൽ നിന്ന് കരിക്ക് വിൽപന ആരംഭിച്ച സോമൻ ഇന്ന് 50 ലേറെ പുരയിടങ്ങളാണ് സ്ഥിരമായി കരിക്ക് ശേഖരിക്കുന്നത്. സിപിസിആർഐ നടത്തുന്ന ഓരോ പരിശീലന പരിപാടിയിലും അതീവ താൽപര്യത്തോടെ പങ്കെടുക്കുന്ന ശ്രീ. സോമൻ തന്റെ കാർഷിക അനുഭവങ്ങൾ കർഷക കൂട്ടായ്മകളിൽ പങ്കുവയ്ക്കുന്നതിലും തൽപരനാണ്. തെങ്ങ് കൃഷിയ്ക്ക് പുറമേ പാട്ടത്തിനെടുക്കുന്ന 10 ഏക്കറോളം സ്ഥലത്ത് കൃഷി ചെയ്യുന്ന നെല്ല്, പച്ചക്കറികൾ, വാഴ, എള്ള് തുടങ്ങിയ വിളകളിൽ നിന്നും നല്ല വരുമാനം ലഭിക്കുന്നതായും ഇദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.



# ശ്രീ. കെ. നാരായണൻ മാസ്റ്റർ
# നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ



നാളികേര വികസന ബോർഡിന്റെ, 2021 ഡിസംബർ 27 നു കൊച്ചിയിൽ ചേർന്ന 141 -ാമത് ബോർഡ് യോഗം കേരളത്തിൽ നിന്നുള്ള കേര കർഷക പ്രതിനിധി ശ്രീ. കെ. നാരായണൻ മാസ്റ്ററെ ബോർഡിന്റെ പുതിയ വൈസ് ചെയർമാനായി തിരഞ്ഞെടുത്തു. 27.12.2021 മുതൽ ഒരു വർഷത്തേയ്ക്കാണ് നിയമനം. നാളികേര കൃഷിയിലും അനുബന്ധ മേഖലകളിലും പ്രവർത്തിച്ചിരുന്ന ശ്രീ. നാരായണൻ മാസ്റ്റർ ബോർഡ് അംഗമായിരിക്കെയാണ് വൈസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. മലപ്പുറം ജില്ലയിലെ ഒഴൂർ എ.എം.യു.പി.സ്കൂൾ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

കരിക്കിന്റെ വലിപ്പവും വ്ലയും അനുസരിച്ച് വ്യത്യസ്തമായ തട്ടുകളാണ് ഇദ്ദേഹം തന്റെ വിപണന കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത്.

ചെറിയ കരിക്കിന് 30 രൂപ മുതലും വലുതിന് 50 രൂപ വരെയുമാണ് വിലനിലവാരം. കരിക്കിൻ ലേഹ്യം, കരിക്കിൻ കഷായം, ഇളം കരിക്ക് തുടങ്ങിയ ഒട്ടേറെ ഉൽപന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുവാണ് കരിക്ക്. മൂത്രത്തിൽ കല്ലിനും മറ്റ് കിഡ്നി രോഗങ്ങൾക്കും ഏറെ ഫലപ്രദമായ ഈ പ്രകൃതി പാനീയം ഗർഭിണികൾക്കും പോഷക കുറവുള്ളവർക്കും ഏറെ പ്രയോജനം ചെയ്യുന്നുണ്ട്. സ്ഥിര ഉപഭോക്താക്കൾ ഉള്ള ശ്രീ. സോമന് വിവിധ കലാസാംസ്ക്കാരിക പരിപാടികളിലും, കല്യാണം, പൊതു യോഗങ്ങൾ തുടങ്ങി ആൾത്തിരക്കുള്ള ചടങ്ങുകളിലേയ്ക്ക് കരിക്കിനായി ലഭിക്കുന്ന മൊത്ത ഓർഡറുകളും മികച്ച വിപണന സാധ്യതകൾ തുറക്കുന്നു. സ്ഥിരമായ കരിക്ക് വിൽപ്പന നടക്കുന്നതിനാൽ തേങ്ങ വിൽപ്പന നടത്തിയിരുന്ന ഒട്ടേറെ കർഷകരാണ് ഇന്ന് സോമൻ വഴി കരിക്ക് വിപണനത്തിലൂടെ സുസ്ഥിര വരുമാനത്തിന്റെ വഴി കണ്ടെത്തുന്നത്. മാസാമാസം കരിക്ക് വിളവെടുക്കാൻ തെങ്ങിന്റെ മണ്ടയിൽ ആളെത്തമ്പോൾ രോഗ കീട നിയന്ത്രണവും തെങ്ങിന്റെ മണ്ട വൃത്തിയാക്കലും കൂടി നടത്തുന്നതിനാൽ തെങ്ങുകൾക്ക് ശാസ്ത്രീയ പരിചരണം ലഭിക്കുന്നു എന്നും കർഷകർക്കിടയിൽ അഭിപ്രായമുണ്ട്.

### പരമ്പരാഗത അറിവുകളുടെ വ്യാപനം

കർമ്മ പഥത്തിലെ വർഷങ്ങൾ നീണ്ട അനുഭവങ്ങൾ കരിക്ക് വിൽപനയ്ക്ക് പുറമേ കേര വൃക്ഷത്തിന്റെ സംരക്ഷണത്തിനും ഉപയോഗപ്പെടുത്തുന്നതിനാൽ കർഷകർക്കും സോമൻ ഏറെ ഉപകാരിയാണ്. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നിന്നുള്ള ശാസ്ത്രീയ അറിവുകളുടെ പശ്ചാത്തലത്തിൽ കരിക്ക് വിളവെടുക്കുന്ന തെങ്ങിലെ പ്രശ്നങ്ങൾ വിശദമായി കർഷകരോട് സംവദിക്കാനും ആ തോട്ടങ്ങളിൽ ഉപ്പ്, ചാരം എന്നിവയുടെ പ്രയോഗം വഴി കീടരോഗ നിയന്ത്രണ നടപടികൾ സ്വന്തം നിലയിൽ നടപ്പാക്കാനും സോമൻ ശ്രദ്ധിക്കുന്നു. വർദ്ധിച്ച കൂലിച്ചെലവിൽ നിന്നും നാളികേരം വിളവെടുക്കാനുള്ള തൊഴിലാളി ക്ഷാമത്തിൽ നിന്നും ഒരു പരിധി വരെ കർഷകർക്ക് കൈത്താങ്ങാകുവാനും സോമന് സാധിക്കുന്നു എന്നത് മികച്ച സാമൂഹിക ഇടപെടൽ കൂടിയാണ്.

കരിക്കിൻകുല തണ്ട് നീട്ടി വെട്ടുമ്പോൾ ജലാംശം നഷ്ടപ്പെടാതെ 5 മുതൽ 6 ദിവസം വരെ കരിക്ക് സൂക്ഷിക്കാനാകുന്നുണ്ടെന്ന് ഇദ്ദേഹം പറയുന്നു. ഔഷധ ഗുണം അവകാശപ്പെടുന്ന ചെന്തെങ്ങിൻ കുലകൾക്ക് ആവശ്യക്കാർ ഏറെ ഉണ്ടെന്നും ഇദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ആലപ്പുഴ ജില്ലയിലെ പത്തിയൂർ, ചേപ്പാട്, കണ്ടല്ലൂർ, മുതുകുളം പഞ്ചായത്തുകളിൽ നിന്നാണ് വിപണന ആവശ്യത്തിനുള്ള കരിക്ക് ഇദ്ദേഹം ശേഖരിക്കുന്നത്. തന്റെ വിപണന കേന്ദ്രം കൂടുതൽ വൈവിദ്ധ്യവൽക്കരിക്കാനും വ്യക്തിഗതമായ കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുമുള്ള ശ്രമങ്ങളും സോമൻ നടത്തി വരുന്നു. നെല്ലും പച്ചക്കറിയും തെങ്ങും അതിന്റെ ഇടവിളകൃഷിയും സുസ്ഥിര വരുമാനം നേടാനുള്ള മാർഗ്ഗങ്ങളാക്കി മാറ്റുന്ന സോമൻ കാർഷിക ഉൽപന്നങ്ങളുടേയും കരിക്കിന്റേയും നേരിട്ടുള്ള വിപണനത്തിലൂടെ ഉൽപാദന - വിപണന മൂല്യ ശൃംഖലയുടെ പ്രാധാന്യം സമൂഹത്തിനു വ്യക്തമാക്കുന്നു.

### വരുമാന വർദ്ധനവും അംഗീകാരങ്ങളും

ആലപ്പുഴ - കൊല്ലം ദേശീയ പാതയിൽ രാമപുരം പിന്നിട്ട് കളരിക്കൽ ജംങ്ഷനടുത്താണ് കോയ്പ്പിള്ളിൽ സോമന്റെ ഓണാട്ടുകര ഇളനീർ സ്റ്റാൾ എന്ന കരിക്ക് വിപണന കേന്ദ്രം. കരിക്ക് വിൽപനയിലൂടെ മാത്രം ശരാശരി 2500 രൂപയുടെ ലാഭം പ്രതിദിനം ഉണ്ടായിരുന്ന കാലഘട്ടത്തിലാണ് കോവിഡ് വ്യാപനത്തിന്റെ വലിയ പ്രതിസന്ധികൾ ഇദ്ദേഹത്തിനു നേരിടേണ്ടു വന്നത്.

ദീർഘദൂര യാത്രികരും വിനോദ സഞ്ചാര കേന്ദ്രങ്ങളും പൊതു പരിപാടികളും നിയന്ത്രണത്തിൻ കീഴിൽ ആയപ്പോൾ കരിക്കു വിപണനവും ഏറെ പ്രതിസന്ധിയിലായി. എങ്കിലും കോവിഡ് കാലത്തെ അതിജീവിച്ച് വിപണനം ഉണർന്നു തുടങ്ങിയതിന്റെ ആവേശത്തിലാണ് ഇന്ന് ഇദ്ദേഹം. പതിറ്റാണ്ടുകളായി കരിക്ക് ഉൽപാദന സംഭരണ വിപണന മേഖലയിൽ പ്രവർത്തിക്കുന്ന ഇദ്ദേഹത്തെ തേടി സംസ്ഥാന കാർഷിക വകുപ്പിന്റെ അംഗീകാരങ്ങൾ, ആകാശവാണി തീരദർശൻ പോലുള്ള ഒട്ടേറെ ദൃശ്യ ശ്രവ്യ പരിപാടികളുടെ പ്രശംസകൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുടെ മികച്ച കർഷക അവാർഡുകൾ, സാമൂഹിക സംഘങ്ങളുടെ അനുമോദനങ്ങൾ, കർഷക അവാർഡുകൾ എന്നിവയെല്ലാം എത്തിയപ്പോൾ അതെല്ലാം പ്രോത്സാഹനമായി സ്വീകരിച്ച് കാർഷിക മേഖലയിൽ ഏറെ ആവേശത്തോടെ മുന്നേറുകയാണ് ഈ കരിക്കിന്റെ കൂട്ടുകാരൻ.

*സോമൻ കെ, കോയ്പ്പിള്ളിൽ, പത്തിയൂർ, ഫോൺ 9946639787*

# കെട്ടു തെങ്ങിന്റെ കഥ

**എഴുമാവിൽ രവീന്ദ്രനാഥ്**



ഉള്ളവനിൽ നിന്നും നിക്ഷേപം സ്വീകരിക്കലും, ഇല്ലാത്തവന് വായ്പ നൽകലും, നിക്ഷേപിക്കുന്ന തുകയ്ക്കു പലിശ നൽകലും വായ്പയ്ക്കു പലിശ വാങ്ങലും നടത്തുന്ന രീതി. അതാണല്ലോ ബാങ്കിങ്ങ് എന്ന പ്രക്രിയയുടെ അർത്ഥം. വായ്പകൾ നൽകുന്നതിന് ഈട് നിർബന്ധവുമാണ്. ബാങ്കുകൾ രൂപം കൊള്ളുന്നതിനു മുമ്പേ നമ്മുടെ ഗ്രാമീണകർഷകർ തങ്ങളുടെ സാമ്പത്തിക കാര്യങ്ങൾക്കായി ചിട്ടപ്പെടുത്തിയ ചില സമ്പ്രദായങ്ങളുണ്ട്. ഓരോ പ്രദേശത്തേയും കർഷകരുടെ കൂട്ടായ്മകൾ അപ്രകാരം സ്ഥാപിച്ചതാണ് പരസ്പര സഹായ സംഘങ്ങൾ. എല്ലാ മാസവും നിശ്ചിത ദിവസം ഇതിന്റെ യോഗം ചേരും. സ്വന്തമായ ഓഫീസൊന്നുമില്ല. അത്യാവശ്യ കാര്യങ്ങൾ മാത്രം രേഖപ്പെടുത്താൻ ഒരു ബുക്കു കാണും. സംഘത്തിനൊരു കാര്യദർശി ഉണ്ടാകും (സെക്രട്ടറി) പിന്നെയൊരു മടിശ്ശീലകാരനും (ഖജാൻജി) ഓരോ മാസവും യോഗം ചേരുന്നതിന് ഓരോ തലക്കാരനും ഉണ്ടാകും (അദ്ധ്യക്ഷൻ) പരസ്പര വിശ്വാസവും ഐക്യവുമായിരുന്നു ഇത്തരം കൂട്ടായ്മകളുടെ കരുത്ത്.

എല്ലാ മാസവും വരി സംഖ്യ പിരിക്കുന്നതായിരുന്നു ഇതിന്റെ വരുമാനമാർഗ്ഗം. അണയായും ചക്രമായും ആയിരുന്നു ഇതു പിരിക്കേണ്ടത്. എന്നാൽ അക്കാലത്തു പണത്തിനായിരുന്നു ദൗർലഭ്യം. ആയതിനാൽ തേങ്ങയായിരുന്നു പകരം അംഗങ്ങൾ നൽകിയിരുന്നത്. ഇതിനായി യോഗ സ്ഥലത്തേക്ക് അംഗങ്ങൾ തേങ്ങയുമായെത്തേണ്ടതില്ല. പകരം ഇങ്ങനെ ഉഴിഞ്ഞു വച്ച തേങ്ങ സംഭരിക്കുന്നതിന് വീടുകളിലേയ്ക്ക് കാളവണ്ടിയെത്തും. ഇപ്രകാരം സംഭരിക്കുന്ന തേങ്ങ അങ്ങാടിയിൽ കൊടുത്തു പണമാക്കുകയാണ് പതിവ്.

ഇത്തരത്തിൽ സ്വരൂപിക്കുന്ന പണം, അംഗങ്ങൾക്കു തന്നെ കുട്ടികളുടെ പഠനം, വിവാഹം തുടങ്ങിയ അത്യാവശ്യങ്ങൾക്കായി വായ്പയായി നൽകും. ഇതിന് നിശ്ചിത പലിശയും ഉണ്ടാവും. ഈ തുക ഒന്നിച്ചടയ്ക്കാനോ തവണയാക്കാനോ വായ്പ വാങ്ങുന്നവർക്കു സ്വാതന്ത്ര്യമുണ്ട്. ഇതിനായി തന്റെ പുരയിടത്തിലെ ഏതാനും തെങ്ങുകളെയാവും അയാൾ പ്രയോജനപ്പെടുത്തുക. എന്റെ പറമ്പിന്റെ തെക്കു വടക്കേ മൂലയിലെ നാലു തെങ്ങും, പടിഞ്ഞാറ്റേ ആറു തെങ്ങുമുൾപ്പെടെ പത്തു തെങ്ങ് എന്റെ വായ്പത്തുകയും പലിശയും തിരിച്ചടയ്ക്കുന്നതിനായി സംഘത്തിനും കെട്ടി കൊടുത്തിരിക്കുന്നു എന്ന ഒരു പ്രസ്താവനയാണ് ഇതിനായി വായ്പക്കാരൻ എഴുതി കൊടുക്കേണ്ടത്. വായ്പക്കാരനെ അധമർണ്ണൻ എന്ന നിക്ഷേപകനെ ഉത്തമർണ്ണൻ എന്നുമാണ് അന്നു പറഞ്ഞിരുന്നത്.

ഈ പ്രസ്താവനയോടെ മേൽപറഞ്ഞ തെങ്ങുകൾ അന്യാധീനമാകുന്നു. ഇപ്രകാരം തൈെങ്ങുകൾ നൽകുന്ന രീതിയാണ് കെട്ടു തെങ്ങു സമ്പ്രദായം. ഇതിനുള്ള തെങ്ങു തെരഞ്ഞെടുക്കുന്നതു സംഘത്തിന്റെ ഭാരവാഹികൾ തന്നെ. ഏറ്റവും നന്നായി കായ്ക്കുന്ന തെങ്ങുകളാവും ഇതിനായി തെരഞ്ഞെടുക്കുന്നത്. ഇതിന് മാനാങ്കാണി എന്ന രീതിയാണ് നിലനിന്നിരുന്നത്. ഒരു തവണ തേങ്ങയിട്ടാൽ ഇത്ര തേങ്ങ കിട്ടും എന്ന് തെങ്ങിൽ നോക്കി നിശ്ചയിക്കലാണ് മാനാങ്കാണി. തുടർന്ന് ഈ തെങ്ങിൽ അല്ലെങ്കിൽ തെങ്ങുകളിൽ കയറുപയോഗിച്ച്, ഒരു ചുറ്റി കെട്ടു കെട്ടും. (ഇതിന്റെ അടിസ്ഥാനത്തിലാണ് കെട്ടു തെങ്ങ് എന്ന പേര് വന്നത്) ഇതു കണ്ടാൽ മനസ്സിലാക്കിക്കൊള്ളണം സംഘത്തിനു പണയപ്പെടുത്തിയ തെങ്ങാണിതെന്ന്. ഇപ്രകാരം കെട്ടിയ തെങ്ങിന് പരിചരണം നൽകാൻ അധമർണ്ണൻ മടിയ്ക്കരുത്. മറ്റു തെങ്ങുകൾക്കൊപ്പം ഇതിനു കിളയും നനയും നൽകണം. പക്ഷേ നിശ്ചിത കാലയളവു വരെ അയാൾ മേലാദായം എടുക്കാൻ പാടില്ല. എല്ലാ തവണയും കെട്ടു തെങ്ങിൽ നിന്ന് ആദായമെടുക്കാൻ സംഘം ഭാരവാഹികൾ എത്തും. കിട്ടുന്ന തേങ്ങയുടെ കണക്കും മൂല്യവും രേഖപ്പെടുത്തുകയും ചെയ്യും.

നിശ്ചിത കാലാവധി കൊണ്ട് തിരിച്ചടവ് പൂർണ്ണമായില്ലെങ്കിൽ വീണ്ടും കെട്ടും. കാലാവധിയ്ക്കുള്ളിൽ മൂല്യത്തിനു മുകളിൽ തുക പിരിഞ്ഞാൽ കെട്ടഴിയ്ക്കും. ആരെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ കെട്ടു കെട്ടിയ്ക്കും. ഇതിനർത്ഥം പിഴയീടാക്കാൻ കൂടുതൽ തെങ്ങുകൾ സംഘത്തിന്റെ അധീനതയിലാക്കും എന്നാണ്. എന്നാൽ ആരും തന്നെ വാഗ്ദാന ലംഘനം നടത്തിയിരുന്നില്ല. കെട്ടഴിയ്ക്കുന്നതോടെ ബാധ്യത തീരും.

ഈ സമ്പ്രദായത്തിലൂടെ സംഘങ്ങൾക്കുണ്ടാകുന്ന ആദായം അംഗങ്ങൾക്കിടയിൽ തുല്യമായി പങ്കിടുകയാണ് പതിവ്. ഇത് ഓണം, വിഷു തുടങ്ങിയ കാർഷികോത്സവ വേളകളിൽ ഗ്രാമീണർക്ക് ബോണസ്സായി മാറിയിരുന്നു. കെട്ടു തെങ്ങു നടപ്പാക്കുമ്പോൾ സംഘം ഭാരവാഹികളും ഒരു പ്രസ്താവന നടത്തും. വെടലയോ കൂരിയോ എടുക്കില്ല എന്ന്. വെടല എന്നാൽ കരിക്ക്, കൂരിയെന്നാൽ കുഞ്ഞൻ തേങ്ങകൾ. കർക്കിടക കൂരി എന്നു കേട്ടിട്ടില്ലേ? കർക്കിടക മാസത്തിൽ വിളയുന്ന കുഞ്ഞൻ തേങ്ങകളാണ് കൂരി. ലക്ഷണമൊത്ത, വിളഞ്ഞു പാകമായ തേങ്ങ മാത്രമേ സംഘം സ്വീകരിക്കൂ.

ഇനി ചില ഇളവുകളും ഈ സമ്പ്രദായത്തിലുണ്ട്. അധമർണ്ണന്റെ ഭവനത്തിൽ മാരക രോഗങ്ങളോ മരണമോ ഉണ്ടായാൽ കെട്ടിളവു നൽകും. ഇതിൻ പ്രകാരം ഏതാനും തവണകളിൽ ആദായമെടുക്കുന്നത് സംഘം യോഗം ചേർന്ന് ഒഴിവാക്കും. എത്ര ശാസ്ത്രീയമായ മാനുഷിക പരിഗണനനയുള്ള വായ്പാ സമ്പ്രദായമായിരുന്നു ഇതെന്നോർക്കുക.

കാലങ്ങൾ മാറിയതോടെ തെങ്ങുകളും ആദായവും കുറഞ്ഞു. സംഘങ്ങൾ സഹകരണ സംഘങ്ങളായും ബാങ്കുകളായും പരിണമിച്ചു. ഒരു കാലഘട്ടത്തിൽ നമ്മുടെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ നിയന്ത്രിച്ച തെങ്ങുകൾക്കും മാറ്റമുണ്ടായി. എങ്കിലും പഴമക്കാരുടെ മനസ്സിൽ ഇന്നും കെട്ടു തെങ്ങു സമ്പ്രദായം മാറാതെ നിൽക്കുന്നു. ■

*ഫോൺ: 9446748697*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 ക. | 1600 ക. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 ക. | 5000 ക. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 ക. | 1000 ക. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 ക. | 1000 ക. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 ക. | 1000 ക. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 ക. | 1000 ക. |

*ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. എജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.*

**ഏജൻസി തുടരുന്നതിന് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 10 പേരെയെങ്കിലും ഒറ്റത്തവണയായി ചേർക്കേണ്ടതുണ്ട്.**

***വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം***

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും*
*താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

***ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.***



# കാട്ടു ചേന

**ബേബി ജോസഫ്,**
നാഗാർജ്ജുന, തൊടുപുഴ

ഔഷധ സസ്യ കൃഷിയിൽ താൽപര്യമുള്ള കേര കർഷകർക്ക് തെങ്ങിനിടവിളയായി വളർത്താവുന്ന ഔഷധ സസ്യമാണ് കാട്ടു ചേന. രൂപത്തിലും മറ്റു കാര്യങ്ങളിലും കൃഷി ചെയ്യുന്ന ചേനയുമായി സാമ്യമുണ്ടെങ്കിലും വലിപ്പത്തിൽ ഇത്തിരി കുഞ്ഞനാണ്. നാടൻ ചേനയുടെ തണ്ട് നല്ല പച്ച നിറത്തിൽ വെളുത്ത പാടുകളുള്ളതാണ് എന്നാൽ കാട്ടു ചേനയുടെ തണ്ടിനു കറുപ്പുനിറത്തിൽ വെളുത്ത പാടുകളാണ്. കൂടാതെ തണ്ടിൽ അങ്ങിങ്ങു ചെറിയ മുള്ളുകളും കാണും.

*Amorphoplallus sylvalicsu* എന്ന് ശാസ്ത്രീയ നാമമുള്ള ഇതിന്റെ ഇലകളുടെ അഗ്രഭാഗം കൂർത്തതും ഇല പാളികൾ മടങ്ങിയതുപോലെ രൂപവുമാണ്. ഔഷധ യോഗ്യഭാഗമായ കിഴങ്ങ് പരമാവധി രണ്ടു കിലോ ഗ്രാം വരെയാണ് ഉണ്ടാവുന്നത്. എല്ലാ ഭാഗത്തിനും നാട്ടു ചേനയെ അപേക്ഷിച്ച് ചൊറിച്ചിൽ കൂടുതലാണ്. കാത്സ്യം ഓക്സലേറ്റ് തരികളാണ് ഇതിനു കാരണം. ആയുർവ്വേദ മരുന്നുകളുണ്ടാക്കുമ്പോൾ മോരിൽ ശുദ്ധി ചെയ്താണ് ഉപയോഗിക്കുന്നത്.

വളരെയേറെ ഔഷധ മൂല്യമുള്ള കാട്ടു ചേനയുടെ വിത്ത് പുതുമഴ സമയത്തു മുറിച്ചു നടാം. ഓരോ കഷണത്തിനും മുളയുണ്ടാവണം. സ്ഥലം കിളച്ചൊരുക്കി ആറടിയകലകത്തിൽ തടമെടുത്തു നന്നായി ജൈവവളങ്ങൾ ചേർത്ത് ചേന കഷണങ്ങൾ നടാം. മണ്ണുകൂട്ടി ഉണക്കിലകൾ കൊണ്ട് പുതയിടണം. ഒരു മാസത്തിനകം മുളച്ചു തുടങ്ങും. കൃത്യമായി കളകളെടുത്ത് ജൈവവളങ്ങളും ചാരവും ചേർത്തു കൊടുക്കണം. 8 മാസം കഴിയുന്നതോടുകൂടി വേനൽക്കാലം തുടങ്ങി കഴിയുമ്പോൾ ഇലയും തണ്ടും കരിഞ്ഞുണങ്ങുന്ന സമയത്ത് കിഴങ്ങുകൾ കേടില്ലാതെ വിളവെടുത്ത് വിപണനം ചെയ്യാം. ചൊറിച്ചിൽ ഉള്ളതിനാൽ ഗ്ലൗസിട്ടു കൈകാര്യം ചെയ്യണം.

വളരെയേറെ ഔഷധ മൂല്യമുള്ള കാട്ടു ചേനയുടെ കിഴങ്ങും വിത്തും, അർശ്ശസ്സ്, അൾസർ, കഫം, മലബന്ധം, ശരീര നീരുകൾ, രക്തദോഷം, പിത്തം ഇവ മാറും. ചില യവസരങ്ങളിൽ ചിലതരം കാൻസർ രോഗത്തിനു വരെ ഫലപ്രദം. ശ്വാസം മുട്ടൽ, അർശസ്, ഉദര ശല്യമുള്ളവർ മോരിൽ ശുദ്ധി ചെയ്ത കാട്ടു ചേന ഉപയോഗിക്കണം. പൊതുവേ ഇരുമ്പ് ആയുധങ്ങൾ ഉപയോഗിക്കാതെ മുളയുടെ തണ്ട് കത്തി രൂപത്തിലാക്കി തൊലി ചെത്തുകയും മുറിക്കുകയും ചെയ്യുന്നതാണ് കൂടുതൽ ഗുണപ്രദം. കാട്ടു ചേന മുഖ്യമായി ചേരുന്ന സൂരണാഭിലേഹ്യമടക്കം ഒട്ടേറെ ആയുർവ്വേദ മരുന്നുകൾ വളരെയേറെ ഫലപ്രാപ്തി തരുന്നതാണ്.

പ്രമേഹം, അമിത വണ്ണവും രക്തസമ്മർദ്ദവും കുറയ്ക്കുവാനൊക്കെ ഇതിനു കഴിവുണ്ട്. ആന്റി ഓക്സിഡൻസ് ധാരാളമടങ്ങിയതിനാൽ ഫ്രീറാസിക്കൽസിനെ തടയും. ചർമ്മം ചുളുങ്ങാതെ നല്ല ഭംഗിയായി ശരീര സൗന്ദര്യം നിലനിർത്തുവാനും കഴിയും.

തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്താൽ ഒരേക്കറിൽ നിന്നും 5 ടണ്ണിലേറെ വിളവു ലഭിക്കും. കിലോ ഗ്രാമിന് 30 മുതൽ 50 രൂപ വരെ വിപണിയിൽ വിലയുണ്ട്. ■

*ഫോൺ: 9495508344*




# സിപിസിആർഐ സ്ഥാപക ദിനം ആഘോഷിച്ചു

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ 106-ാമത് സ്ഥാപകദിനം 2022 ജനുവരി 5 ന് സമുചിതമായി ആഘോഷിച്ചു. ഓൺലൈനായി നടത്തിയ ആഘോഷപരിപാടികളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.എ.കെ സിംങ്, ഡോ.ബികെ പാണ്ടെ, എന്നിവരെ കൂടാതെ സിപിസിആർഐ മുൻ ഡയറകടർമാരും, തോട്ടവിളകളുടെ വികസനത്തിലും ഗവേഷണത്തിലും നിർണായക സംഭവാനകൾ നൽകിയ മറ്റ് പ്രതിഭകളും പങ്കെടുത്തു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ തോട്ടവിളകളുടെ പ്രാധാന്യത്തെ കുറിച്ചും തോട്ടവിള മേഖല ആർജ്ജിച്ച നേട്ടങ്ങളെ കുറിച്ചും മുഖ്യ പ്രഭാഷണത്തിൽ ഡോ. സിംങ് പരാമർശിച്ചു. തോട്ടവിള മേഖലകളിലെ മണ്ണിന്റെ പോഷകാവസ്ഥ അടയാളപ്പെടുത്തൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കാർബൺ സ്വാംശീകരണ പഠനങ്ങളുടെ ആവശ്യകത തുടങ്ങിയ വിഷയങ്ങളെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

നാളികേര വികസന ബോർഡ് മുൻ ചെയർമാനും എപിസിസി മുൻ എക്സിക്കുട്ടിവ് ഡയറക്ടറുമായ ഡോ. പി രത്തിനമാണ് ആഘോഷത്തിന്റെ ഭാഗമായുള്ള ഡോ. കെവി അഹമ്മദ് ബാവപ്പ അനുസ്മരണ പ്രഭാഷണം നടത്തിയത്. ഇന്റർനെറ്റ് പോലുള്ള ആധുനിക ശാസ്ത്രത്തിന്റെയും, കൃത്യതാ കൃഷി പോലുള്ള സാങ്കേതിക വിദ്യയുടെയും ഉപയോഗത്തിന്റെ പ്രാധാന്യവും തോട്ടവിളകളുടെ വികസനത്തിന്റെ ഭാവിയും സാമ്പത്തിക സാഹചര്യങ്ങളും അദ്ദേഹം എടുത്തു പറഞ്ഞു. സിപിസിആർഐയുടെ നേട്ടങ്ങളെ ഡോ. പണ്ടെ തന്റെ പ്രസംഗത്തിൽ അനുമോദിച്ചു. തോട്ടവിള മേഖല ശാസ്ത്ര സമൂഹത്തിനും പ്രത്യേകിച്ച് കൃഷിക്കാർക്കും വാഗ്ദാനം ചെയ്യുന്ന അവസരങ്ങളെ അദ്ദേഹം ഉന്നിപ്പറയുകയും ചെയ്തു.

സിപിസിആർ ഐ വിവിവധ ഭാഷകളിൽ പ്രസിദ്ധീകരിച്ച ദി കോക്കനട്ട് ജിനോം (ഇംഗ്ലീഷ്), ശാസ്ത്രീയ നാളികേര കൃഷി - വിത്തുമുതൽ വിപണി വരെ (മലയാളം ഇ- ബുക്ക്), കമുകു കൃഷി (കന്നഡ, മലയാളം) കേരകൃഷിയിലെ സംയോജിത കീട നിയന്ത്രണം കന്നഡ) എന്നിവയുടെ പ്രകാശനം ഓൺലൈനായി ഡോ. സിംങ് നിർവഹിച്ചു. സ്ഥാപക ദിനത്തോടനുബന്ധിച്ച് മികച്ച പ്രവർത്തനത്തിന് സിപിസിആർഐ നൽകുന്ന വാർഷിക അവാർഡുകളും ഡോ. സിംങ് വിതരണം ചെയ്തു.ഡോ. രാജ്കുമാറിനും സംഘത്തിനുമാണ് മികച്ച ശാസ്ത്രജ്ഞർക്കുള്ള പുരസ്കാരം ലഭിച്ചത്. സി പുരന്ധര, ഇബ്രാഹിം എന്നിവർക്കാണ് ടെക്നിക്കൽ വിഭാഗത്തിൽ നിന്നുള്ള അവാർഡുകൾ. സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമയി ലഭിച്ചത്.

നാളികേരത്തിന് സൂക്ഷ്മ ജലസേചനം എന്ന വിഷയത്തെ കുറിച്ച് ഒരു പരിശീലന പരിപാടിയും സംഘടിപ്പിച്ചിരുന്നു. കാസറഗോഡ് ജില്ലയിലെ അഞ്ച് സൂക്ഷ്മ നീർത്തട പ്രദേശത്തുനിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട കൃഷിക്കാരാണ് പരിശീലനത്തിൽ പങ്കെടുത്തത്. നബാർഡിന്റെ സഹായത്തോടെ നടത്തിയ പരിശീലന പരിപാടിയിൽ നീലേശ്വരം സെന്റർ ഫോർ റൂറൽഡവലപ്മെന്റും സഹകരിച്ചു. പരിശീലന പരിപാടിക്ക് പ്രിസൻസിപ്പൽ സയന്റിസ്റ്റ് ഡോ. എസി മാത്യു നേതൃത്വം നൽകി.

ചീമേനിയിലെ തുറന്ന ജയിൽ വളപ്പിലെ ഒരു ഹെക്ടറിൽ മാതൃക തെങ്ങിൻ തോട്ടം സ്ഥാപിക്കുന്നതിന് സിപിസിആർഐ നൽകുന്ന സാങ്കേതിക സഹായ സംരംഭത്തിന് കാസറഗോഡ്, സിപിസിആർഐ പിജെ ഹാളിൽ നടന്ന ചടങ്ങിൽ തുടക്കം കുറിച്ചു. ജയിൽ സൂപ്രണ്ട് ശ്രീ ടി സുധീറിന് തെങ്ങിൻ തൈ നൽകിക്കൊണ്ട് ഡോ. അനിത കരുൺ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. കൃഷിക്കാരുടെ പ്രതിനിധിയും മുഗു നീർത്തട സമിതി സെക്രട്ടറിയുമായ ശിവപ്രസാദ് ആശംസകൾ നേർന്നു. സിപിസിആർഐ ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഡോ.അനിത കരുൺ സ്വാഗതം ആശംസിച്ചു. പോയ വർഷം സ്ഥാപനം കൈവരിച്ച നേട്ടങ്ങളെ കുറിച്ചും അവർ ഹ്രസ്വ അവതരണം നടത്തി. പുതിയ ജനിതക സ്രോതസുകൾ, നാളികേ ജനിതക ഘടനയുടെ മേഖലയിലെ പുരോഗതി എന്നിവയുമായി ബന്ധപ്പെട്ട് സിപിസിആർഐ കൈവരിച്ച നേട്ടങ്ങളും കൃഷിക്കാർക്ക് സാങ്കേതിക വിദ്യകൾ കൈമാറുന്നതിനു സംഘടിപ്പിച്ച വിവിധ പരിപാടികളും അവർ എടുത്തു പറഞ്ഞു.

സിപിസിആർഐ സാമൂഹ്യ ശാസ്ത്ര വിഭാഗം മേധാവിയുടെ ചുമതല വഹിക്കുന്ന ഡോ. സി തമ്പാൻ നന്ദി പറഞ്ഞു.

*തയാറാക്കിയത്. ഡോ. എസ് രമേഷ്, ഡോ. സി തമ്പാൻ, സിപിസിആർഐ.*





## മുഖമൊഴി

കാലമാകുന്ന വൃക്ഷത്തിൽ നിന്ന് ഒരില കൂടി കൊഴിഞ്ഞു. നമ്മുടെ ആയുസിൽ നിന്ന് ഒരു സംവത്സരം കൂടി വിടവാങ്ങി. ആശകളും ആശങ്കകളുമായി പുതിയ വർഷം വന്നണഞ്ഞിരിക്കുകയാണ്. പുതിയ വർഷത്തിൽ നാം പുതിയ പ്രതിജ്ഞകൾ എടുക്കണം. പോരാ, അത് നിറവേറ്റാനുള്ള നിശ്ചയദാർഢ്യവും നമുക്ക് ഉണ്ടാവണം.

ഈ കുറിപ്പ് എഴുതുമ്പോൾ കോവിഡന്റെ മൂന്നാം തരംഗം സംസ്ഥാനത്ത് ശീഘ്രം വ്യാപിക്കുന്നുണ്ട്. സ്കൂളുകളിൽ നിന്നു ലഭിക്കുന്ന വാക്സിനുകൾ സ്വീകരിക്കുക. ആരോഗ്യ പ്രവർത്തകർ നിർദേശിക്കുന്ന മുൻകരുതലുകൾ മടി കൂടാതെ അനുവർത്തിക്കുക. കഴിഞ്ഞ രണ്ടു വർഷമായി അവർ നിരന്തരം നടത്തുന്ന ഓർമ്മപ്പെടുത്തലുകൾ ശിരസാവഹിക്കുക.

പരീക്ഷകൾ മുന്നിലെത്തി നിൽക്കുന്നു. ഒരു മാസമെ ബാക്കിയുള്ളു. അതിനാൽ സമയം ഫലപ്രദമായി വിനിയോഗിക്കുക. നന്നായി തയാറെടുക്കുക.

എഡിറ്റർ

## തെങ്ങ് – അത്ഭുത വൃക്ഷം

**ചേപ്പാട് ഭാസ്ക്കരൻ നായർ**

അത്ഭുത വൃക്ഷമായ് തെങ്ങിനെ നാം
ആദരവോടെന്നും കണ്ടിടേണം
ജീവന്റെ വൃക്ഷമെന്നത്രേ ലോകം
കേര വൃക്ഷത്തെ ഗണിച്ചിടുന്നു.

കാലം തെളിയിച്ചിതിൻ മഹത്വം
കേരളീയർക്കിതു ബോദ്ധ്യമായി
സ്വന്തം പറമ്പിൽ നാലഞ്ചു തെങ്ങ്
സ്വന്തം പരിശ്രമം കൊണ്ടു വച്ചാൽ
കൃത്യമായ് സംരക്ഷിച്ചീടുമെങ്കിൽ
കായ്ഫലം നൽകിയനുഗ്രഹിക്കും
എത്ര കുടുംബങ്ങളേറെ നാളായ്
ഉപജീവിച്ചിടുന്നു തെങ്ങുകളെ.

കേരളത്തിന്റെ ചരിത്രമെല്ലാം
കൃഷിയുമായ് ബന്ധിച്ചതാണല്ലോ
ഒപ്പം ഹാ! നാടിൻ പുരോഗതിയും
കൃഷി അടിസ്ഥാന-മാക്കിടുന്നു.
തെങ്ങുകൃഷി, പിന്നെ നെൽകൃഷിയും
ഒന്നുപോൽ തന്നെ നാം ചെയ്തിരുന്നു.
അക്കാലമെല്ലാം പഴങ്കഥയായ്
മാറിയതിന്നു ദുര്യോഗമായി.

തെങ്ങിനെ നമ്മൾ അവഗണിച്ചാൽ
നഷ്ടമേയുണ്ടാകൂ, നിശ്ചയം താൻ
കല്പ വൃക്ഷമെന്നു പൂർവ്വികന്മാർ
കൽപിച്ചതെത്ര ഉചിതമായി.
ഇന്നുമീ നാടിന്റെ ഐശ്വര്യത്തെ
കാണുന്നു കേര വൃക്ഷത്തിലൂടെ
ആയിരം കാര്യങ്ങൾക്കുള്ള വൃക്ഷം
തെങ്ങല്ലാതേതുണ്ട് കേരളത്തിൽ?

കേരത്തിൻ നാടായി കേരളത്തെ
കാണണം മാലോകർ ഭാവിയിലും
നോക്കി വളർത്തുക തെങ്ങിനെ നാം
എങ്ങും വളരട്ടെ കേര വൃക്ഷം!

# ബ്രൂസ് ഫിഫെയും വെളിച്ചെണ്ണയും



**പി.അനിതാകുമാരി**
ശ്രീമന്ദിരം, ഇളംപല്ലൂർ, പെരുമ്പുഴ, കൊല്ലം



ചായ കഴിച്ചുകൊണ്ടിരുന്നപ്പോഴാണ് കൂട്ടുകാരന്റെ വരവ്. വരുന്നൂന്ന് അവൻ നേരത്തെ വിളിച്ചു പറഞ്ഞിരുന്നതാണ്.

അമ്മേ ഒരു ചായ കൂടി...

ങേ. ഇന്ന് എങ്ങോട്ടാണ് രണ്ടാളും കൂടി.

ഒന്ന് മാഷിനെ കാണാൻ പോണമമ്മേ. മാഷ് കാത്തിരിക്കുന്നുണ്ടാവും.

നീ മാഷ് പറഞ്ഞ പുസ്തകം വായിച്ചു തീർത്തോ, വല്ലതും മനസിലായോ. - കൂട്ടുകാരൻ

വായിച്ചു. കുറെ മനസിലായി. ബാക്കി മാഷിനോടു തന്നെ ചോദിക്കാം.

അമ്മ ചായയും, പ്ലേറ്റിൽ ഇലയടയും കൊണ്ടുവന്നു.

വേഗം കഴിക്കെടാ. സമയം പോകും. മാഷ് ചിലപ്പോൾ തെങ്ങിൻ പുരയിടത്തിലേയ്ക്ക് ഇറങ്ങിയാൽ ഇന്നത്തെ കാര്യം തീരുമാനമാകും.

നല്ല അട. ഒന്നു കൂടി തരാൻ അമ്മയോട് പറയടാ.

ഫോ.. പോടാ തീറ്റിപണ്ടാറമേ.. നീ വരുന്നെങ്കിൽ വാ, അടയും തിന്ന് ഇരിക്കാതെ, അല്ലെങ്കിൽ ഞാൻ പോകും. അപ്പോഴേയ്ക്കും അമ്മ ഒരിലയടയുമായി അകത്തു നിന്നു വന്നു.

നീ കഴിച്ചിട്ടു പോയാൽ മതിയെടാ. അമ്മയുടെ ശബ്ദത്തിൽ വാത്സല്യം.

കൂട്ടുകാരൻ ഒരു ജാള്യതയോടെ ആ അട വാങ്ങി സാവകാശത്തിൽ കഴിച്ചു തുടങ്ങി. അമ്മ ശകാര ഭാവത്തിൽ എന്നെ നോക്കി. ശരിയാണ്. അവന് ഇതൊന്നും ഉണ്ടാക്കി കൊടുക്കാൻ അമ്മയില്ല. അമ്മയുടെ സ്നേഹം അവൻ അറിഞ്ഞിട്ടില്ല. കുഞ്ഞിലെ അമ്മ മരിച്ച അവന് എല്ലാ അമ്മമാരെയും ഇഷ്ടമാണ്. ഞാൻ കാത്തു നിന്നു. അവൻ അടയും തിന്ന് ഗ്ലാസിലെ ബാക്കി ചായയും കുടിച്ച് ചുണ്ടും തുടച്ച് എഴുന്നേറ്റു.

പോയി വായ് കഴുകിയിട്ടു വാടാ. ഒരു വൃത്തി വേണ്ടേ.

ഞാൻ വഴക്കിട്ടു. അവൻ അകത്തു പോയി വായും മുഖവും കഴുകി തുടച്ച് വന്നു.

ഞങ്ങൾ ചെല്ലുമ്പോൾ മാഷും ടീച്ചറും കൂടി മുറ്റത്ത് ഉണങ്ങാനിട്ടിരുന്ന കൊപ്ര വാരി കൂട്ടുകയാണ്.

സഹായിക്കാം മാഷേ - ഞങ്ങളും കൊപ്ര വരാൻ കൂടി. അതിനിടെ കൂട്ടുകാരൻ ഒരു കഷണം കൊപ്ര വായിൽ തിരുകി. ഞാൻ അവന്റെ ചെവിക്ക് നുള്ളി.

അവൻ ഒരു കഷണം തിന്നോട്ടടാ. കൊപ്രയല്ലേ വേണമെങ്കിൽ നീയും ഒരു കഷണം എടുത്തോ.

കൂട്ടുകാരൻ എന്നെ നോക്കി വിജയ ഭാവത്തിൽ ചിരിച്ചു.

ടോട്ടോചാൻ പുസ്തകം വായിച്ചില്ലേ. വരാന്തയിലേയ്ക്കു കയറുമ്പോൾ മാഷ് രണ്ടു പേരോടുമായി ചോദിച്ചു.

ഉവ്വ് - ഞാൻ തലയാട്ടി.

എന്നാൽ പറയൂ, അതിലേറ്റവും ഇഷ്ടപ്പെട്ട കാര്യമെന്താണ്, കേൾക്കട്ടെ.

എല്ലാ കുട്ടികളുടേയും ഉച്ച ഭക്ഷണപാത്രത്തിൽ കരയിലുള്ളതും കടലിലുള്ളതും ഉണ്ടോയെന്ന് കൊബയാഷി മാസ്റ്റർ ചോദിക്കുന്നതാണ് മാഷേ-



ഞങ്ങൾ പറഞ്ഞു.

അതെനിക്ക് തോന്നി.

മാഷ് കളിയാക്കിയാണോ ചിരിച്ചതെന്നു സംശയം. അൽപം ജാള്യതയും. അപ്പോൾ മാഷ് തുടർന്നു -

പക്ഷേ, അതിൽ വലിയൊരു തത്വമുണ്ട്. ഉദാഹരണത്തിന് മൈക്ക് ഫോയൽ എന്ന ശാസ്ത്രജ്ഞൻ പറയുന്നത് വെളിച്ചെണ്ണ മാത്രം നൽകിയുള്ള പരീക്ഷണത്തിൽ ഒമേഗ – 3 കൊഴുപ്പമ്ലങ്ങൾ തീരെ ഭക്ഷണത്തിൽ ഉണ്ടാവുകയില്ല. എന്നാൽ തെങ്ങും തേങ്ങയും ധാരാളമുള്ള തീരപ്രദേശങ്ങളിലെ സമൂഹങ്ങൾ ഒമേഗ – 3 ധാരാളമുള്ള മത്സ്യങ്ങളും ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് കൊണ്ട് ആരോഗ്യകരമായ ഭക്ഷണ രീതിയാണെന്നതാണ്. അതായത് കരയിലുള്ളതും കടലിലുള്ളതുമാണോ എന്ന് കൊബയാഷി മാസ്റ്റർ ചോദിക്കുന്നത്, ലളിതമായി പറഞ്ഞാൽ സമീകൃത ആഹാരമാണോ എന്നാണ് അല്ലേ?

അതേ, ഞാനാ പുസ്തകം പല പ്രാവശ്യം വായിച്ചു. പുതിയ കാര്യങ്ങൾ ഓരോ വായനയിലും ഞാനറിയുന്നു. തേങ്ങാ അരച്ച് ചേർത്ത മീൻ കറിയാണ് ഞങ്ങൾക്കും ഇഷ്ടം. കൂട്ടുകാരൻ എന്നേ നോക്കി വാപൊളിച്ചു.

അതുപോലെ ബ്രൂസ് ഫിഫെ എന്ന ശാസ്ത്രജ്ഞൻ വെളിച്ചെണ്ണയുടെ ആരോഗ്യപ്രാധാന്യത്തെപ്പറ്റിയും അതിശയകരമായ ഗുണങ്ങളെക്കുറിച്ചും വിസതരിക്കുന്ന പുസ്തകമെഴുതിയിട്ടുണ്ട്. ദ് കോക്കനട്ട് ഓയിൽ മിറക്കിൾ . ചില വിറ്റാമിൻ ബി ഘടകങ്ങൾ, കൊഴുപ്പിൽ അലിയുന്ന വിറ്റാമിൻ എ, ഡി, ഇ, കെ, ബീറ്റാ കരോട്ടിൻ, ചില അമിനോ അമ്ലങ്ങൾ എന്നിവയുടെ ആഗിരണത്തിന് വെളിച്ചെണ്ണയുടെ പങ്ക് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. ശുദ്ധമായ രാസപരിണാമങ്ങൾക്ക് വിധേയമായിട്ടില്ലാത്ത, കലർപ്പില്ലാത്ത ചൂടധികം ഏൽക്കാത്ത വെളിച്ചെണ്ണയായിരിക്കണം എന്നത് വളരെ പ്രധാനമാണ്.

അപ്പോൾ നമ്മുടെ വെളിച്ചെണ്ണ താരം തന്നെയാണല്ലോ. മാഷേ അപ്പോൾ ഞങ്ങളുടെ അമ്മ കുഞ്ഞനിയത്തിയെ കുളിപ്പിക്കുന്നതിനു മുമ്പ് തേക്കുന്ന ഉരുക്കു വെളിച്ചെണ്ണയും വെളിച്ചെണ്ണയല്ലേ. അതിന്റെ മണവും, അടിഞ്ഞു വരുന്ന കക്കന്റെ രുചിയും......

അത് തേങ്ങാപ്പാൽ വറ്റിച്ചുണ്ടാക്കുന്നതാണ്. ചൂടാക്കിയും ചൂടാക്കാതെയും അതുണ്ടാക്കാം.

വെളിച്ചെണ്ണയേക്കാളും വിലയും ഗുണവും കൂടുതലാണ്. അല്ലേ മാഷേ.... ?

അതേ, ജൈവികമായി സജീവമായ ഘടകങ്ങൾ സാധാരണ കൊപ്രയിൽ നിന്നെടുക്കുന്ന വെളിച്ചെണ്ണയെക്കാളും ഉരുക്കു വെളിച്ചെണ്ണയിലുണ്ട്. വിർജിൻ വെളിച്ചെണ്ണയെന്നാണ് ഇത് അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്നത്. ലാറിക് അമ്ലം കൂടാതെ, വിറ്റാമിൻ ഇ യുടെ വകഭേദങ്ങളായ ട്രോക്കോട്രിനോളുകൾ, ടോക്കോഫിനോളുകൾ, സ്റ്റീറോളുകൾ, ആന്റി ഓക്സിഡന്റുകളായ പോളിഫിനോളുകൾ എന്നിവയും വി.സി.ഒ എന്നറിയപ്പെടുന്ന വിർജിൻ കോക്കനട്ട് ഓയിലിൽ അടങ്ങിയിട്ടുണ്ട്. - ടീച്ചറാണ് അതു പറഞ്ഞത്.

നമ്മുടെ ത്വക്കിന്റെ ആരോഗ്യത്തിനുള്ള ഭക്ഷണം തന്നെയാണ് വെളിച്ചെണ്ണ തേയ്ക്കുന്നതിലൂടെ ലഭിക്കുന്നത്. ത്വക്കിന് സജ്ജലീകരിയാണ് വെളിച്ചെണ്ണ. അതുപോലെ തലമുടിയിലുള്ള മാംസ്യ ഘടകങ്ങളെ പരിപോഷിപ്പിക്കുകയും, ശിരസിലേയ്ക്ക് ഇറങ്ങിചെന്ന് ആരോഗ്യവുമുള്ള മുടിയുണ്ടാക്കുന്നു. സോപ്പിലും, പ്രധാന ഘടകമാണ്. വെളിച്ചെണ്ണ. 4000 വർഷങ്ങൾക്ക് മുൻപേ ആയുർവ്വേദത്തിൽ വെളിച്ചെണ്ണയും തേങ്ങയുമടങ്ങിയ എത്രയോ ഔഷധക്കൂട്ടുകളുണ്ട്. നമ്മുടെ ഭാഷാപിതാവായ എഴുത്തച്ഛനുമുണ്ട് വെളിച്ചെണ്ണയുമായി ഒരുബന്ധം. ചക്കാല നായർ സമുദായാംഗമായിരുന്നു പോൽ അദ്ദേഹം. മരച്ചക്കിലാട്ടിയ വെളിച്ചെണ്ണ ആയിരുന്നു ആദ്യ കാലങ്ങളിൽ നാം ഉപയോഗിച്ചിരുന്നത്. ഇപ്പോൾ മില്ലുകളിൽ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചാണ് പലയിടത്തും വെളിച്ചെണ്ണ തയ്യാറാക്കുന്നത്. മാഷേ അപ്പോൾ വെളിച്ചെണ്ണയുണ്ടാക്കാൻ കുറെയധികം രീതികൾ ഉണ്ടല്ലോ.

ഉണ്ട്, അതിനെക്കുറിച്ച് പിന്നീടൊരിക്കൽ പറയാം. വീട്ടിൽ അമ്മ കാത്തിരിക്കുന്നുണ്ടാകും. ചെല്ലൂ..

വീട്ടിലെത്തിയപ്പോൾ അമ്മ കാത്തിരിക്കുകയായിരുന്നു.

നീ പോയി ഒരു ലിറ്റർ സൂര്യകാന്തി എണ്ണ വാങ്ങിക്കൊണ്ടു വരൂ. കുറച്ച് പലഹാരമുണ്ടാക്കാനാണ്.

ഞാൻ പൈസ വാങ്ങിയിട്ട് പറഞ്ഞു. അമ്മേ നമ്മളിനി വെളിച്ചെണ്ണ ഉപയോഗിച്ചാൽ പോരേ. നമ്മുടെ അമ്മുമ്മ വെളിച്ചെണ്ണ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ എന്ന് അമ്മ പറയാറുണ്ടല്ലോ. ഊർജ്ജവും, നല്ല കൊഴുപ്പുകളും, രോഗകാരികളെ അമർച്ച ചെയ്യാനുള്ള ഗുണങ്ങളും വെളിച്ചെണ്ണയ്ക്കുണ്ടെന്ന് മാഷ് പറഞ്ഞല്ലോ. ഇതൊക്കെ അമ്മുമ്മയും പറഞ്ഞു തന്നു കാണുമല്ലോ. അമ്മ ഓർക്കുന്നുണ്ടോ? തെങ്ങു നമ്മുടെ പുരയിടത്തിലുള്ള വൃക്ഷ വിളയല്ലേ? സൂര്യകാന്തി നമ്മുടെ പുരയിടത്തിലുണ്ടോ? അപ്പൂപ്പനും മാമനും അമ്മയും നട്ടതും അച്ഛൻ തടമെടുത്തു വളമിടുന്നതുമായ തെങ്ങുകളല്ലേ നമ്മുടെ പുരയിടത്തിലുള്ളത്. നമുക്കിനി തേങ്ങ ഉണക്കി കൊപ്രയാക്കി വെളിച്ചെണ്ണയുണ്ടാക്കാം. മാഷ് അങ്ങിനെയാണ് വെളിച്ചെണ്ണ ഉണ്ടാക്കുന്നത്. ഉരുക്കുവെളിച്ചെണ്ണയും അമ്മ ഉണ്ടാക്കിത്തരണം. ഞാനും അച്ഛനും സഹായിക്കാം. അല്ലേ അച്ഛാ..

അമ്മ മൂക്കത്ത് വിരൽ വച്ച് അത്ഭുതത്തോടെ എന്നെ കേട്ട് നിന്നു. പിന്നെ അച്ഛനെ വിളിച്ചു പറഞ്ഞു.

ദേ നിങ്ങളിതൊക്കെ കേട്ടോ. നമ്മുടെ മോന് വിവരം വച്ചു തുടങ്ങിയിരിക്കുന്നു.

അച്ഛൻ പറഞ്ഞു. ഞാൻ എല്ലാം കേൾക്കുന്നുണ്ടായിരുന്നു. നമ്മളൊക്കെ ഇനി അവരെ കേൾക്കണം. വായിക്കാനും അറിയാനും ചർച്ച ചെയ്യാനും ഇളം തലമുറയ്ക്കൊപ്പമുണ്ടാകണം. നീ നേരായ വഴിയിലാണ് മോനേ.

അമ്മ എന്റെ തലമുടിയിഴകളിൽ വിരലോടിച്ചു നിന്നു.

മുറ്റത്തെ അമ്മത്തെങ്ങ് എല്ലാം കേട്ടെന്ന പോലെ അതിന്റെ പീലിയോലകൾ മെല്ലെ വീശിക്കൊണ്ടിരുന്നു.

# കൽപവൃക്ഷവും മലയാള ഭാഷയും

**ജഗദീഷ്, പ്ലാവിലപുത്തൻവീട്**
വടശേരിക്കോണം, ചെമ്മരുതി, തിരുവനന്തപുരം

തെങ്ങുമായി ബന്ധപ്പെട്ട് മനോഹരങ്ങളായ അനവധി പദങ്ങൾ മലയാള ഭാഷാ നിഘണ്ടുവിൽ ഉണ്ട്. തെങ്ങിനെ സ്നേഹിക്കുന്ന മലയാളിയുടെ മനസ്സ് ഈ പദങ്ങളിൽ നമുക്ക് കാണുവാൻ കഴിയും. തെങ്ങുമായി ബന്ധമുള്ള എല്ലാ വാക്കുകളും സുന്ദരമായിരിക്കണമെന്ന് മലയാളിക്ക് നിർബന്ധമുള്ളത് പോലെ തോന്നും. ഈ വാക്കുകൾ കേട്ടാൽ. ഉദാഹരണത്തിന് പീലിയോല, എന്ന വാക്ക് എത്ര ശ്രവണ സുഖം നൽകുന്നതാണെന്ന് ആലോചിച്ച് നോക്കിയിട്ടുണ്ടോ? തൈതെങ്ങുകളിലെ ഓലക്കാൽ വിടർന്ന് തുടങ്ങുന്ന നാമ്പോലകളാണ് പീലിയോലകൾ. ഈ കുഞ്ഞ് ഓലകളെ പീലിയോലകൾ എന്ന് വിളിച്ചതിന് പിന്നിൽ മലയാളിയുടെ കവിത തുളുമ്പുന്ന മനസ്സ് നമുക്ക് കാണുവാൻ കഴിയും.

അതുപോലെ തന്നെ തൈ തെങ്ങിന്റെ ചുവട് ഭാഗത്തിന്റെ കനത്തെ സൂചിപ്പിക്കാൻ നാം ഉപയോഗിച്ച വാക്കാണ് കണ്ണാടിക്കനം. എത്ര സുന്ദരമാണ് , വിസ്മയിപ്പിക്കുന്ന ചമൽക്കാരമാണ് ഈ പദത്തിന് എന്ന കാര്യം വിസ്മരിക്കുവാൻ നമുക്ക് കഴിയുമോ? അതുപോലെ തന്നെയാണ് ഇളനീർ എന്ന പദവും. വിശപ്പും, ക്ഷീണവും, ദാഹവും എല്ലാം അകറ്റുന്ന ഇളനീരിന്റെ എല്ലാ മധുരവും ആ പദത്തിലും ഉൾക്കൊള്ളുന്നു. തൈതെങ്ങ് വയ്ക്കുവാൻ എടുക്കുന്ന കുഴിക്കുള്ളിലെ ചെറിയ കുഴിയെ നമ്മൾ പിള്ളക്കുഴി എന്ന് വിളിച്ചു. മലയാളിക്ക് മക്കളോടുള്ള സ്നേഹം തെങ്ങിൻ തൈകളോടും ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുന്നതാണ്. ഈ വാക്ക്. തെക്കൻ കേരളത്തിൽ കുട്ടികളെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഒരു വാക്കായിരുന്നു പിള്ള. ഇന്നും ഈ വാക്ക് ഉപയോഗത്തിലുണ്ട്. സി. വി. രാമൻപിള്ളയുടെ കൃതികളിൽ ഇത്തരം വാക്കുകൾ ധാരാളമായി നമുക്ക് കാണുവാൻ കഴിയും.

കൊപ്ര ആട്ടി എടുക്കുന്ന എണ്ണയെ വെളിച്ചെണ്ണ എന്ന് നാം പേരു വിളിച്ചു. വെളിച്ചും അഥവാ പ്രകാശം നൽകുന്ന എണ്ണ എന്നൊരു പാഠഭേദവും വെളിച്ചെണ്ണയ്ക്ക് ഉണ്ട്. തറവാടിന്റെ ഉമ്മറത്ത് പ്രഭാത പ്രദോഷങ്ങളിൽ നിലവിളക്ക് കത്തിച്ച് വീടിനെ പ്രകാശ പൂരിതമാക്കുവാൻ കൊപ്ര ആട്ടി എടുക്കുന്ന എണ്ണ ഇന്നും ഉപയോഗിച്ച് വരുന്നു. ആയുർവ്വേദത്തിന്റെ കണ്ണിലൂടെ നോക്കിയാലും വെളിച്ചെണ്ണ തേച്ചുള്ള കുളി നമ്മുടെ ആരോഗ്യത്തിനും സൗന്ദര്യത്തിനും അതിവിശേഷമാണ്. ബുദ്ധിയുടെ ഉണർവ്വിന്, കാഴ്ചയുടെ തെളിച്ചത്തിന് അഥവാ പ്രകാശത്തിന് വെളിച്ചെണ്ണ തേച്ചുള്ള കുളി ഉത്തമമാണ്.



കൽപവൃക്ഷം എന്ന സംസ്കൃത പദത്തിൽ നമ്മൾ കാണുന്നത് നമ്മുടെ തെങ്ങിനെ തന്നെ. തെങ്ങിന്റെ എല്ലാ ഭാഗങ്ങളും മാനവസമൂഹത്തിന് ഒരു പോലെ ഉപകാരപ്രദമാണെന്ന് മനസ്സിലാക്കിയത് കൊണ്ട് കൂടിയാവും ഏതോ ക്രാന്തദർശി തെങ്ങിനെ  കൽപവൃക്ഷം എന്ന് വിളിച്ചു തുടങ്ങിയത്. മഞ്ഞയും ചുവപ്പും നിറമുള്ള കായ്ക്കുലകളുമായി നിൽക്കുന്ന തെങ്ങിനെ ഗൗരീഗാത്ര തെങ്ങെന്ന് ആദരവോടെയും അത്ഭുതത്തോടെയും നാം വിളിച്ചു. ആ തെങ്ങിനെ പവിത്രമായി പരിപാലിക്കുകയും ചെയ്യുന്നു.

വിത്ത് തേങ്ങ എടുക്കാൻ ഉപയോഗിക്കുന്ന തെങ്ങനെ ബഹുമാനപൂർവ്വം നമ്മൾ അമ്മത്തെങ്ങ് എന്നഭിസംബോധന ചെയ്തു.  ഓലമടലിന്റെ തെങ്ങുമായി ചേർന്നിരിക്കുന്ന ഭാഗത്തെ വിശേഷിപ്പിക്കാൻ മലയാളി ഉപയോഗിച്ച വാക്കാണ് ഓലക്കവിൾ. മലയാളിയുടെ തെങ്ങിനോടുള്ള നിറഞ്ഞ് തുളുമ്പുന്ന വാത്സല്യവും സ്നേഹവും എല്ലാം ഈ പദങ്ങളിലെല്ലാം  നമുക്ക് കാണുവാൻ കഴിയും. കൊതുമ്പ് എന്ന ഒരു പദം കേൾക്കുമ്പോൾ തന്നെ കേരളത്തിന്റെ സംസ്കാരവുമായി അഭേദ്യമായി ബന്ധമുള്ള കൊതുമ്പുവള്ളങ്ങളെ നാം മനസിൽ കാണുന്നു. അസ്തമയ സൂര്യനും കായലും തെങ്ങും കൊതുമ്പുവള്ളവും ഒന്നിച്ചുള്ള ദൃശ്യം മലയാളി എന്നും അല്പം  അഹങ്കാരത്തോടെ മനസിൽ കൊണ്ടു നടക്കുന്ന ഐഡന്റിറ്റി തന്നെ.

തെങ്ങുമായി ബന്ധപ്പെട്ട മനോഹരങ്ങളായ ശൈലികൾ, കടംകഥകൾ എല്ലാം മലയാളത്തിന്റെ സൗഭാദ്യം പോലെ നെഞ്ചിലേറ്റുന്നലരാണ് നമ്മൾ കേര കൃഷിയുമായും തെങ്ങുമായും ബന്ധപ്പെട്ട  സുന്ദരമായ പദങ്ങളും പ്രയോഗങ്ങലും മലയാള ഭാഷയിൽ ഉടനീളം കാണുവാൻ കഴിയും. ഇവയ്ക്കൊക്കെ പ്രാദേശിക ഭാഷാഭേദങ്ങളും ധാരാളമായുണ്ട്. എന്ത് തന്നെ ആയാലും തെങ്ങ് കൃഷി മലയാളിയുടെ ആത്മാവിന്റെ ഭാഗമായിരുന്നു എന്ന് നിസംശയം തെളിയിക്കുന്നതാണ് മലയാള ഭാഷയിലെ ഇത്തരം വാക്കുകൾ. ■

# തെങ്ങ് നന്മമരം


**രചന: സുരേഷ് മുതുകുളം**
**വില: 150.00**
**പേജ് :140**
**പ്രസാധനം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ അടിത്തറയും ഗ്രാമീണ ജീവിതത്തിന്റെ മുഖമുദ്രയുമാണ് നാളികേരം അഥവ തെങ്ങ്. തെങ്ങിന്റെ വിത്തുമുതൽ വിളവെടുപ്പുവരെയുള്ള വിവധ ഘട്ടങ്ങളിൽ ശാസ്ത്രീയ രീതികൾ അവലംബിച്ചാൽ മാത്രമെ കേരകൃഷി ആദായകരമാവൂ. തെങ്ങു കൃഷിയെ കുറിച്ചും, വിളപരിപാലനം, രോഗനിയന്ത്രണം, വിളവെടുപ്പ്, വിളവെടുപ്പാനന്തര സംസ്കരണം, മൂല്യവർധനവ് തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചും വിശദവും ലളിതവുമായി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് സുരേഷ് മുതുകുളത്തിന്റെ തെങ്ങ് നന്മമരം - ശാസ്ത്രീയ കേരകൃഷിക്ക് ഒരു സമഗ്ര കൈപുസ്തകം.

കേരളത്തിന്റെ മൊത്തം കൃഷിയിടവിസ്തൃതിയിൽ 37 ശതമാനത്തിലധികം പ്രദേശത്തും തെങ്ങാണ്. തെങ്ങിന്റെ എല്ലാ ഭാഗങ്ങളും ഉപയോഗ യോഗ്യമായതിനാൽ കൽപവൃക്ഷം എന്നും ഇതിനു ഗുണനാമമുണ്ട്.

തെങ്ങിൽ നിന്നു ലഭിക്കുന്ന നാളികേരം, അതിന്റെ മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യമാണ് ഇന്ത്യയ്ക്കു നേടിത്തരുന്നത്. ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കയർ ഒഴികെയുള്ള നാളികേര ഉൽപ്പന്ന കയറ്റുമതിയിലൂടെ മാത്രം രാജ്യത്തിന് ലഭിച്ചത് 1769.88 കോടി രൂപയുടെ വരുമാനമാണ്. രാജ്യത്ത് 15 സംസ്ഥാനങ്ങളിലും ലക്ഷദ്വീപിലും ആൻഡമാൻ ദ്വീപുകളിലും തെങ്ങു കൃഷിയുണ്ട്. അതിനാൽ ഇന്ത്യയുടെ സമ്പദ്ഘടനയിലും നാളികേരവും വെളിച്ചെണ്ണയും സുപ്രധാന പങ്കു വഹിക്കുന്നു.

കോവിഡാന്തര കാലത്ത് രോഗപ്രതിരോധശേഷിയുള്ള ഭക്ഷ്യവസ്തുക്കളുടെ നിരയിൽ നാളികേരവും വെളിച്ചെണ്ണയും മറ്റ് കേരോൽപ്പന്നങ്ങളും ലോകശ്രദ്ധ നേടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നാളികേരത്തിന്റെ ഉൽപാദന ക്ഷമത







ഉയർത്തേണ്ടതിന്റെ ആവശ്യകത കാർഷിക - സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ശാസ്ത്രീയമായ കൃഷി രീതികളും പരിപാലന മുറകളും അനുവർത്തിച്ചാൽ മാത്രമെ ഇതു സാധ്യമാകൂ. ഇതിന് കൃഷിക്കാർ മുൻകൈ എടുക്കണം.ഇക്കാര്യത്തിൽ നാളികേര കർഷകർക്കു സഹായകമാകുന്നതാണ് ഈ കൃതി.

ഇരുപത്തിരണ്ട് അധ്യായങ്ങളുള്ള പുസ്തകം അവസാനിക്കുന്നത് തെങ്ങുകൃഷിക്ക് സമഗ്ര കലണ്ടർ കൂടി അനുബന്ധമായി അവതരിപ്പിച്ചുകൊണ്ടാണ്. തെങ്ങ് ദേവ വൃക്ഷം എന്ന ശീർഷകത്തോടു കൂടിയ ആദ്യ അധ്യായത്തിൽ തെങ്ങിനെ സംബന്ധിക്കുന്ന പുരാണങ്ങളും ഐതിഹ്യങ്ങളും തെങ്ങിന് കേരളീയ ജീവിതത്തിലുള്ള പ്രാധാന്യവും വിവരിക്കുന്നു. തുടർന്നുള്ള താളുകളിൽ വിത്ത്,കൃഷി,,വളപ്രയോഗം,ജലസേചനം, പരിപാലനം, രോഗ - കീടനിയന്ത്രണം, ഇടവിളകൾ, ഇളനീര്, കള്ള്, നീര, മൂല്യവർധിത ഉൽപ്പന്നങ്ങൾ, യന്ത്രവൽക്കരണം എന്നിങ്ങനെ തെങ്ങുമായി ബന്ധപ്പെട്ട സമഗ്ര മേഖലകളെയും ഗ്രന്ഥകാരൻ ഈ കൃതിയിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

തെങ്ങ് മടിയന്മാരുടെ കൃഷിയാണ് എന്നൊരു പരിഹാസം പരക്കെ ഉണ്ട്. പണ്ട് അത് ശരിയായിരുന്നിരിക്കാം. പക്ഷെ ഇപ്പോൾ അതുനടക്കില്ല. തെങ്ങിൻ തൈ നട്ടശേഷം കൃത്യമായി പരിപാലിച്ചില്ലെങ്കിൽ അതിൽ നിന്ന് ആദായം ഒന്നും കിട്ടില്ല. കാരണം കാലാവസ്ഥയിലെ മാറ്റങ്ങൾ, പുതിയ രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം, അനുദിനം നഷ്ടപ്പെടുന്ന മണ്ണിന്റെ വളക്കൂറ് ഇതെല്ലാം തെങ്ങിനെ വളരെ പ്രതികൂലമായി ബാധിക്കുന്നതിനാൽ കൃത്യമായ പരിപാലനം ആഗ്രഹിക്കുന്ന വിളയായി തെങ്ങു മാറിയിരിക്കുന്നു. ഇവിടെയാണ് ഈ പുസ്തകത്തിന്റെ കാലിക പ്രസക്തിയും. ഹൃദ്യമായ വായനാനുഭവം കൂടി ഇതു പ്രദാനം ചെയ്യുന്നു.

# ഏറ്റുമാനൂരപ്പൻ കോളജിൽ കേരസംസ്കൃതി ദേശീയ സെമിനാർ





നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ഏറ്റുമാനൂരപ്പൻ കോളജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന കേര സംസ്കൃതി ദേശീയ സെമിനാർ നടത്തി. 2022 ജനുവരി 14, 15 തിയതികളിൽ കോളജ് സെമിനാർ ഹാളിലായിരുന്നു പരിപാടി. 14 ന് രാവിലെ സംസ്ഥാന കൃഷി മന്ത്രി പിഎസ് പ്രസാദ് സെമിനാർ ഉദ്ഘാടനം ചെയ്തു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മി ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ചു. കോളജ് പ്രിൻസിപ്പൽ പ്രൊഫ. ആർ ഹേമന്ത് കുമാർ, പഞ്ചായത്ത് മെമ്പർ ശ്രീമതി രജിത ഹരികുമാർ, മലയാള വിഭാഗം മേധാവി ഡോ.എ മോഹന കൃഷ്ണൻ നായർ എന്നിവർ ആശംസകൾ നേർന്നു. പഞ്ചായത്തിലെ മുതിർന്ന നാളികേര കർഷകനായ ശ്രീ മത്തായി പുത്തൻപുരയ്ക്കലിനെ മന്ത്രി സ്വർണ പതക്കവും ഫലകവും നൽകി ആദരിച്ചു.

തുടർന്ന് അതിരമ്പുഴ പഞ്ചായത്ത കൃഷി ഓഫീസർ ഡോ. ഐറിൻ എലിസബത്ത് നാളികേര കൃഷിയുടെ പ്രാധാന്യത്തെ പുരസ്കരിച്ച് ക്ലാസ് എടുത്തു. 25 നാളികേര കർഷകർ ക്ലാസിൽ പങ്കെടുത്തു. നാളികേര കൃഷിയെ സംബന്ധിച്ച് ഗവേഷണ വിദ്യാർത്ഥികൾ പ്രബന്ധങ്ങളും അവതരിപ്പിച്ചു.

സെമിനാറിന്റെ രണ്ടാം ദിവസം ഹോർട്ടിക്കോർപ്പിന്റെയും പ്ലാന്റേഷൻ കോർപ്പറേഷന്റെയും എംഡി ശ്രീ ജെ സജീവ് നാളികേര കർഷകരും കൃഷിയും – പ്രതിസന്ധിയും പ്രതിവിധികളും എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് സിപസിആർഐ കായംകുളം സ്റ്റേഷനിലെ സീനിയർ സയന്റിസ്റ്റ് ഡോ. കെ നിഹാദ് മുഖ്യ പ്രഭാഷണം നടത്തി. ഡോ.നിഹാദ് കേരസമൃദ്ധി വീണ്ടെടുക്കാൻ ശാസ്ത്രീയ കൃഷി രീതികൾ എന്ന വിഷയം അവതരിപ്പിച്ച് ചർച്ച നടത്തി.

സമാപന യോഗത്തിൽ സംസ്ഥാന സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വിഎൻ വാസവൻ മുഖ്യ പ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ പ്രൊഫ.ആർ ഹേമന്ത് കുമാർ അധ്യക്ഷനായിരുന്നു. കർഷകൻ സമൂഹത്തിന്റെ ജീവനാഡിയാണ് എന്ന് മന്ത്രി പറഞ്ഞു. കോട്ടയം ജില്ലാ പഞ്ചായത്ത് അംഗം ഡോ. റോസമ്മ സോണി, ഡോ.ശ്രീദേവി മുളീധരൻ, മായ കെ നായർ, ഡോ.നെത്തല്ലൂർ ഹരികൃഷ്ണൻ, എംജി സർവകലാശാല സെനറ്റ് അംഗം യദുകൃഷ്ണൻ പിഎസ് എന്നിവർ പ്രസംഗിച്ചു



*ശിവഗിരി തീർത്ഥാടനടത്തോടനുബന്ധിച്ച് ശിവഗിരിയിൽ നടന്ന എക്സിബിഷനിൽ നാളികേര വികസന ബോർഡിന്റെ സ്റ്റാൾ.*



*സ്വച്ഛ് പക്വാഡയോടനുബന്ധിച്ച് നാളികേര വികസന ബോർഡിലെ ഉദ്യോഗസ്ഥർ ബോർഡ് ആസ്ഥാനമന്ദിര പരിസരത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.*



നാളികേര വികസന ബോർഡും ലക്ഷദ്വീപ് കൃഷി വിജ്ഞാൻ കേന്ദ്രവും ലക്ഷദ്വീപ് ഭരണകൂടവും ചേർന്ന് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി നടത്തി. 2021 ഡിസംബർ 24 മുതൽ 29 വരെ അമിനി ദ്വീപിലായിരുന്നു പരിശീലനപരിപാടി. ലക്ഷദ്വീപ് എം പി ശ്രീ പിപി മുഹമ്മദ് ഫൈസൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

# ഓണാട്ടുകര നാളികേര കമ്പനി ജില്ലാ ഭക്ഷ്യ മേളകളിൽ പങ്കെടുത്തു





ഇതിനോടകം പൊതു ജനശ്രദ്ധയും കൈയ്യടിയും നേടിയ പത്തിലധികം ഉൽപന്നങ്ങളുമായി ഓണാട്ടുകര നാളികേരോൽപാദക കമ്പനി, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ സംഘടിപ്പിച്ച കാർഷിക ഭക്ഷ്യമേളകളിലെ നിറ സാന്നിദ്ധ്യമായി.

തിരുവനന്തപുരം തൈക്കാട് പോലീസ് പരേഡ് ഗ്രൗണ്ടിൽ ഡിസംബർ 17 മുതൽ 20 വരെയായിരുന്നു സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും ജില്ലാ വ്യവസായ കേന്ദ്രവും ചേർന്ന് കേരള അഗ്രോ ഫുഡ് പ്രോ 2021 എന്ന പേരിൽ മേള സംഘടിപ്പിച്ചത്. വ്യവസായങ്ങൾ ഭക്ഷ്യ സുരക്ഷയ്ക്ക് എന്നതായിരുന്നു മേളയുടെ ഹൈലൈറ്റ്.

കാർഷിക മേഖലയിലെ തനതു വിളകളുടേയും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടേയും വിവിധ കാർഷിക യന്ത്രങ്ങളുടേയും പ്രദർശനവും വിപണനവുമായിരുന്നു മേളയിൽ ഒരുക്കിയിരുന്നത്. ബിടുബി മീറ്റുകൾ, സാങ്കേതിക സെമിനാറുകൾ സാങ്കേതിക വിദ്യ പ്രചരിപ്പിക്കൽ ഇവയെല്ലാമായിരുന്നു 17 ന് 11 മണിക്ക് ഉൽഘാടനം നടത്തപ്പെട്ട മേളയുടെ പ്രത്യേകതകൾ. സംസ്ഥാന വ്യവസായവാണിജ്യവകുപ്പു മന്ത്രി ശ്രീ. പി. രാജീവ് മേളയുടെ ഉൽഘാടനം നിർവ്വഹിച്ചു.

കോട്ടയം ജില്ലയിലെ മണർകാട് അഗ്രി ഫെസ്റ്റ് 2021 മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ മൈതാനത്തും പാരിഷ് ഹാളിലുമായി ഡിസംബർ 17 മുതൽ 21 വരെ നീണ്ടു നിന്നു. കൃഷി വകുപ്പിന്റേയും വ്യവസായ കേന്ദ്രത്തിന്റേയും സഹകരണത്തിലാണ് മേള സംഘടിപ്പിച്ചത്.


നാടൻ വീട്ടുപകരണങ്ങൾ, നാടൻ ഭക്ഷ്യ വസ്തുക്കൾ, കൈത്തറി, കാർഷിക ഉപകരണങ്ങൾ, വിത്തിനങ്ങൾ, കൂൺ കിറ്റ്, ജൈവവള കൂട്ടുകൾ, ജൈവ കീടനാശിനികൾ എന്നിവയായിരുന്നു മേളയിലെ വിപണന സ്റ്റാളുകളിലധികവും.

രണ്ടു മേളകളിലും ഓണാട്ടുകര കമ്പനിയുടെ മുഖ്യ ഉൽപന്നമായ വെളിച്ചെണ്ണയും ഒപ്പം മൂല്യ വർദ്ധിത ഉൽപന്നങ്ങളായ ഉരുക്കു വെളിച്ചെണ്ണ, തേങ്ങ ചട്നി, ഇഞ്ചിക്കൂട്ട്, തീയൽ മിക്സ്, കോക്കനട്ട് ചിപ്സ്, അവലോസ് പൊടി, കുക്കീസ് എന്നിവയുടെ പ്രദർശനവും വിപണനവും നടത്തി.

രണ്ടു ജില്ലകളിൽ നിന്നും നിരവധി അന്വേഷണങ്ങളാണ് ഇപ്പോൾ കമ്പനിക്കു ലഭിച്ചു കൊണ്ടിരിക്കുന്നത്. ഇത് കമ്പനിയുടെ ഉൽപന്നങ്ങളുടെ വിപണന സാദ്ധ്യത ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷ.

*ഫോൺ: 9447096553*

## ആദരാഞ്ജലികൾ



നാളികേര വികസന ബോർഡ് മുൻ ചെയർമാൻ ഡോ. എം അരവിന്ദാക്ഷൻ തൃശൂരിൽ അന്തരിച്ചു. 1995 സെപ്റ്റംബർ മുതൽ 1997 സെപ്റ്റംബർ വരെയാണ് അദ്ദേഹം നാളികേര ബോർഡിൽ ചെയർമാനായി സേവനം അനുഷ്ഠിച്ചത്.

എട്ടാം പഞ്ചവത്സര പദ്ധതി കാലത്ത് നാളികേര വികസനത്തിനു വേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ ഡോ. അരവിന്ദാക്ഷൻ നേതൃത്വം നൽകി. ഒൻപതാം പദ്ധതിയിൽ നാളികേര വികസനത്തിനു വേണ്ട പദ്ധതികൾക്കു രൂപം നൽകുന്നതിൽ അദ്ദേഹം സുപ്രധാന പങ്കു വഹിച്ചു. കേരള കാർഷിക സർവകലാശാലയിൽ ഡയറക്ടർ ഓഫ് റിസർച്ച് പദവി ഉൾപ്പെടെ 28 വർഷത്തെ സേവനത്തിനു ശേഷമാണ് ഡോ. അരവിന്ദാക്ഷൻ നാളികേര വികസന ബോർഡിൽ എത്തുന്നത്. മദ്രാസ് സർവകലാശാലയിൽ നിന്ന് ഹോർട്ടികൾച്ചറിൽ ആദ്യമായി ഡോക്ടറേറ്റ് കരസ്ഥമാക്കിയ അദ്ദേഹം 1983 –1993 വരെ ഐസിഎആർ ഭരണ സമിതിയിൽ അംഗമായി പ്രവർത്തിച്ചു. വിവിധ ശാസ്ത്ര സമിതികളിലും അംഗമായിരുന്നു.

അമേരിക്കയിലെ ഹവായ് സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ പഠനം പൂർത്തിയാക്കിയ ശേഷം ബ്രസീലിലെ പരയ്ബ സർവകലാശാലയിൽ വിസിറ്റിംങ് പ്രഫസറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അധ്യാപകൻ, ഗവേഷകൻ, പരിസ്ഥിതി ശാസ്ത്രജ്ഞൻ, മാനേജ്മെന്റ് വിദഗ്ധൻ എന്നിങ്ങനെ വിവിധ മേഖലകളിൽ മികവു പുലർത്തിയ വ്യക്തിത്വമായിരുന്നു ഡോ. അരവിന്ദാക്ഷന്റെത്. വിരമിച്ച ശേഷം ഏതാനും വർഷം അമൃത വിശ്വവിദ്യാപീഠത്തിന്റെ ഏട്ടിമട കാമ്പസിൽ കൺസൾട്ടന്റായും ഡോ. അരവിന്ദാക്ഷൻ പ്രവർത്തിക്കുകയുണ്ടായി.

# തെങ്ങിൻ തോപ്പിൽ ഫെബ്രുവരിയിലെ കൃഷിപ്പണികൾ

## വിത്ത് തേങ്ങ സംഭരണം

തെരഞ്ഞെടുത്ത മാതൃ വൃക്ഷങ്ങളിൽ നിന്നും വിത്ത് തേങ്ങ സംഭരിക്കുക. പാകമായി വിളഞ്ഞ വിത്തു തേങ്ങകളുള്ള തേങ്ങാക്കുല കയർ കൊണ്ടു കെട്ടിയിറക്കണം. തെരഞ്ഞെടുത്ത വിത്തു തേങ്ങയിലെ ജലാംശം നഷ്ടപ്പെടാതിരിക്കാൻ തണലിൽ പ്രത്യേകം സൂക്ഷിച്ച് വയ്ക്കുക.



## നഴ്സറി പരിപാലനം

നഴ്സറിയിലെ തൈകൾ നനയ്ക്കണം. ആവശ്യാനുസരണം കളകൾ നീക്കം ചെയ്യണം. ചിതലിന്റെ ശല്യമുണ്ടെങ്കിൽ തവാരണയിൽ കീടനാശിനി ലായനി (ക്ലോർപൈറിഫോസ് 2 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക. വെള്ളീച്ച ബാധയ്ക്കെതിരെ നഴ്സറിയിലെ തൈകൾക്ക് ശക്തിയായി വെള്ളം സ്പ്രേ ചെയ്തു കൊടുക്കുക.



## തൈകൾക്ക് തണൽ

പുതുതായി നട്ട തെങ്ങിൻ തൈകൾക്ക് തണൽ നൽകണം.

## തെങ്ങിൻ തടിയിൽ വെള്ള പൂശൽ

തെങ്ങിൻ തടിയിൽ 2 മീറ്റർ ഉയരം വരെ കുമ്മായം പൂശുന്നത് തടിയിലെ താപനില കുറച്ച്, കഠിനായ വെയിൽ കൊണ്ടുള്ള ആഘാതം തടയാൻ സഹായിക്കം.

## ജലസേചനം

കായ്ക്കുന്ന തെങ്ങുകൾക്കും ചെറു പ്രായത്തിലുള്ള തെങ്ങുകൾക്കും പുതുതായി നട്ട തെങ്ങിൻ തൈകൾക്കും ജലസേചനം നൽകുന്നത് തുടരുക. കായ്ക്കുന്ന തെങ്ങുകൾക്ക് നാലു ദിവസത്തിലൊരിക്കൽ 200 ലിറ്റർ വെള്ളം ഒരു തെങ്ങിന് എന്ന തോതിൽ തടം നനയുന്ന രീതിയിൽ ജലസേചനം നൽകണം. കണിക ജലസേചനം വഴി കായ്ക്കുന്ന തെങ്ങൊന്നിന് പ്രതിദിനം 30–35 ലിറ്റർ വെള്ളം നൽകിയാൽ മതിയാകും.



## മണ്ണ് – ജലസംരക്ഷണം

പുതയിടൽ ഉൾപ്പെടെയുള്ള മണ്ണ് ജലസംരക്ഷണ മാർഗ്ഗങ്ങൾ അനുവർത്തിക്കുന്നത് തുടരുക.




## കീടരോഗ നിയന്ത്രണം

അന്തരീക്ഷത്തിലെ ഈർപ്പം കുറഞ്ഞ് വരണ്ട കാലാവസ്ഥയിലേക്കുള്ള മാറ്റമാണ് ഫെബ്രുവരി മാസത്തിന്റെ പ്രത്യേകത. എന്നാൽ രാത്രി കാലത്തെ തണുപ്പ് കുറച്ചൊക്കെ തുടരുകയും ചെയ്യും. പുഴയും കായലും ഉൾപ്പെടെയുള്ള ജലാശയങ്ങൾക്ക് സമീപമുള്ള പ്രദേശങ്ങളിലും ഉൾനാടൻ പ്രദേശങ്ങളിലുമുള്ള തെങ്ങിൻ തോപ്പുകളിൽ വെള്ളീച്ച പോലെ നീരൂറ്റിക്കുടിക്കുന്ന കീടങ്ങളുടെ ആക്രമണം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഇത്തരം കീടങ്ങൾ പെരുകുന്നത് നഴ്സറികളിലെ തൈകളെയും ചെറു പ്രായത്തിലെ തെങ്ങുകളേയും കൂടുതൽ ബാധിക്കും. തെങ്ങോലപ്പുഴു, ഒച്ച് പുഴുക്കൾ തുടങ്ങിയ കീടങ്ങളുടെ ആക്രമണം സ്ഥിരമായി കാണുന്ന തെ

ങ്ങിൻ തോപ്പുകളിൽ കീടബാധ കൃത്യമായി നീരിക്ഷിക്കുകയും വേണ്ട നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും വേണം. ഫെബ്രുവരിയിലെ കാലാവസ്ഥാ സാഹചര്യങ്ങൾ തെങ്ങിൻ തോപ്പുകളിൽ ചെമ്പൻ ചെല്ലി ബാധ വർദ്ധിക്കുന്നതിനിടയാകും. അതുപോലെ ഓല ചീയൽ, തഞ്ചാവൂർ വാട്ടം തുടങ്ങിയവയ്ക്ക് കാരണമായ രോഗാണുക്കൾ പെരുകുന്നതിനും ഫെബ്രുവരിയിലെ കാലാവസ്ഥ അനുകൂലമാണ്. തെങ്ങിൻ തോട്ടം ഇടയ്ക്കിടെ സന്ദർശിക്കുകയും തെങ്ങുകളെ നിരീക്ഷിച്ച് കീടങ്ങളുടെ ആക്രണമോ രോഗബാധയോ ഉണ്ടോ എന്ന് കൃത്യമായി മനസ്സിലാക്കുകയും ചെയ്ത്, തുടക്കത്തിൽ തന്നെ ഉചിതമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുക വഴി കീടരോഗ ബാധ മൂലമുള്ള വിള നഷ്ടം ഒഴിവാക്കാം.

## കൊമ്പൻ ചെല്ലി




- മുൻ കരുതൽ നടപടി എന്ന നിലയിൽ നാമ്പോലയുള്ള സമീപത്തുള്ള മൂന്ന ഓലക്കവിളുകളിൽ 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് തുല്യ അളവിൽ മണലുമായി ചേർത്ത് ഇട്ടുകൊടുക്കുക. അതല്ലെങ്കിൽ 4 പാറ്റ ഗുളിക ഒരു ഓലക്കവിളിൽ ഒന്ന് എന്ന തോതിൽ ഏറ്റവും ഉള്ളിലെ മൂന്ന് ഓലക്കവിളുകളിൽ വെച്ച് മണൽ കൊണ്ട് മൂടുക.
- തെങ്ങിൻ തോട്ടം കൃത്യമായി സന്ദർശിച്ച് കീടബാധയുള്ള തെങ്ങുകൾ കണ്ടെത്തി അവയുടെ മണ്ട വൃത്തിയാക്കുകയും ചെല്ലിക്കോലുപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുകയും ചെയ്യുക.
- ചെറു തെങ്ങുകളുടെ മണ്ടയിലെ നാമ്പോലയുൾപ്പെടുന്ന ഭാഗം മീൻവല ഉപയോഗിച്ച് മൂടുകയും വലയിൽ കുടുങ്ങുന്ന ചെമ്പൻ ചെല്ലിയുടെ വണ്ടുകളെ ശേഖരിച്ച് നശിപ്പിക്കുകയും ചെയ്യുക. കൂടാതെ നാമ്പോലയുടെ സമീപത്തുള്ള മൂന്ന് ഓലക്കവിളുകളിൽ 3 ഗ്രാം ക്ലോറാൻട്രനിലിപ്രോൾ അല്ലെങ്കിൽ ഫിപ്രോനിൽ എന്ന കീടനാശിനി ഇട്ട സുഷിരങ്ങളുള്ള പോളിത്തീൻ കൂടുകൾ നിക്ഷേപിക്കുക.
- ചെല്ലികൾ പെറ്റു പെരുകുന്ന വളക്കുഴികളിലും മറ്റും പെരുവലം എന്ന ചെടി വേരോടെ പിഴുതു ചേർക്കുക.
- കൊമ്പൻ ചെല്ലിക്കും ചാണക പ്പുഴുക്കൾക്കും രോഗമുണ്ടാക്കുന്ന മെറ്റാ റൈസിയം അനൈസോപ്ലിയ എന്ന പച്ച കുമിളിന്റെ വിത്ത് വളക്കുഴികളിൽ തളിച്ചു കൊടുക്കുക.

## വെള്ളീച്ച

വെള്ളീച്ചകളുടെ ആക്രമണം കൂടുതൽ സ്ഥലങ്ങളിലെ തെങ്ങിൻ തോപ്പുകളിലേക്ക് വ്യാപിക്കുന്നതിനും മുമ്പു തന്നെ



കീടബാധ ഉണ്ടായ ഇടങ്ങളിൽ വീണ്ടുമുണ്ടാകുന്നതിനും സാദ്ധ്യതയുണ്ട്. ഓലകളുടെ അടിവശത്ത് മെഴുകുകാൽ തീർത്ത വെളുത്ത പഞ്ഞിപോലുള്ള പദാർത്ഥങ്ങൾ കാണപ്പെടുകയും ഓലകളുടേയും തോട്ടത്തിലെ മറ്റു വിളകളുടെ ഇലകളുടേയും മുകൾ വശത്ത് കറുത്ത പൂപ്പൽ ബാധ കാണപ്പെടുകയും ചെയ്യുന്നതാണ് വെള്ളീച്ചയുടെ ആക്രമണ ലക്ഷണങ്ങൾ

- തൈത്തെങ്ങുകളുടെ ഓലകളിൽ ശക്തിയായി വെള്ളം സ്പ്രേ ചെയ്ത ചെയ്തു കൊടുക്കുക വഴി വെള്ളീച്ചയുടെ ആക്രമണം കുറയ്ക്കുന്നതിനും അവ പെരുകുന്ന തോത് നിയന്ത്രിക്കുന്നതിനും സഹായകമാകും.
- തെങ്ങുകൾക്ക് വേണ്ട തോതിൽ വളവും വെള്ളവും നൽകി ആരോഗ്യം മെച്ചപ്പെടുത്തുക.
- രാസകീടനാശിനികൾ ഒന്നും ഉപയോഗിക്കരുത്. കീടനാശിനി പ്രയോഗം വെള്ളീച്ചകളുടെ സമാധി ദശയെ പരാദീകരിച്ച് നശിപ്പിക്കുന്ന എൻകാർസിയ ഗ്വാഡെലൂപെ എന്ന മിത്രകീടമായ ചെറു പ്രാണികളെ നശിപ്പിക്കും.
- ആവണക്കെണ്ണയോ ഗ്രീസോ പുരട്ടിയ, മഞ്ഞ നിറത്തിലുള്ള കട്ടിക്കടലാസ് തെങ്ങിൻ തടിയിലോ ഓലമടലിലോ തൂക്കിയിടുന്നത് വെള്ളീച്ചകളുടെ വ്യാപനം തടയും.
- വെള്ളീച്ച ആക്രമണം മൂലമുണ്ടാകുന്ന ഓലകളുടെ ഉപരിതലത്തിലെ കരിംപൂപ്പൽ തിന്നു നശിപ്പിക്കുന്ന മിത്ര വണ്ടുകൾ പെരുകുന്നതിന് അനുകൂല സാഹചര്യം അനുവദിക്കുക.

## ഓല ചീയൽ

കേരളത്തിന്റെ തെക്കൻ ജില്ലകളിൽ കാറ്റു വീഴ്ച രോഗം ബാധിച്ച തെങ്ങുകളിലാണ് ഓലചീയൽ കൂടുതലായി കണ്ടു വരുന്നത്. നാമ്പോലയുടെ ഓലക്കാലുകളിൽ തിളച്ച വെള്ളം വീണ പോലുള്ള പുള്ളികൾ പ്രത്യക്ഷപ്പെടുന്നതാണ് രോഗത്തിന്റെ ആദ്യ ലക്ഷണം. ഈ പുള്ളികൾ ക്രമേണ നിറം മാറി അഴുകി വലുതാവുന്നു. ക്രമേണം ഓലക്കാലുകളുടെ അരികും മൂലകളും കറുത്ത നിറമായി ചുരുങ്ങി ഉണങ്ങിപ്പോവുന്നു.

- നാമ്പോലയുടേയും അതിനടുത്തുള്ള രണ്ട് ഓലകളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് തീയിട്ട് നശിപ്പിക്കുക.
- അതിനുശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. എന്ന കുമിൾ നാശിനി 2 മില്ലി ലിറ്റർ 300 മില്ലി ലിറ്റർ വെള്ളത്തിൽ കലർത്തിയ ലായനി നാമ്പോലയുടെ കവിളിൽ ഒഴിച്ചുകൊടുക്കുക.
- തെങ്ങുകൾക്ക് ആവശ്യത്തിന് വെള്ളവും വളവും ചേർത്ത് ആരോഗ്യം മെച്ചപ്പെടുത്തുക.

*തയ്യാറാക്കിയത് : സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡ്*
*ജോസഫ് രാജ്കുമാർ, കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം*

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ**

കേരളത്തിലെ കൊച്ചി, ആലപ്പുഴ, കോഴിക്കോട് വിപണികളിൽ 2021 ഡിസംബർ മാസത്തിൽ വെളിച്ചെണ്ണ വിലയിൽ മാന്ദ്യം അനുഭവപ്പെട്ടു. വിപണി തുറന്നപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 17000 രൂപയ്ക്കും കോഴിക്കോട് ക്വിന്റലിന് 17500 രൂപയ്ക്കുമാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 15900 രൂപയ്ക്കും കോഴിക്കോട്ട് 16500 രൂപയ്ക്കും വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 1100 രൂപയുടെയും കോഴിക്കോട്ട് ക്വിന്റലിന് 1000 രൂപയുടെയും വീതം നേട്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസത്തിൽ വെളിച്ചണ്ണ വ്യാപാരം ആരംഭിച്ചത് ക്വിന്റലിന് 14667 രൂപയ്ക്കാണ്. മാസാവസാനം വ്യാപാരം അവസാനിക്കുമ്പോൾ കാങ്കയം വിപണിയിലെ വെളിച്ചെണ്ണ വില ക്വിന്റലിന് 13000 രൂപയായിരുന്നു. നഷ്ടം ക്വിന്റലിന് 1667 രൂപ. 2021 ഡിസംബർ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.12.2021 | 17000 | 17000 | 17500 | 14667 |
| 04.12.2021 | 16900 | 16900 | 17500 | 14600 |
| 11.12.2021 | 16700 | 16700 | 17400 | 14400 |
| 18.12.2021 | 16500 | 16500 | 17200 | 14200 |
| 24.12.2021 | 16500 | 16500 | 17000 | 13933 |
| 31.12.2021 | 15900 | 15900 | 16500 | 13000 |

**ഭക്ഷ്യയോഗ്യമായ കൊപ്ര**

കോഴിക്കോട് വിപണിയിൽ 2021 ഡിസംബർ മാസത്തിൽ രാജാപൂർ കൊപ്രയ്ക്ക് ക്വിന്റലിന് 19350 രൂപയ്ക്ക് ആരംഭിച്ച വ്യാപാരം മാസാവസാനം ക്വിന്റലിന് 19300 രൂപയ്ക്ക് ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 50 രൂപ. രാജാപ്പൂർ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.12.2021 | 19350 |
| 04.12.2021 | 19400 |
| 11.12.2021 | 19100 |
| 18.12.2021 | 19000 |
| 24.12.2021 | 19700 |
| 31.12.2021 | 19300 |

**ആട്ടുകൊപ്ര**

2021 ഡിസംബറിൽ ആട്ടു കൊപ്രയുടെ വ്യാപാരം കേരളത്തിലെ പ്രധാന വിപണികളായ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 10250 രൂപയ്ക്കും കോഴിക്കോട്ട് ക്വിന്റലിന് 10750 രൂപയ്ക്കുമാണ് ആരംഭിച്ചത്. കൊച്ചിയിൽ ക്വിന്റലിന് 9500 രൂപയ്ക്കും ആലപ്പുഴയിൽ ക്വിന്റലിന് 9450 രൂപയ്ക്കും കോഴിക്കോട്ട് 9800 രൂപയ്ക്കും വ്യാപാരം ക്ലോസ് ചെയ്തപ്പോൾ കൊച്ചിയിൽ ക്വിന്റലിന് 750 രൂപയും ആലപ്പുഴയിൽ ക്വിന്റലിന് 800 രൂപയുടെയും കോഴിക്കോട്ട് 950 രൂപയുടെയും വീതം നഷ്ടം രേഖപ്പെടുത്തി.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 9900 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം, വിലയിൽ ഉണർവ് രേഖപ്പെടുത്തി. മാസാവസാനം ക്വിന്റലിന് 8600 രൂപയിൽ വിപണി ക്ലോസ് ചെയ്തു. വാരാന്ത്യ വില നിലവാരം പട്ടിക 3 – ൽ

പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.12.2021 | 10250 | 10250 | 10750 | 9900 |
| 04.12.2021 | 10250 | 10200 | 10750 | 9800 |
| 11.12.2021 | 10150 | 10100 | 10600 | 9700 |
| 18.12.2021 | 10000 | 9950 | 10350 | 9400 |
| 24.12.2021 | 10000 | 9950 | 10350 | 9200 |
| 31.12.2021 | 9500 | 9450 | 9800 | 8600 |

**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2021 ഡിസംബർ മാസത്തിൽ ക്വിന്റലിന് 17000 രൂപയിൽ ആരംഭിച്ച ഉണ്ടക്കൊപ്രയുടെ വ്യാപാരം മാസാവസാനം 17500 രൂപയിൽ ക്ലോസ് ചെയ്തു. നേട്ടം ക്വിന്റലിന് 500 രൂപ. ഉണ്ടകൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 4 ൽ ::

പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.12.2021 | 17000 |
| 04.12.2021 | 17200 |
| 11.12.2021 | 17800 |
| 18.12.2021 | 17200 |
| 24.12.2021 | 17500 |
| 31.12.2021 | NR |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ 2021 ഡിസംബർ മാസത്തിൽ ക്വിന്റലിന് 15350 രൂപയിൽ ആരംഭിച്ച കൊട്ടത്തേങ്ങ വ്യാപാരം മാസാവസാനം 15100 രൂപയിൽ ക്ലോസ് ചെയ്തു. നഷ്ടം ക്വിന്റലിന് 250 രൂപ. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:

| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01.12.2021 | 15350 |
| 04.12.2021 | 15350 |
| 11.12.2021 | 15350 |
| 18.12.2021 | 15100 |
| 24.12.2021 | 15100 |
| 31.12.2021 | 15100 |

**നാളികേരം**

നെടുമങ്ങാട് വിപണിയിൽ 2021 ഡിസംബർ മാസത്തിലെ പച്ചതേങ്ങ വ്യാപാരം 1000 നാളികേരത്തിന് 16444 രൂപ നിരക്കിൽ ആരംഭിച്ച് 15556 രൂപയിൽ അവസാനിച്ചു. നഷ്ടം ആയിരത്തിന് 888 രൂപ.

തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ 2021 ഡിസംബർ മാസത്തിൽ മെട്രിക് ടണ്ണിന് 30000 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം 5000 രൂപ നഷ്ടത്തിൽ 25000 രൂപയിൽ അവസാനിച്ചു.

ബാംഗളൂർ വിപണിയിൽ 2021 ഡിസംബർ മാസത്തിൽ നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 20000 രൂപയിൽ ആരംഭിച്ച്, മാസാവസാനം 20000 രൂപയിൽ തന്നെ അവസാനിച്ചു. മംഗലാപുരം വിപണിയിൽ നാളികേരം ടണ്ണിന് 32000 രൂപയിൽ ആരംഭിച്ച് 26000 രൂപയിൽ ക്ലോസ് ചെയ്തു. നഷ്ടം ടണ്ണിന് 6000 രൂപ. പ്രമുഖ വിപണികളിലെ വാരാന്ത്യ വില നിലവാരം പട്ടിക 6 ൽ



| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ | | | | |
|---|---|---|---|---|
| | നെടുമങ്ങാട് (ആയിരത്തിന്)1 | പൊള്ളാച്ചി (മെട്രിക് ടണ്ണിന്)2 | ബംഗളുരു ഗ്രേഡ് 1 (ആയിരത്തിന്)3 | മാംഗ്ലൂർ, ബ്ലാക്ക് കോക്കനട്ട് (മെട്രിക് ടണ്ണിന്)2 |
| 01.12.2021 | 16444 | 30000 | 20000 | 32000 |
| 04.12.2021 | 16444 | 29500 | 20000 | 32000 |
| 11.12.2021 | 16444 | 28500 | 20000 | 32000 |
| 18.12.2021 | 16444 | 27500 | 20000 | 28000 |
| 24.12.2021 | 16000 | 27000 | 20000 | 28000 |
| 31.12.2021 | 15556 | 25000 | 20000 | 26000 |

*[1]Source: Epaper, Kerala Kaumudi, 2 Star market bulletin, *** Krishimarata vahini*

## അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

| പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | | |
|---|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 04.12.2021 | 1695 | NR | 1609 | 2917 | 1974 |
| 11.12.2021 | 1832 | NR | 1575 | 2959 | 1948 |
| 18.12.2021 | 1712 | NR | 1575 | 2952 | 1945 |
| 25.12.2021 | 1891 | NR | 1588 | 3111 | 1885 |

*കാങ്കയം

**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഇന്തോനേഷ്യ, ശ്രീലങ്ക, ഫിലിപ്പീൻസ് എന്നിവിടങ്ങളിലെ ആഭ്യന്തര വിപണികളിൽ 2021 ഡിസംബർ മാസം രേഖപ്പെടുത്തിയ നാളികേരത്തിന്റെ വില നിലവാരം പട്ടിക 8 ൽ :

| പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 04.12.2021 | 212 | 222 | 267 | 399 |
| 11.12.2021 | 213 | 223 | 279 | 385 |
| 18.12.2021 | 214 | 223 | 291 | 371 |
| 25.12.2021 | 213 | 225 | 296 | 365 |

*പൊള്ളാച്ചി

**കൊപ്ര**

ഫിലിപ്പീൻസ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ കൊപ്രയുടെ വിലയിൽ പോയ മാസം സമ്മിശ്ര പ്രവണത ദൃശ്യമായപ്പോൾ ഇന്തോനേഷ്യൻ വിപണിയിൽ മാന്ദ്യമാണ് അനുഭവപ്പെട്ടത്. ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ ആഭ്യന്തര വിപണികളിൽ നിന്നുള്ള വാരാന്ത്യ കൊപ്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 04.12.2021 | 942 | 954 | 1533 | 1312 |
| 11.12.2021 | 932 | 948 | 1542 | 1312 |
| 18.12.2021 | 936 | 941 | 1563 | 1271 |
| 25.12.2021 | 955 | 949 | 1618 | 1244 |

*കാങ്കയം



ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്.നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ ബേക്കറി ഷെഫ് യു.എ സഗീറാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്.

# പൈനാപ്പിൾ കോക്കനട്ട് ഡ്രിങ്ക്



പൈനാപ്പിൾ ജ്യൂസ് - 180 മില്ലി
തേങ്ങാവെള്ളം - 120 മില്ലി
ഇഞ്ചി നീര് - 1/2 ടീസ്പൂൺ
തേൻ 1 ടീസ്പൂൺ
ചെറുനാരങ്ങ് - 1

### തയാറാക്കുന്ന വിധം

തേങ്ങാവെള്ളം, പൈനാപ്പിൾ ജ്യൂസ്, ഇഞ്ചി നീര് എന്നിവ ഐസ് ക്യൂബ് നിറച്ച കോക്കടെയിൽ ഷേയ്ക്കറിൽ ഒഴിച്ച് നന്നായി കുലുക്കുക. മധുരത്തിന് തേൻ ചേർക്കുക. പൈനാപ്പിൾ ജ്യൂസിന് നല്ല മധുരം ഉണ്ടെങ്കിൽ തേൻ ആവശ്യമില്ല.

ചെറിയ ഗ്ലാസുകളിൽ ഐസ് ക്യൂബുകൾ നിറയ്ക്കുക.ഇതിനു മുകളിൽ കനം കുറച്ച് മുറച്ച ചെറുനാരങ്ങ വച്ച് അലങ്കരിച്ചശേഷം പൈനാപ്പിൾ തേങ്ങാവെള്ളം മിശ്രിതം പകരുക. വേണമെങ്കിൽ അല്പം ചെറുനാരങ്ങ നീരു കൂടി മുകളിൽ ഒഴിക്കാം.

കടപ്പാട്:
FLORA



# നാളികേര വികസന ബോർഡ്


ചെയർമാൻ
ശ്രീ. രാജ്ബീർ സിംഗ് ഐഎഎഫ്എസ്
ഫോൺ : 0484 - 2375216

മുഖ്യ നാളികേര വികസന ഓഫീസർ
ശ്രീ. രാജീവ് ഭൂഷൺ പ്രസാദ് *(ഇൻ ചാർജ്)*
ഫോൺ: 0484 - 2375999

സെക്രട്ടറി
ശ്രീ. ആർ. മധു
ഫോൺ : 0484 - 2377737

Government of India,
Ministry of Agriculture and Farmer's Welfare
P.B. No.1012, Kera Bhavan, SRV Road
(Near SRV High School),
Kochi – 682 011, Kerala, India.
Email : kochi.cdb@gov.in
Website: https://www.coconutboard.gov.in
Office:0484-2376265, 2377267,
PABX : 2377266, 2376553, Fax:91 484-2377902


## മേഖലാ ഓഫീസുകൾ

**കർണ്ണാടകം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്, നാളികേര വികസന ബോർഡ്, ഹുളിമാവ്, ബന്നാർഗട്ട റോഡ് (ഹോർട്ടി കൾച്ചർ ഫാമിനു സമീപം, ഗവൺമെന്റ് ഓഫ് കർണ്ണാടക) ബാംഗ്ലൂർ സൗത്ത് താലൂക്ക്, ബാംഗ്ലൂർ 560 076 കർണ്ണാടക. ഫോൺ : (080) 26593750, 26593743
ഫാക്സ് : 08026594768
E-mail: ro-bnglr@coconutboard.gov.in

**ആസ്സാം**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഹൗസ് ഫെഡ് (6–ാം നില), വയർലസ്സ് ബസ്സിദ റോഡ്, ലാസ്റ്റ് ഗേറ്റ്, ദിസ്പൂർ, ഗുവാഹത്തി – ആസ്സാം. ഫോൺ : (0361) 2220632
ഫാക്സ് : (0361) 2229794
E-mail: ro-guwahati@coconutboard.gov.in

**തമിഴ്നാട്**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
നമ്പർ : 47, ഡോ. രാമസ്വാമി സാലൈ
കെ. കെ. നഗർ, ചെന്നൈ,
600 078, തമിഴ്നാട്. ഫോൺ: (044) 23662684, 23663685 ഫാക്സ് :(044) 22673684,
E-mail: ro-chennai@coconutboard.gov.in

**ബീഹാർ**
ഡയറക്ടർ,
റീജിയണൽ ഓഫീസ്,
നാളികേര വികസന ബോർഡ്,
ഫുൽവാരി റോഡ്, ജഗദേവ് പഥ്,
പാറ്റ്ന – 800 014, ബീഹാർ.
ഫോൺ: 0612 – 2972020
ഫാക്സ് : 0612 – 2272742
E-mail: ro-patna@coconutboard.gov.in

## സ്റ്റേറ്റ് സെന്ററുകൾ

**ആൻഡമാൻ നിക്കോബാർ ദ്വീപുകൾ**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഹൗസ് എംബി നമ്പർ.54, ഗുരുദ്വാര ലെയിൻ, പോസ്റ്റോഫീസിനു സമീപം, ബി.എസ്.എൻ.എൽ. ക്വാർട്ടേഴ്സിന് എതിർവശം, പോർട്ട് ബ്ലെയർ 744 101, സൗത്ത് ആൻഡമാൻ.ഫോൺ: (03192) 233918
E-mail: sc-andaman@coconutboard.gov.in

**ആന്ധ്രാ പ്രദേശ്**
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഡോർ നമ്പർ.No.4-123, രജുല ബസാർ, രാമവാരപ്പാട് പി.ഒ, ന്യൂ സില പരിഷത്ത് ഹൈ സ്കൂൾ, വിജയവാഡ 521108, കൃഷ്ണ ജില്ല, ആന്ധ്രാപ്രദേശ്, ടെലി ഫാക്സ് : 0866 2972723
E-mail: sc-vijayawada@coconutboard.gov.in

**മഹാരാഷ്ട്ര**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്, ഫ്ളാറ്റ് നമ്പർ. 203, 2–ാം നില, യൂകാലിപ്സ് ബിൽഡിംഗ്, ഗോഡ് ബന്തർ റോഡ്, താനെ 400 610. മഹാരാഷ്ട്ര.
ഫോൺ : 02265100106
E-mail: sc-thane@coconutboard.gov.in

**ഒഡീഷ**
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
പിട്ടാപ്പള്ളി, കുമാർബസ്ത പി.ഒ.,
ഖുർദ ജില്ല 752 055 ഒഡീഷ.
ഫോൺ: 8280067723
E-mail: sc-pitapalli@coconutboard.gov.in

**വെസ്റ്റ് ബംഗാൾ**
ഡയറക്ടർ,
സ്റ്റേറ്റ് സെന്റർ, നാളികേര വികസന ബോർഡ്,
DA-94 -സെക്ടർ I, സോൾട്ട് ലേയ്ക്ക് സിറ്റി,
കൊൽക്കത്ത, 700 064.വെസ്റ്റ് ബംഗാൾ
ഫോൺ : (033) 23599674 ഫാക്സ് : (033) 23599674
E-mail: sc-kolkata@coconutboard.gov.in

**മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ**
ഡെപ്യൂട്ടി ഡയറക്ടർ,
മാർക്കറ്റ് ഡെവലപ്മെന്റ് കം ഇൻഫർമേഷൻ സെന്റർ, നാളികേര വികസന ബോർഡ്, 120, ഹർഗോവിന്ദ് എൻക്ലേവ്, ന്യൂഡൽഹി 110 092. ഫോൺ : (011) 22377805
ഫാക്സ് : (011) 22377806
E-mail: mdic-delhi@coconutboard.gov.in

**സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (സി.ഐടി) ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ആന്റ് ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി**
ഡെപ്യൂട്ടി ഡയറക്ടർ, ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, ക്വാളിറ്റി ടെസ്റ്റിംഗ് ലാബോറട്ടറി & സിഐടി,
നാളികേര വികസന ബോർഡ്, കീൻപുരം,
സൗത്ത് വാഴക്കുളം, ആലുവ, എറണാകുളം ജില്ല.
പിൻ 683 105. കേരള. ഫോൺ : (0484) 2679680
E-mail : cit-aluva@coconutboard.gov.in

**ഫീൽഡ് ഓഫീസ്, തിരുവനന്തപുരം**
ഫീൽഡ് ഓഫീസ്,
നാളികേര വികസന ബോർഡ്,
അഗ്രികൾച്ചറൽ അർബൻ, ഹോൾസെയിൽ മാർക്കറ്റ് (വേൾഡ് മാർക്കറ്റ്)
ആനയറ പി.ഒ., തിരുവനന്തപുരം
പിൻ – 695 029 കേരള. ഫോൺ : 0471 2741006
E-mail fo-tvprm@coconutboard.gov.in

## വിത്ത് ഉൽപാദന പ്രദർശന തോട്ടങ്ങൾ

**ആന്ധ്രാപ്രദേശ്** : അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, വേഗിവാഡ, (വില്ലേജ്) പി.ഒ.തടികലപ്പുടി (വഴി), വെസ്റ്റ് ഗോദാവരി (ജില്ല) ആന്ധ്രാപ്രദേശ് – 534 452.
ഫോൺ : 8331869886 ഇ–മെയിൽ : f-vegiwada@coconutboard.gov.in

**ആസ്സാം** : ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, അഭയാപുരി, ബോങ്കായ്ഗോൺ, , ആസ്സാം – 783 384. ഫോൺ : 9957694242,
ഇ–മെയിൽ : f-abhayapuri@coconutboard.gov.in

**കർണ്ണാടക**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ലോക്സാര പി.ഒ., മാൺഡ്യ ജില്ല, കർണ്ണാടക – 571 478. ഫോൺ :08232298015
ഇ–മെയിൽ : f-mandya@coconutboard.gov.in

**കേരള**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, നേര്യമംഗലം, കേരള. പിൻ 686 693.ഫോൺ: (0485) 2554240
ഇ–മെയിൽ : f-neriamangalam@coconutboard.gov.in

**ഒഡീഷ**:ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, പിട്ടാപ്പള്ളി, കുമാരബസ്ത പി.ഒ., ഖുർദ ജില്ല – 752 055, ഒഡീഷ. ഫോൺ : 8280067723
ഇ–മെയിൽ : f-pitapalli@coconutboard.gov.in

**ബീഹാർ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സിംഗേശ്വർ പി.ഒ, പിൻ 852 128, മധേപുര ജില്ല, ബീഹാർ ഫോൺ : (06476) 283015
ഇ–മെയിൽ : f-madhepura@coconutboard.gov.in

**ഛത്തീസ്ഖർ**:അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, കൊണ്ടഗോൺ 494 226, ബാസ്താർ ജില്ല, ഛത്തീസ്ഖർ.
ഫോൺ: (07786) 242443 ഫാക്സ്: (07786) 242443
ഇ–മെയിൽ: f-kondagaon@coconutboard.gov.in

**മഹാരാഷ്ട്ര**: അസി. ഡയറക്ടർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദപോലി വില്ലേജ്, സത്പതി പി.ഒ., പാൽഗാർ ജില്ല, പിൻ – 401405, മഹാരാഷ്ട്ര.
ഫോൺ : (02525) 256090 മൊബൈൽ :07767948448 & 7776940774
ഇ–മെയിൽ : f-palghar@coconutboard.gov.in

**തമിഴ്നാട്**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ദാലി, തിരുമൂർത്തി നഗർ പി.ഒ., ഉദുമൽപെട്ട്,തമിഴ്നാട് – 642 112 ഫോൺ : (04252) 265430
ഇ–മെയിൽ : f-dhali@coconutboard.gov.in


**ത്രിപുര**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, ഹിച്ചാച്ചെറ, സഖ്ബാരി പി.ഒ., ജോലാബാരി വഴി, സാബ്റൂം, സൗത്ത് ത്രിപുര, ത്രിപുര പിൻ :799141 ഇ–മെയിൽ : f-hitchachara@coconutboard.gov.in

**പശ്ചിമ ബംഗാൾ**: ഫാം മാനേജർ, ഡി.എസ്.പി. ഫാം, നാളികേര വികസന ബോർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഫുളിയ ശാഖയ്ക്ക് സമീപം, എൻ.എച്ച് 34, ബെലേമാഥ് പി.ഒ. നദിയ, പശ്ചിമ ബംഗാൾ 741402, ഫോൺ : (03473) 234002
ഇ–മെയിൽ : f-fulia@coconutboard.gov.in

2022 ജനുവരി
പുസ്തകം 13
ലക്കം 01
വില: 4 രൂപ

Registered No: KL/EKM/719/2021-23
Licence No. KL/CR/EKM/WPP-21/2021-23
Licensed to Post Without Prepayment
RNI No. KERMAL/2009/32819

ഇന്ത്യൻ നാളികേര ജേണൽ
Date of Publication - 25/01/2022



5 ലക്ഷം രൂപയുടെ
അപകട ഇൻഷുറൻസ്
വെറും
99 രൂപയ്ക്ക്

ലഭിക്കുന്ന പരിരക്ഷ
- മരണം
- അംഗവൈകല്യം
- അപകടാനുബന്ധ തൊഴിൽ നഷ്ടം
- ചികിത്സാ ചിലവുകൾക്ക് ആശ്വാസം

ആർക്കെല്ലാം
അംഗമാകാം ?
തെങ്ങുകയറ്റ
നാളികേര വിളവെടുപ്പ്
നീര ഉൽപാദന
തൊഴിലാളികൾ
പ്രായപരിധി – 18 – 65

അപേക്ഷാ ഫാറത്തിന്
നാളികേര വികസന ബോർഡിന്റെ വെബ് സൈറ്റ്
www.coconutboard.gov.in സന്ദർശിക്കുക

വരൂ...
കേരസുരക്ഷ ഇൻഷുറൻസ്
പദ്ധതിയിൽ അംഗമാകൂ

നാളികേര വികസന ബോർഡ് സംരംഭം.
പങ്കാളി – ഒറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

തെങ്ങുകയറ്റ തൊഴിലാളികൾക്കും
നാളികേര വിളവെടുപ്പുകാർക്കും
പ്രയോജനകരമായ
അപകട ഇൻഷുറൻസ് പദ്ധതി

മുൻകൂട്ടി ആലോചിക്കൂ
സംരക്ഷണവും സുരക്ഷയും ഉറപ്പാക്കൂ

കൂടുതൽ വിവരങ്ങൾക്ക്
ദയവായി ബന്ധപ്പെടുക
0484 2377266 (എക്സ്റ്റൻഷൻ 255)
നാളികേര വികസന ബോർഡ്,
കേരഭവൻ
എസ് ആർ വി റോഡ്, കൊച്ചി – 11

Printed and published by Mini Mathew, on behalf of Coconut Development Board, Printed at M/s KBPS, Kakkanad, Kochi-30
and published at Coconut Development Board, Govt. of India,
Ministry of Agriculture and Farmer's Welfare, Kera Bhavan, Kochi-11, Editor: Deepthi Nair S.